VOL NO: 07 | ISSUE 05
www.nerpatham.com
mail@nerpatham.com
2023 FEBRUARY 04 | ₹10

# നേർപഥം

വാരിക

# വിശുദ്ധ ക്വുർആനിന്റെ പ്രബോധന ശൈലി

അബദ്ധങ്ങളോ തിരുത്തലുകളോ ഇല്ലാതെ മനുഷ്യസഞ്ചയത്തിന് മുമ്പിൽ നിലനിൽക്കുന്ന ഏക ദൈവികഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. ആശയത്തെപ്പോലെത്തന്നെ അതിന്റെ സംവേദനരീതിയും കിടയറ്റതും അന്യൂനവുമാണ്. മനുഷ്യനെ സൃഷ്ടിച്ച, ആശയ സ്വീകരണത്തിന് മനസ്സിനെ പരുവപ്പെടുത്തിയെടുത്ത സ്രഷ്ടാവ് തന്റെ സൃഷ്ടികൾക്കായി നൽകുന്ന മാർഗനിർദേശങ്ങൾ യുക്തിഭദ്രവും ഇഹപര വിജയത്തിന് നിദാനവുമാണെന്ന് അതിലൂടെ കണ്ണോടിച്ചാൽ ആർക്കും ബോധ്യപ്പെടും.

## കൊച്ചുകുറ്റവാളികൾ പെരുകുന്നുവോ?

|| പലായനത്തിന്റെ മുറിപ്പാട്
|| ദിക്ർ: പ്രാധാന്യവും മഹത്ത്വവും
|| പൊതുപരിസരങ്ങളിലെ മതവേഷങ്ങളും യൂണിഫോമും




2023 ജനുവരി 21
1444 ജുമാദുൽ ഉഖ്റാ 27
പുസ്തകം 07 / ലക്കം 03



സി ബി എസ് ഇ പഠനത്തോടൊപ്പം ധാർമികാന്തരീക്ഷത്തിൽ താമസിച്ച് പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്

Enrol Now!

GreenHome
RESIDENTIAL CAMPUS

സവിശേഷ പഠന മേഖലകൾ:

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ക്വുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

CONTACT US
+91 9605 146 000
+91 9061 716 600

For Boys Grade 5 to 8
For Girls Grade 6 & 7

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

0315
# നേർപഥം
വാരിക

2023 ഫെബ്രുവരി 04
1444 റജബ് 12
പുസ്തകം 07 / ലക്കം 05




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്‌റ്റോറി
10
## വിശുദ്ധ ക്വുർആനിന്റെ പ്രബോധന ശൈലി
ഉസ്മാൻ പാലക്കാഴി

05
മുഖമൊഴി
കൊച്ചുകുറ്റവാളികൾ പെരുകുന്നുവോ?

ലേഖനം
06
ദിക്റിന്റെ വ്യത്യസ്ത രൂപങ്ങൾ
ശമീർ മദീനി

ലേഖനം
24
അദൃശ്യജ്ഞാനവും ഖലീഫമാരും ജിഫ്രി തങ്ങളുടെ ഹദീസ് ദുർവ്യാഖ്യാനവും
മൂസ സ്വലാഹി കാര

പാചകപഥം
09
കേരള സ്‌റ്റൈൽ ചിക്കൻ കറി
സലീന ബിൻത് മുഹമ്മദലി

ലേഖനം
26
പൊതുപരിസരങ്ങളിലെ മതവേഷങ്ങളും യൂണിഫോമും
സുഫ്‌യാൻ അബ്ദുസ്സലാം

ക്വുർആൻ ദർശനം
16
സൂറ: അശ്ശൂറാ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
31
ആകസ്മിക മരണങ്ങൾ അധികരിക്കുന്നത് എന്തുകൊണ്ട്?
ഡോ. ടി. കെ യൂസുഫ്

ലേഖനം
18
പലായനത്തിന്റെ മുറിപ്പാട്
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ബാലപഥം
34
പൊഴിയുന്ന പുണ്യങ്ങൾ
ഷാസിയ നസ്‌ലി
വിവ: ഇബ്നുഅലി എടത്തനാട്ടുകര



# 'പ്രൊഫഷണലുകളിൽ അന്ധവിശ്വാസം വളരുന്നത് ഗുരുതരം'

## 'പ്രൊഫെയ്സ് ' ദ്വിദിന ഫാമിലി കോൺഫറൻസ് സമാപിച്ചു

കുറ്റിപ്പുറം: ബൗദ്ധികമായി ഏറെ വളർന്നിട്ടും ആത്മീയ ചൂഷണങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും വിദ്യാസമ്പന്നരായ പ്രൊഫഷണലുകൾ വിധേയപ്പെടുന്നത് ഏറെ ഗുരുതരമാണെന്ന് വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സമിതി സംഘടിപ്പിച്ച പ്രൊഫെയ്സ് ദ്വിദിന പ്രൊഫഷണൽസ് ഫാമിലി കോൺഫറൻസ് അഭിപ്രായപ്പെട്ടു.

സ്വാശ്രയ കോളേജുകളടക്കം ഉയർന്ന വിദ്യാലയങ്ങളിൽനിന്ന് ഉയർന്ന സാമ്പത്തിക ബാധ്യതയോടെ പഠിച്ചിറങ്ങിയ പ്രൊഫഷണലുകളായ ഉദ്യോഗാർഥികളിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. പ്രൊഫഷണൽ വിദ്യാലയങ്ങളിലെ നിലവാരമില്ലായ്മയും സംസ്ഥാനത്ത് തൊഴിലവസരങ്ങൾ വിരളമായതുമാണ് അതിന് കാരണമായി പറയുന്നത്. യുവാക്കളിൽ തൊഴിൽ നൈപുണ്യം വർധിപ്പിച്ച് അതിന് പരിഹാരം കാണാൻ അധികാരികൾ തയ്യാറാകണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

നവലിബറൽ വാദങ്ങൾ നൂറ്റാണ്ടുകൾകൊണ്ട് നാം കരഗതമാക്കിയ നവോത്ഥാന മുന്നേറ്റങ്ങളിൽനിന്ന് പിന്നോട്ട് വലിക്കുന്നതാണെന്ന് മുഖ്യാതിഥിയായി സംസാരിച്ച പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. പ്രസ്താവിച്ചു. മതനിരാസ പ്രവർത്തനങ്ങളിലേക്ക് സമൂഹത്തെയും യുവത്വത്തെയും നയിക്കാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളിലാണ് കേന്ദ്ര,സംസ്ഥാന സർക്കാറുകൾ. ധാർമിക മൂല്യങ്ങൾ മുറുകെ പിടിച്ച് മുന്നോട്ട് പോകാനുള്ള ഉത്തരവാദിത്തം പ്രൊഫഷണൽസ് ഉൾപ്പെടെയുള്ള സമൂഹത്തിന്റെ നാനാവിഭാഗം ജനങ്ങൾക്കുമുണ്ടെന്നും അദ്ദേഹം ഓർമപ്പെടുത്തി.

സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്തീഫ് മദനി ഉദ്ഘാടനം ചെയ്തു. സെയ്ത് പട്ടേൽ (മുംബൈ) മുഖ്യപ്രഭാഷണം നടത്തി. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി, ജംഷീർ സ്വലാഹി, ഡോ. മുഹമ്മദ് മുബഷിർ, ആദിൽ അബ്ദുൽ ഫത്താഹ് എന്നിവർ വിഷയാവതരണം നടത്തി.

'ലിബറലിസം ഒരു പോസ്റ്റ് മാർട്ടം' സെഷനിൽ ഷംജാസ് കെ അബ്ബാസ് വിഷയാവതരണം നടത്തി. ഇന്ററാക്ഷൻ സെഷനിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ്, പീസ് റേഡിയോ സി.ഇ.ഒ. പ്രൊഫ. ഹാരിസ് ബിൻ സലീം, ഫൈസൽ മൗലവി പുതുപ്പറമ്പ്, സാദിഖ് മദീനി, ഡോ. ജൗഹർ മുനവ്വർ, ടി.കെ. നിഷാദ് സലഫി, ഉനൈസ് സ്വലാഹി, എ.പി. മുനവ്വർ സ്വലാഹി തുടങ്ങിയവർ സംസാരിച്ചു. കെ.സി. ഹാരിസ് മദനി കായക്കൊടി സമാപന പ്രഭാഷണം നടത്തി.

നഴ്സറി വിദ്യാർഥികൾക്കായുള്ള 'സ്വീറ്റ് ബഡ്സി'ന് റസീൽ പി.യു, മുഹമ്മദലി നെടുവഞ്ചേരി എന്നിവരും, പ്രൈമറി വിദ്യാർഥികൾക്കായുള്ള 'ബട്ടർ ഫ്ളൈസി'ൽ അഷ്കർ ഇബ്രാഹീം, മുസ്തഫ മദനി, വി.ടി. അബ്ദുൽ സലാം, മൻസൂർ സ്വലാഹി, പി.കെ. അംജദ് മദനി, എം.കെ. ഇർഫാൻ സ്വലാഹി എന്നിവരും, യു.പി. വിഭാഗം വിദ്യാർഥികൾക്കായുള്ള 'ലിറ്റിൽ വിങ്സി'ൽ വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന സെക്രട്ടറി ഷമീൽ മഞ്ചേരി, അസ്ഹർ ചാലിശ്ശേരി, ശരീഫ് കാര, ശഫീഖ് സ്വലാഹി എന്നിവരും, ടീനേജ് വിദ്യാർഥികൾക്കായുള്ള 'ടീൻസ് സ്പെയ്സി'ൽ വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി താനൂർ, ഡോ. സി.പി. അബ്ദുല്ല ബാസിൽ, സി. മുഹമ്മദ് അജ്മൽ എന്നിവരും നേതൃത്വം നൽകി. അഞ്ച് വേദികളിലായി നടന്ന സമ്മേളനത്തിൽ സംസ്ഥാനത്തിനകത്തും പുറത്തും നിന്നുമുള്ള മൂവായിരത്തോളം പ്രതിനിധികൾ പങ്കെടുത്തു.

# കൊച്ചുകുറ്റവാളികൾ പെരുകുന്നുവോ?

കുട്ടിക്കുറ്റവാളികളുടെ എണ്ണം നാൾക്കുനാൾ വർധിച്ചുകൊണ്ടിരിക്കുകയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ചെറുതും വലുതുമായ കുറ്റങ്ങൾ ഇതിൽ പെടുന്നു. പതിനെട്ടു വയസ്സിൽ താഴെയുള്ള, കുറ്റവാസനയുള്ള കുട്ടികളെയാണ് ബാലകുറ്റവാളികൾ എന്നു വിശേഷിപ്പിക്കുന്നത്. മോഷണം, പിടിച്ചുപറി, ബലാൽസംഗം, കൊലപാതകം മുതലായ എല്ലാ കുറ്റകൃത്യങ്ങളും ഈ വിഭാഗത്തിൽ പെടുന്നവർ ചെയ്യുന്നുണ്ട്. അമേരിക്കയിൽ ഓരോ വർഷവും ഇത്തരം പത്തുലക്ഷത്തിൽപരം കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കപ്പെടുന്നുണ്ടെന്നാണ് ഔദ്യോഗിക കണക്ക്. അവിടെ കുറ്റകൃത്യങ്ങൾക്ക് അറസ്റ്റ് ചെയ്യപ്പെടുന്നവരിൽ 45 ശതമാനവും ഈ വിഭാഗത്തിൽ പെടുന്നവരാണ് എന്നത് ഞെട്ടിപ്പിക്കുന്നൊരു യാഥാർഥ്യമാണ്. പൊതുയിടങ്ങളിലും സ്കൂളുകളിലും ചെന്ന് തുരുതുരാ വെടിവെച്ച് മുതിർന്നവരെയും കുട്ടികളെയും കൊല്ലുന്ന കാര്യത്തിൽ അമേരിക്കയിലെ കുട്ടികൾ മുൻപന്തിയിലാണ്.

കുട്ടികളെ കുറ്റവാസനയിലേക്ക് നയിക്കുന്ന കാരണങ്ങൾ പലതാണ്. അവയിൽ പ്രധാനമായത് തെറ്റായ ലൈംഗിക ധാരണകൾ, അനാരോഗ്യകരമായ കുടുംബബന്ധം, കുറ്റവാസനകൾ ഉണ്ടാക്കുന്ന സാമൂഹ്യാന്തരീക്ഷം, കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്ന സംഭവങ്ങൾ പോലുള്ളവയാണ്.

ചില കുട്ടിക്കുറ്റവാളികൾ തലച്ചോറിനുണ്ടായിട്ടുള്ള തകരാറുകൾ മൂലമാണ് അപ്രകാരം ആയിത്തീരുന്നത്. ഇക്കൂട്ടർക്ക് കുറ്റകൃത്യങ്ങളിൽനിന്ന് അകന്ന് നിൽക്കാനുള്ള സ്വാഭാവികമായ കഴിവു നഷ്ടപ്പെടുന്നു. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളും കുറ്റകൃത്യങ്ങൾ ചെയ്യാറുണ്ട്. തങ്ങൾ ചെയ്യുന്ന പ്രവൃത്തികളുടെ ഭവിഷ്യത്തുക്കളെ കുറിച്ച് ശരിയായ ധാരണയില്ലാത്തതിനാലാണ് ഇക്കൂട്ടർ കുറ്റകൃത്യങ്ങൾ ചെയ്യുന്നത്.

സമൂഹത്തിൽ നിന്നുള്ള അകൽച്ച, നിരാശ തുടങ്ങിയ കാരണങ്ങളാലും കുറ്റവാസന ഉടലെടുക്കാറുണ്ട്. വ്യക്തിപരമായ ബുദ്ധിമുട്ടുകളിൽ നിന്നുമായിരിക്കും ചില കുറ്റങ്ങൾ ചെയ്യാനുള്ള പ്രേരണ ലഭിക്കുന്നത്. മാനസിക തകരാറുകൊണ്ട് കുറ്റം ചെയ്യുന്നവരും ധാരാളമുണ്ട്.

അനാരോഗ്യകരമായ കുടുംബാന്തരീക്ഷത്തിൽ വളരുന്ന കുട്ടികളിൽ കുറ്റവാസന കൂടുതൽ കണ്ടേക്കാം. തെറ്റിപ്പിരിഞ്ഞ രക്ഷിതാക്കളോടൊപ്പം മാറിമാറി താമസിക്കുന്ന കുട്ടികളിൽ കുറ്റവാസന വളരെ കൂടുതലാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പതിവായി വഴക്കിടുന്ന രക്ഷാകർത്താക്കൾ കുടുംബത്തിൽ ആരോഗ്യകരമായ അന്തരീക്ഷം നശിപ്പിക്കുന്നവരാണ്. അത് കുട്ടികളെ നിരാശയിലേക്കും ക്രമേണ കുറ്റകൃത്യങ്ങളിലേക്കും നയിച്ചേക്കാം. കുട്ടികളോടുള്ള സമീപനത്തിൽ വിവേചനം കാണിക്കുക, കുട്ടികളിൽ താൽപര്യമില്ലെന്നു തോന്നിക്കുക, അവരെ പരിഗണിക്കാതിരിക്കുക മുതലായവ കുട്ടികളെ കുറ്റവാസനയിലേക്ക് നയിക്കുന്ന കാര്യങ്ങളാണ്. മദ്യപരും സാമൂഹ്യവിരുദ്ധരുമായ പിതാക്കൾ കുട്ടികളിൽ കുറ്റവാസന വളർത്തുന്നതിനുള്ള സാഹചര്യം സ്വാഭാവികമായി സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

കുട്ടികൾക്ക് വേണ്ട നിർദേശങ്ങളും ഉപദേശങ്ങളും യഥാവസരം നൽകുന്നതിൽ പല രക്ഷിതാക്കളും പരാജയപ്പെടുന്നു. ആദ്യം നന്നാവേണ്ടത് രക്ഷിതാക്കളും വീട്ടിലെ മുതിർന്നവരുമാണ്. അല്ലാതെയുള്ള ഒരു ഉപദേശവും കുട്ടികൾ ചെവിക്കൊള്ളില്ല. നന്മയും തിന്മയും, തെറ്റും ശരിയും, പാപവും പുണ്യവുമെന്തെന്ന് മക്കളെ പഠിപ്പിക്കണം. മത വിദ്യാഭ്യാസം നിർബന്ധമായും നൽകണം. മതപഠനം മൂന്നോ നാലോ വർഷംകൊണ്ട് അവസാനിപ്പിക്കുന്ന ഒന്നായിക്കൂടാ. ആത്മാർഥമായ സ്നേഹവും പരിഗണനയും നൽകി മതബോധത്തോടെ മക്കളെ വളർത്തിയാൽ, അവർ നല്ലവരായി വളരുവാൻ നിരന്തരം പ്രാർഥിച്ചാൽ സദ്ഫലം കാണാതിരിക്കില്ല.



2

# ദിക്റിന്റെ വ്യത്യസ്ത രൂപങ്ങൾ

**ശമീർ മദീനി**
: 9048 221 212

‘ദിക്റ്’ എന്നത് കേവലം നാവു കൊണ്ട് ഉച്ചരിക്കുന്ന മന്ത്രങ്ങളും കീർത്തനങ്ങളും മാത്രമല്ല. ഇബ്നുൽ ക്വയ്യിം(റഹി) പറയുന്നു: “അല്ലാഹുവിന്റെ മഹത്ത്വപൂർണമായ നാമങ്ങളും അത്യുന്നതങ്ങളായ വിശേഷണങ്ങളും ഓർക്കുകയും അവന്റെ ഔന്നത്യത്തിനും വിശുദ്ധിക്കും ചേരാത്ത കാര്യങ്ങളിൽനിന്ന് അവനെ പരിശുദ്ധപ്പെടുത്തലും അവന്റെ വിശുദ്ധിയെ വാഴ്ത്തലുമാണ് ദിക്റിന്റെ ഒരു ഇനം.

‘സുബ്ഹാനല്ലാഹ്!’ (അല്ലാഹു എത്രയോ പരിശുദ്ധൻ!), ‘അൽഹംദുലില്ലാഹ്!’ (അല്ലാഹുവിന്നാകുന്നു സർവസ്തുതിയും!), ‘ലാ ഇലാഹ ഇല്ലല്ലാഹു!’ (അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല), ‘അല്ലാഹു അക്ബർ!’ (അല്ലാഹുവാകുന്നു ഏറ്റവും വലിയവൻ!), ‘സുബ്ഹാനല്ലാഹി വബിഹംദിഹി സുബ്ഹാനല്ലാഹിൽ അദ്വീം’, ‘ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ’ മുതലായ കീർത്തനങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്.

ഈ ഇനത്തിൽ ഏറ്റവും ശ്രേഷ്ഠവും അല്ലാഹുവിനെ വാഴ്ത്തുവാൻ ഏറ്റവും ആശയസമ്പുഷ്ടവും കൂടുതൽ അർഥവ്യാപ്തിയുള്ളതും താഴെ പറയുന്നതുപോലുള്ള ദിക്റുകളാണ്: ‘അല്ലാഹുവിന്റെ സൃഷ്ടികളുടെ എണ്ണത്തിന്റെയത്ര ഞാൻ അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു’ എന്ന ദിക്റ് കേവലം ‘സുബ്ഹാനല്ലാഹ്’ എന്ന് പറയുന്നതിനെക്കാൾ എത്രയോ ശ്രേഷ്ഠമാണ്.

‘അല്ലാഹു വാനലോകത്ത് സൃഷ്ടിച്ചിട്ടുള്ള സൃഷ്ടികളുടെ എണ്ണത്തിന്റെയത്ര ഞാൻ അവനെ സ്തുതിക്കുന്നു, ഭൂമിയിൽ അവൻ സൃഷ്ടിച്ച എണ്ണത്തിന്റെ അത്രയും ആകാശഭൂമികൾക്കിടയിൽ അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ എണ്ണത്തിന്റെ അത്രയും അതിനു പുറമെയുള്ള അവന്റെ സൃഷ്ടികളുടെ എണ്ണത്തിന്റെ അത്രയും ഞാൻ അവനെ സ്തുതിക്കുന്നു’ എന്ന് പറയുന്നത് കേവലം ‘അൽഹംദുലില്ലാഹ്’ എന്നു പറഞ്ഞ് അവനെ സ്തുതിക്കുന്നതിനെക്കാൾ വളരെയേറെ മഹത്തരമാണ്” (അൽവാബിലുസ്സ്വയ്യിബ്).

ഇത്രയും വിശാലമായ ഒരു എണ്ണവും ആശയതലവും മനുഷ്യന്റെ പരിമിതമായ ചിന്തയിലും ബുദ്ധിയിലും വരികയില്ല. ശേഷം ഇബ്നുൽ ക്വയ്യിം(റഹി) തുടരുന്നു: “രണ്ടാമത്തെ ഒരു ഇനം അല്ലാ

ഹുവിന്റെ മഹത്ത്വപൂർണമായ നാമങ്ങളുടെയും വിശേഷണങ്ങളുടെയും തേട്ടമനുസരിച്ച് അവനെ പരിചയപ്പെടുത്തലാണ്. ഉദാഹരണത്തിന്, അല്ലാഹു തന്റെ സർവ സൃഷ്ടികളുടെയും ചെറുതും വലുതുമായ എല്ലാ ശബ്ദങ്ങളും കേൾക്കും. അവയുടെ എല്ലാ വിധ ചലനങ്ങളും അവൻ കാണുന്നുണ്ട്. അവരുടെ യാതൊന്നും അവന് ഗോപ്യമല്ല. ഓരോ സൃഷ്ടിയുടെയും മാതാപിതാക്കൾക്ക് അവയുടെ കുഞ്ഞുങ്ങളോടുള്ളതിനേക്കാൾ കൂടുതൽ സ്നേഹവും കാരുണ്യവും അല്ലാഹുവിനുണ്ട്. ഒരു അടിമയുടെ നിഷ്കളങ്കമായ പശ്ചാത്താപം കാരണം അല്ലാഹു ഏറെ സന്തോഷിക്കും. മരുഭൂമിയിൽ തന്റെ യാത്രാമൃഗം നഷ്ടപ്പെട്ട ശേഷം തിരിച്ചുകിട്ടിയ വ്യക്തിയുടെ സന്തോഷത്തെക്കാൾ കൂടുതൽ. ഇതുപോലുള്ള വിവരണങ്ങളും വിശേഷണങ്ങളും മുഖേന അല്ലാഹുവിനെ പരിചയപ്പെടുത്തുക എന്നതാണ് ദിക്റിന്റെ മേൽസൂചിപ്പിച്ച ഇനം.

> **അല്ലാഹുവും റസൂലും(സ്വ) അല്ലാഹുവിനെ വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്ത വാക്യങ്ങൾ കൊണ്ടുതന്നെ അവനെ വാഴ്ത്തലാണ് ശ്രേഷ്ഠം. അവയിലൊന്നുപോലും നിഷേധിക്കുകയോ ദുർവ്യാഖ്യാനിക്കുകയോ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുകയോ സമന്മാരെ സങ്കൽപിക്കുകയോ ചെയ്യാതെ, അല്ലാഹുവിന്റെ മഹത്ത്വത്തിനും ഔന്നത്യത്തിനും യോജിച്ചവിധത്തിലായിരിക്കണം അവയെല്ലാം നാം മനസ്സിലാക്കേണ്ടത്.**

അല്ലാഹുവും റസൂലും(സ്വ) അല്ലാഹുവിനെ വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്ത വാക്യങ്ങൾ കൊണ്ടുതന്നെ അവനെ വാഴ്ത്തലാണ് ശ്രേഷ്ഠം. അവയിലൊന്നുപോലും നിഷേധിക്കുകയോ ദുർവ്യാഖ്യാനിക്കുകയോ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുകയോ സമന്മാരെ സങ്കൽപിക്കുകയോ ചെയ്യാതെ, അല്ലാഹുവിന്റെ മഹത്ത്വത്തിനും ഔന്നത്യത്തിനും യോജിച്ച വിധത്തിലായിരിക്കണം അവയെല്ലാം നാം മനസ്സിലാക്കേണ്ടത്. ഇതുതന്നെ മൂന്ന് വിധമുണ്ട് 1) ഹംദ് (സ്തുതി കീർത്തനങ്ങൾ). 2) സനാഅ് (വാഴ്ത്തൽ). 3) മജ്ദ് (മഹത്ത്വപ്പെടുത്തൽ). അല്ലാഹുവിനെ സ്തുതിക്കുക എന്ന് പറഞ്ഞാൽ അവന്റെ മഹത്ത്വപൂർണമായ വിശേഷണങ്ങളിലൂടെ അവനെക്കുറിച്ച് പറയുകയും അവനോടുള്ള സ്നേഹവും തൃപ്തിയും പ്രകടിപ്പിക്കുകയും ചെയ്യലാണ്. അതായത്, സ്നേഹമുള്ള മൗനിയായ ഒരു മനുഷ്യൻ അല്ലാഹുവിനെ സ്തുതിച്ചവനാവുകയില്ല. അപ്രകാരം തന്നെ സ്നേഹമില്ലാതെയുള്ള പ്രശംസയും വാഴ്ത്തലും സ്തുതിക്കലല്ല. പ്രത്യുത സ്നേഹവും വാഴ്ത്തലും ഒരുപോലെ ഒത്തുചേരുമ്പോൾ മാത്രമാണ് ഹംദ് (അഥവാ സ്തുതി കീർത്തനം) സാർഥകമാകുന്നത്. സ്തുതിക്കുവാനുള്ള കാരണങ്ങൾ ഒന്നിന് പുറകെ മറ്റൊന്നായി ആവർത്തിച്ചു പറയുന്നുണ്ടെങ്കിൽ അത് 'സനാഅ്' അഥവാ പുകഴ്ത്തലാണ്. എന്നാൽ അല്ലാഹുവിന്റെ മഹത്ത്വവും ഔന്നത്യവും ഗാംഭീര്യവും ആധിപത്യവും അറിയിക്കുന്ന വിശേഷണങ്ങളിലൂടെയാണ് അവനെ പ്രകീർത്തിക്കുന്നതെങ്കിൽ അത് 'മജ്ദ്' അഥവാ മഹത്ത്വപ്പെടുത്തലാണ്. ഈ മൂന്ന് ഇനവും അല്ലാഹു സൂറതുൽഫാതിഹയുടെ ആദ്യത്തിൽ തന്നെ ഒരുമിച്ചു പറഞ്ഞിട്ടുണ്ട്.

"ഒരു അടിമ 'അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ' (സർവ സ്തുതിയും സർവലോക രക്ഷിതാവായ അല്ലാഹുവിന്നാകുന്നു) എന്ന് പറഞ്ഞാൽ അല്ലാഹു ഇപ്രകാരം പറയും: 'എന്റെ അടിമ എന്നെ സ്തുതിച്ചിരിക്കുന്നു.' ഇനി 'അർറഹ്മാനിർറഹീം' (പരമകാരുണികനും കരുണാനിധിയുമായവൻ) എന്ന് പറഞ്ഞാൽ അല്ലാഹു പറയും: 'എന്റെ ദാസൻ എന്നെ പുകഴ്ത്തി(സനാഅ്)യിരിക്കുന്നു. ശേഷം 'മാലികിയൗമിദ്ദീൻ (പ്രതിഫലദിവസത്തിന്റെ ഉടമസ്ഥൻ) എന്ന് പറയുമ്പോൾ അല്ലാഹു പറയും: 'എന്റെ അടിമ എന്നെ മഹത്ത്വ(മജ്ദ്)പ്പെടുത്തിയിരിക്കുന്നു എന്ന് പറയും" എന്നാണ് ഒരു ക്വുദ്സിയായ ഹദീസിലൂടെ നബി(സ്വ) നമ്മെ പഠിപ്പിച്ചത്. (മുസ്ലിം, അബൂദാവൂദ്, തിർമുദി, നസാഈ മുതലായവർ ഉദ്ധരിച്ചത്).

ദിക്റിന്റെ മറ്റൊരു ഇനം അല്ലാഹുവിന്റെ കൽപനകളും വിലക്കുകളും നിയമങ്ങളും ഓർക്കലാണ്. ഇത് രണ്ടുവിധത്തിലുണ്ട്. ഒന്ന്, അല്ലാഹു ഇന്നതൊക്കെ കൽപിച്ചിരിക്കുന്നു, ഇന്നതെല്ലാം വിലക്കിയിരിക്കുന്നു, ഇന്നാലിന്ന കാര്യങ്ങളൊ

> **മതം നിർബന്ധമോ ഐച്ഛികമോ ആക്കിയ പുണ്യകർമങ്ങൾ വിട്ടുപോകാതെ പിന്തുടരുന്നതിനും 'ദിക്റുല്ലാഹ്' എന്ന് പറയാറുണ്ട്. അതായത് ക്വുർആൻ പാരായണം, ഹദീസ് വായന, അറിവ് അഭ്യസിക്കൽ, ഐച്ഛിക നമസ്കാരങ്ങൾ നിർവഹിക്കൽ മുതലായ കാര്യങ്ങൾക്ക് 'ദിക്റ്' എന്ന് പറയും നാവുകൊണ്ട് ദിക്റ് ഉരുവിടുമ്പോൾ ഹൃദയത്തിന്റെ ദിക്റും കൂടി ചേർന്നുവന്നാൽ അത് ഏറ്റവും പൂർണതയുള്ളതാകും. അതോടൊപ്പം അതിന്റെ അർഥവും ആശയവും ഓർത്തുകൊണ്ടും അതിലടങ്ങിയിട്ടുള്ള, റബ്ബിനെ മഹത്ത്വപ്പെടുത്തലും ന്യൂനതകൾ നിരാകരിക്കലും എല്ലാം ചേർന്നുവന്നാൽ പൂർണത ഒന്നുകൂടി അധികരിക്കും"**

ക്കെ അവന് ഇഷ്ടമാണ്, ഇന്നതൊക്കെ അവന് ഇഷ്ടമില്ല; വെറുപ്പാണ് എന്നിങ്ങനെ അല്ലാഹുവിൽനിന്നുള്ള അറിയിപ്പുകൾ പറയലാണ്. രണ്ടാമത്തേത്, അവൻ കൽപിച്ച കാര്യങ്ങൾ അതിന്റെ സന്ദർഭങ്ങളിൽ ഓർക്കുകയും അത് പ്രയോഗവത്കരിക്കാൻ ധൃതിപ്പെടലുമാണ്. അവൻ വിലക്കിയ കാര്യങ്ങൾ ഓർക്കുകയും അവയിൽനിന്ന് വിട്ടകന്ന് നിൽക്കലുമാണ്. അതായത്, അല്ലാഹുവിന്റെ വിധിവിലക്കുകൾ ഓർക്കൽ ഒന്നാണെങ്കിൽ അവയുടെ ഓരോ സന്ദർഭങ്ങളിലും അവനെ ഓർക്കൽ മറ്റൊന്നാണ്. ഒരാളുടെ മനസ്സിൽ ഇവയൊക്കെ സംഗമിക്കുകയാണെങ്കിൽ നിശ്ചയം അയാളുടെ ഈ 'ദിക്റ്' ഏറ്റവും ശ്രേഷ്ഠവും മഹത്ത്വപൂർണവുമായിരിക്കും.

പ്രസ്തുത ദിക്ർ ഏറ്റവും വലിയ ജ്ഞാനത്തിൽ (ഫിക്വ്ഹുൽ അക്ബർ) പെട്ടതാണ്. മറ്റുള്ളതെല്ലാം നിയ്യത്ത് നല്ലതാണെങ്കിൽ ശ്രേഷ്ഠകരമായ കീർത്തനങ്ങൾ (അഫ്ദലുൽ ദിക്റ്) ആണ് താനും. അല്ലാഹുവിനുള്ള ദിക്റിന്റെ ഭാഗമാണ് അവൻ നമുക്ക് ചെയ്ത അനുഗ്രഹങ്ങളെയും നന്മകളെയും സഹായങ്ങളെയും കുറിച്ചുള്ള ഓർമകൾ. അവന്റെ അനുഗ്രഹങ്ങളും ഔദാര്യങ്ങളും നന്മകളും എത്രയെത്രയാണ് നമുക്ക് ചൊരിഞ്ഞുതന്നിട്ടുള്ളത്! ഈ സ്മരണയും മനോഹരമായ ദിക്റുകളിൽപെട്ടതാണ്. ദിക്റിന്റെ അഞ്ച് ഇനങ്ങളാണ് മേൽപറഞ്ഞത്. അവ ചിലപ്പോൾ ഹൃദയംകൊണ്ടും നാവുകൊണ്ടും ഉണ്ടാകും. അതാണ് ശ്രേഷ്ഠമായ ദിക്റ്. മറ്റു ചിലപ്പോൾ ഹൃദയംകൊണ്ടു മാത്രമായിരിക്കും അതുണ്ടാവുക. അതിന് രണ്ടാം സ്ഥാനമാണുള്ളത്. മറ്റു ചിലപ്പോൾ നാവുകൊണ്ട് മാത്രമായിരിക്കും; അതിനാകട്ടെ മൂന്നാം സ്ഥാനമാണുള്ളത്. അഥവാ ഏറ്റവും ശ്രേഷ്ഠമായ ദിക്റ് നാവും ഹൃദയവും ഒരുമിച്ച് വരുന്ന കീർത്തനങ്ങളും സ്മരണകളുമാണ്" (അൽവാബിലുസ്സ്വയ്യിബ്). ഈ സ്ഥാന വ്യത്യാസങ്ങൾക്കുള്ള കാരണവും ശേഷം ഇബ്നുൽ ക്വയ്യിം (റഹി) വിശദീകരിക്കുന്നുണ്ട്. "കാരണം ഹൃദയത്തിന്റെ ദിക്റ് അറിവ് പ്രദാനം ചെയ്യുന്നുണ്ട്. അത് സ്നേഹത്തെ ഉത്തേജിപ്പിക്കുകയും ലജ്ജയെ പ്രചോദിപ്പിക്കുകയും ചെയ്യും. പടച്ചവനെക്കുറിച്ചുള്ള ഭയവും അവന്റെ നിരീക്ഷണത്തെക്കുറിച്ചുള്ള ജാഗ്രതയും വന്നുപോയ വീഴ്ചകളെക്കുറിച്ചുള്ള കുറ്റബോധവുമൊക്കെ ഉണ്ടാകും. എന്നാൽ കേവലം നാവുകൊണ്ടു മാത്രമുള്ള ദിക്റുകളിൽ ഇവയൊന്നും ഉണ്ടാകുന്നില്ല. അഥവാ അതിന്റെ ഫലങ്ങൾ ദുർബലമാണ്" (അൽവാബിലുസ്സ്വയ്യിബ്). നാം അനുഷ്ഠിക്കുന്ന ഏത് നന്മയിലും ദിക്റിന്റെ ഒരു വിഹിതമുണ്ട്. നമ്മുടെ ഓരോ അവയവത്തിനും അതിൽ പങ്കുണ്ട് താനും. വിശ്വാസികൾ സദാസമയത്തും ദിക്റിൽ ആയിരിക്കുമെന്നാണ് ക്വുർആൻ ഉണർത്തിയത്: "നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും അല്ലാഹുവെ ഓർമിക്കുകയും, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെപറ്റി ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ! നീ നിരർഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിക്കണേ" (3:191).

ദിക്റ് എന്നത് കേവലം നാവുകൊണ്ട് ഉരുവിടുന്നത് മാത്രമല്ല എന്നാണ് അല്ലാമാ ഇബ്നുൽ ക്വയ്യിം (റഹി) വിശദീകരിച്ചത്. ഹാഫിദ് ഇബ്നു ഹജറിൽ അസ്ക്വലാനി(റഹി)യും ഇതേ ആശയം വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: "മതം നിർബന്ധമോ ഐച്ഛികമോ ആക്കിയ പുണ്യകർമങ്ങൾ വിട്ടുപോകാതെ പിന്തുടരുന്നതിനും 'ദിക്റുല്ലാഹ്' എന്ന് പറയാറുണ്ട്. അതായത് ക്വുർആൻ പാരായണം, ഹദീസ് വായന, അറിവ് അഭ്യസിക്കൽ, ഐച്ഛിക നമസ്കാരങ്ങൾ നിർവഹിക്കൽ മുതലായ കാര്യങ്ങൾക്ക് 'ദിക്റ്' എന്ന് പറയും. ദിക്റ് ചിലപ്പോൾ നാവുകൊണ്ട് ഉണ്ടാകും. അത് ഉരുവിടുന്ന ആൾക്ക് പ്രതിഫലവുമുണ്ട്. അതിന്റെ ആശയം ഗ്രഹിക്കലും ഓർക്കലും അതിന് നിബന്ധനയല്ല. എന്നാൽ അതിന്റേതല്ലാത്ത തെറ്റായ അർഥവും ആശയവും അതിലൂടെ ഉദ്ദേശിക്കപ്പെടാൻ പാടില്ലായെന്നത് അടിസ്ഥാനകാര്യമാണ് താനും. നാവുകൊണ്ട് ദിക്റ് ഉരുവിടുമ്പോൾ ഹൃദയത്തിന്റെ ദിക്റും കൂടി ചേർന്നുവന്നാൽ അത് ഏറ്റവും പൂർണതയുള്ളതാകും. അതോടൊപ്പം അതിന്റെ അർഥവും ആശയവും ഓർത്തുകൊണ്ടും അതിലടങ്ങിയിട്ടുള്ള, റബ്ബിനെ മഹത്ത്വപ്പെടുത്തലും ന്യൂനതകൾ നിരാകരിക്കലും എല്ലാം ചേർന്നുവന്നാൽ പൂർണത ഒന്നുകൂടി അധികരിക്കും" (ഫത്ഹു

ൽബാരി വാ:11, പേ: 209). ശേഷം അദ്ദേഹം ഫഖ്റുദ്ദീനു റാസി(റഹി)യെ ഉദ്ധരിച്ചുകൊണ്ട് പറയുന്നു: "നാവുകൊണ്ടുള്ള ദിക്റ് എന്നതുകൊണ്ട് വിവക്ഷിക്കുന്നത്, തസ്ബീഹിന്റെയും (പരിശുദ്ധിയെ വാഴ്ത്തൽ) തഹ്മീദിന്റെയും (സ്തുതി കീർത്തനങ്ങൾ) തംജീദിന്റെയും (മഹത്ത്വത്തെ പ്രകീർത്തിക്കൽ) പദങ്ങൾ പറയലാണ്.

ഹൃദയം കൊണ്ടുള്ള ദിക്റ് എന്നതുകൊണ്ട് അർഥമാക്കുന്നത് അല്ലാഹുവിന്റെ അസ്തിത്വത്തെയും വിശേഷണങ്ങളെയും കുറിക്കുന്ന തെളിവുകളെ കുറിച്ചുള്ള ചിന്തയും വിധിവിലക്കുകളെ അറിയിക്കുന്ന തെളിവുകളെ പറ്റിയുള്ള ചിന്തയും ആലോചനയും അതുവഴി മതനിയമങ്ങളുടെ വിധികളും ന്യായങ്ങളും യുക്തിരഹസ്യങ്ങളും അല്ലാഹുവിൻറെ സൃഷ്ടികളിലെ രഹസ്യങ്ങളുമൊക്കെ കണ്ടെത്തലുമാണ്. അവയവങ്ങൾ കൊണ്ടുള്ള ദിക്റ് എന്ന് പറഞ്ഞാൽ അർഥമാക്കുന്നത് അല്ലാഹുവിനുള്ള അനുസരണങ്ങളിലും ആരാധനകളിലും മുഴുകലാണ്. അതിനാലാണ് അല്ലാഹു നമസ്കാരത്തെക്കുറിച്ച് ദിക്റ് എന്ന് പറഞ്ഞത്: "സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് (ദിക്ർ) നിങ്ങൾ വേഗത്തിൽ വരികയും വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ" (62:9). ചില പണ്ഡിതന്മാരിൽനിന്നും ഇപ്രകാരം ഉദ്ധരിച്ചിട്ടുണ്ട്: 'ദിക്റ് ഏഴ് തലങ്ങളിലാണുള്ളത്. കണ്ണുകളുടെ ദിക്റ് കരച്ചിലും കാതുകളുടെത് ശ്രദ്ധിച്ച് കേൾക്കലും നാവിന്റെത് പ്രകീർത്തനങ്ങളും കൈകളുടെത് ദാനവും ശരീരത്തിന്റെത് കരാർപാലനവും ഹൃദയത്തിന്റെത് ഭയവും പ്രതീക്ഷയും ആത്മാവിന്റെത് സമർപ്പണവും സംതൃപ്തിയുമാണ്' (ഫത്ഹുൽ ബാരി 11/209).

പാചകപഥം

# കേരള സ്റ്റൈൽ ചിക്കൻ കറി

സലീന ബിൻത് മുഹമ്മദലി



**ആവശ്യമായവ:**

| | | |
|---|---|---|
| ചിക്കൻ | : | ഒന്നര കിലോ ഗ്രാം. |
| ചിക്കൻ മസാല | : | 1 ടീ സ്പൂൺ. |
| മഞ്ഞൾപൊടി | : | അര ടീ സ്പൂൺ. |
| തൈര് | : | 1 ടേബിൾ സ്പൂൺ. |
| തേങ്ങാപാൽ | : | ഒന്നാം പാൽ അരക്കപ്പ്. |
| | | രണ്ടാം പാൽ ഒരു കപ്പ്. |
| വെളിച്ചെണ്ണ | : | 2 ടേബിൾ സ്പൂൺ. |
| കറിവേപ്പില | : | 2 തണ്ട്. |
| വറ്റൽ മുളക് | : | 6 എണ്ണം. |
| മല്ലിപ്പൊടി | : | 2 ടീ സ്പൂൺ. |
| ഇഞ്ചി | : | ചെറുകഷ്ണം പൊടിയായി അരിഞ്ഞത്. |
| വെളുത്തുള്ളി | : | 16 അല്ലി. |
| കുരുമുളക് പൊടി | : | 1 ടീസ്പൂൺ. |
| പെരുംജീരകം | : | 1 ടീസ്പൂൺ. |
| പട്ട | : | 2 കഷ്ണം. |
| ഗ്രാമ്പു | : | 5 എണ്ണം. |
| ഏലക്ക | : | 3 എണ്ണം. |
| ചെറിയ ജീരകം | : | അര ടീസ്പൂൺ. |
| സവാള | : | 3 എണ്ണം കൊത്തിയരിഞ്ഞത്. |
| പച്ചമുളക് | : | 4 എണ്ണം. |
| തക്കാളി | : | 2 എണ്ണം അരച്ചെടുത്തത്. |

**തയ്യാറാക്കുന്ന വിധം:**

കഴുകിയെടുത്ത ചിക്കനിൽ മഞ്ഞൾപൊടി, ചിക്കൻ മസാല, ഉപ്പ്, തൈര് എന്നിവ ചേർത്ത് നന്നായി പുരട്ടി അര മണിക്കൂർ വെക്കുക. പട്ട, ഗ്രാമ്പു, ഏലക്ക, പെരുംജീരകം, ചെറിയ ജീരകം , വറ്റൽ മുളക്, മല്ലിപ്പൊടി എന്നിവ എണ്ണ ചേർക്കാതെ വറുത്തെടുക്കുക. അതിനു ശേഷം പൊടിക്കുക. ഇതാണ് ഈ കറിയുടെ മസാലക്കൂട്ട്.

ഒരു പാനിൽ എണ്ണ ചൂടാക്കി അതിൽ ഇഞ്ചിയും വെളുത്തുള്ളിയും പച്ചമണം മാറുന്നതുവരെ വഴറ്റുക. ശേഷം, സവാളയും കറിവേപ്പിലയും പച്ചമുളകും ചേർക്കുക. സവാള നന്നായി വഴന്നു കഴിയുമ്പോൾ അര ടീ സ്പൂൺ മഞ്ഞൾപൊടിയും പൊടിച്ചുവച്ചിരിക്കുന്ന മസാലക്കൂട്ടും അരച്ച തക്കാളിയും ചേർക്കുക. ഇതിലേക്ക് ചിക്കൻ കഷ്ണങ്ങൾ ഇട്ട് ആവശ്യത്തിന് ഉപ്പും രണ്ടാം പാലും ചേർത്ത് വേവിക്കുക. ചിക്കൻ മുക്കാലും വെന്തു കഴിയുമ്പോൾ കുരുമുളക് പൊടി ചേർക്കുക. അതിനുശേഷം ഒന്നാം പാൽ ചേർത്ത് ചൂടാകുമ്പോൾ വാങ്ങി വെക്കുക.



# വിശുദ്ധ ക്വുർആനിന്റെ പ്രബോധന ശൈലി

ഉസ്മാൻ പാലക്കാഴി
: 9656292244

**അബദ്ധങ്ങളോ തിരുത്തലുകളോ ഇല്ലാതെ മനുഷ്യസഞ്ചയത്തിന് മുമ്പിൽ നിലനിൽക്കുന്ന ഏക ദൈവികഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. ആശയത്തെപ്പോലെത്തന്നെ അതിന്റെ സംവേദനരീതിയും കിടയറ്റതും അന്യൂനവുമാണ്. മനുഷ്യനെ സൃഷ്ടിച്ച, ആശയ സ്വീകരണത്തിന് മനസ്സിനെ പരുവപ്പെടുത്തിയെടുത്ത സ്രഷ്ടാവ് തന്റെ സൃഷ്ടികൾക്കായി നൽകുന്ന മാർഗനിർദേശങ്ങൾ യുക്തിഭദ്രവും ഇഹപര വിജയത്തിന് നിദാനവുമാണെന്ന് അതിലൂടെ കണ്ണോടിച്ചാൽ ആർക്കും ബോധ്യപ്പെടും.**

മനുഷ്യാരംഭം മുതൽ ഇന്നുവരെയുള്ള ബഹുഭൂരിപക്ഷം മനുഷ്യരും ഏതെങ്കിലും തരത്തിലുള്ള ദൈവവിശ്വാസം വെച്ചുപുലർത്തുന്നവരാണ്. പുറംലോകവുമായി ബന്ധമില്ലാത്ത, വനാന്തരങ്ങളിൽ ജീവിക്കുന്നവർക്കിടയിൽപോലും ഏതെങ്കിലും നിലയിൽ ദൈവവിശ്വാസം നിലനിൽക്കുന്നതായി കാണപ്പെടുന്നു.

മനുഷ്യൻ പ്രകൃത്യാ ബലഹീനനാണ്. പലർക്കും വിധേയപ്പെട്ടുകൊണ്ടാണ് അവൻ ജീവിതം തുടങ്ങുന്നത്. തന്നെക്കാൾ ശക്തിയും കഴിവുമുള്ളവരിൽനിന്ന് അവൻ സദാ സഹായം തേടിക്കൊണ്ടിരിക്കുന്നു. മാതാപിതാക്കൾ, സഹോദരൻമാർ. ഗുരുനാഥൻമാർ തുടങ്ങി പലരിൽനിന്നും. എന്നാൽ പല കാര്യങ്ങളിലും അവർക്ക് പരിമിതികളുണ്ടെന്ന് അവൻ തിരിച്ചറിയുന്നു. അത്തരം സന്ദർഭങ്ങളിൽ അവരല്ലാത്ത മറ്റൊരു ശക്തി തനിക്ക് പിന്തുണയും സംരക്ഷണവും നൽകുന്നതായി അവന് ബോധ്യപ്പെടുന്നു. ഒരു ചെറിയ ജീവിക്കുപോലും ജീവൻ നൽകുവാൻ തനിക്കു കഴിയില്ലെന്ന് അവൻ മനസ്സിലാക്കുന്നു.

സങ്കീർണത നിറഞ്ഞ മനുഷ്യശരീരവും ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ, രാത്രി, പകൽ, സമയം, കര, കാറ്റ്, മഴ തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളുടെ ആസൂത്രിതമായ രൂപകൽപനയും വ്യവസ്ഥാപിതമായ നിയന്ത്രണവും ചിന്തിക്കുന്ന ഏതൊരാളെയും ദൈവത്തിലേക്ക് എത്തിക്കാൻ പര്യാപ്തമാണ്. ദൈവത്തെ അംഗീകരിക്കുന്നവനും അല്ലാത്തവനും പ്രകൃതിയിലൂടെ ദൈവത്തെ അറിയുകയും ദൈവത്തെ ആശ്രയിക്കുകയും ചെയ്യുന്നുണ്ട്.

ഇങ്ങനെ പ്രപഞ്ച നിരീക്ഷണങ്ങളിലൂടെയും പ്രകൃത്യാലുള്ള അനിവാര്യതയായും ദൈവത്തിന്റെ രക്ഷാകർതൃത്വത്തിലുള്ള ഏകത്വ(തൗഹീദുർറുബൂബിയ്യ)ത്തിൽ ജനങ്ങൾ വിശ്വസിച്ചിരുന്നതിനാലും അല്ലാഹുവിലുള്ള വിശ്വാസത്തിനും നരകത്തിൽനിന്നുള്ള മോചനത്തിനും അതുമാത്രം മതിയാകാത്തതിനാലും പ്രവാചകന്മാരുടെയെല്ലാം പ്രബോധനത്തിൽ പ്രഥമസ്ഥാനം ആരാധനയിലുള്ള ഏകത്വ(തൗഹീദുൽ ഉലൂഹിയ്യ)ത്തിനായിരുന്നു. മക്കാമുശ്രിക്കുകൾ അല്ലാഹുവിന്റെ സൃഷ്ടികർതൃത്വത്തിലുള്ള ഏകത്വം അംഗീകരിച്ചിരുന്നു എന്നതിന് ധാരാളം തെളിവുകൾ ക്വുർആനിൽ കാണാം. അല്ലാഹു പറയുന്നു:

"ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും സൂര്യനെയും ചന്ദ്രനെയും കീഴ്പെടുത്തുകയും ചെയ്തത് ആരാണെന്ന് നീ അവരോട് (ബഹുദൈവവിശ്വാസികളോട്) ചോദിക്കുന്നപക്ഷം തീർച്ചയായും അവർ പറയും; അല്ലാഹുവാണെന്ന്. അപ്പോൾ എങ്ങനെയാണ് അവർ (സത്യത്തിൽ



നിന്ന്) തെറ്റിക്കപ്പെടുന്നത്?” (29:61).

“ആകാശത്തുനിന്ന് വെള്ളം ചൊരിയുകയും, ഭൂമി നിർജീവമായി കിടന്നതിനു ശേഷം അതുമൂലം അതിന് ജീവൻ നൽകുകയും ചെയ്തതാരെന്ന് നീ അവരോട് ചോദിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും; അല്ലാഹുവാണെന്ന്. പറയുക: അല്ലാഹുവിന് സ്തുതി! പക്ഷേ, അവരിൽ അധികപേരും ചിന്തിച്ച് മനസ്സിലാക്കുന്നില്ല” (29:63).

അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും സൃഷ്ടികളെ ആരാധിക്കുന്നതിൽ നിന്നും വിട്ടുനിൽക്കണമെന്നുമായിരുന്നു മുഹമ്മദ് നബി (സ)യുടെയും പ്രബോധനത്തിന്റെ കാതൽ. എന്നാൽ സമൂഹം ഇത് സ്വീകരിക്കാൻ തയ്യാറായില്ല. ഏകദൈവാരാധനയെ വിചിത്രമായ ഒന്നായി അവർ കണ്ടു. അവർ പറഞ്ഞതായി ക്വുർആൻ പറയുന്നു: “ഇവൻ പല ദൈവങ്ങളെ ഒരൊറ്റ ദൈവമാക്കിയിരിക്കയാണോ? തീർച്ചയായും ഇത് ഒരത്ഭുതകരമായ കാര്യം തന്നെ” (ക്വുർആൻ 38:5).

നബി(സ) ഈ പ്രബോധനം നിർത്തിവെക്കാനും ബിംബാരാധനയിൽ അവരെ വിട്ടേക്കുന്നതിനും വേണ്ടി കഴിയുന്ന രൂപത്തിലെല്ലാം അവർ ശ്രമിച്ചു. പ്രവാചകനെതിരിൽ പലവിധ ആരോപണങ്ങളും ഉന്നയിച്ചു. സമൂഹത്തിനുമുന്നിൽ അപമാനിക്കുവാൻ ശ്രമിച്ചു.

“അവരിൽനിന്നുതന്നെയുള്ള ഒരു താക്കീതുകാരൻ അവരുടെ അടുത്തു വന്നതിൽ അവർക്ക് ആശ്ചര്യം തോന്നിയിരിക്കുന്നു. സത്യനിഷേധികൾ പറഞ്ഞു: ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരനാകുന്നു” (ക്വുർആൻ 38:4).

മുശ്‌രിക്കുകൾ പ്രീണനത്തിന്റെയും ഭീഷണിയുടെയും മാർഗങ്ങൾ സ്വീകരിച്ചു. പക്ഷേ, നബി(സ) അതിനൊന്നും വഴങ്ങിയില്ല. മുശ്‌രിക്കുക

**മനുഷ്യൻ പ്രകൃത്യാ ബലഹീനനാണ്. പലർക്കും വിധേയപ്പെട്ടുകൊണ്ടാണ് അവൻ ജീവിതം തുടങ്ങുന്നത്. തന്നെക്കാൾ ശക്തിയും കഴിവുമുള്ളവരിൽനിന്ന് അവൻ സദാ സഹായം തേടിക്കൊണ്ടിരിക്കുന്നു. മാതാപിതാക്കൾ, സഹോദരൻമാർ. ഗുരുനാഥൻമാർ തുടങ്ങി പലരിൽനിന്നും. എന്നാൽ പല കാര്യങ്ങളിലും അവർക്ക് പരിമിതികളുണ്ടെന്ന് അവൻ തിരിച്ചറിയുന്നു. അത്തരം സന്ദർഭങ്ങളിൽ അവരല്ലാത്ത മറ്റൊരു ശക്തി തനിക്ക് പിന്തുണയും സംരക്ഷണവും നൽകുന്നതായി അവന് ബോധ്യപ്പെടുന്നു. ഒരു ചെറിയ ജീവിക്കുപോലും ജീവൻ നൽകുവാൻ തനിക്കു കഴിയില്ലെന്ന് അവൻ മനസ്സിലാക്കുന്നു.**

അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും മറ്റൊന്നിനെയും ആരാധിക്കരുതെന്നും ക്വുർആൻ കൽപിച്ചു. അല്ലാഹു ഏതെങ്കിലും ഗോത്രത്തിന്റെയോ വിഭാഗത്തിന്റെയോ നാട്ടുകാരുടെയോ മാത്രം സ്രഷ്ടാവല്ലെന്നും കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ സർവജനങ്ങളുടെയും സർവലോകത്തിന്റെയും സ്രഷ്ടാവും സംരക്ഷനും പരിപാലകനുമാണെന്ന് ബോധ്യപ്പെടുത്തി.

ളുടെ വികലമായ ദൈവവിശ്വാസത്തിന്റെ പൊള്ളത്തരങ്ങൾ വ്യക്തമാക്കുന്ന തെളിവുകളും അവരുടെ സംശയങ്ങൾക്കുള്ള മറുപടിയും ആയിക്കൊണ്ട് തൗഹീദിലേക്ക് ക്ഷണിക്കാനുള്ള അല്ലാഹുവിന്റെ വചനങ്ങൾ നബി(സ്വ)ക്ക് ഇറങ്ങിക്കൊണ്ടേയിരുന്നു. തൗഹീദുൽ ഉലൂഹിയ്യത്തിലേക്കുള്ള ക്ഷണത്തിന് വിവിധങ്ങളായ ശൈലികളാണ് ക്വുർആൻ സ്വീകരിച്ചത്. ചില ഉദാഹരണങ്ങൾ കാണാം:

**അല്ലാഹുവിനെ മാത്രം ആരാധിക്കുക**

അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും മറ്റൊന്നിനെയും ആരാധിക്കരുതെന്നും ക്വുർആൻ കൽപിച്ചു. അല്ലാഹു ഏതെങ്കിലും ഗോത്രത്തിന്റെയോ വിഭാഗത്തിന്റെയോ നാട്ടുകാരുടെയോ മാത്രം സ്രഷ്ടാവല്ലെന്നും കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ സർവജനങ്ങളുടെയും സർവലോകത്തിന്റെയും സ്രഷ്ടാവും സംരക്ഷനും പരിപാലകനുമാണെന്ന് ബോധ്യപ്പെടുത്തി:

"ജനങ്ങളെ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവീൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്'' (ക്വുർആൻ 2:21)..

"നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക...'' (4:36).

**മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യം**

അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് വെറുതെയല്ലെന്നും അവനെ മാത്രം ആരാധിക്കലാണ് സൃഷ്ടിപ്പിന്റെ ലക്ഷ്യമെന്നും ബോധ്യപ്പെടുത്തിക്കൊടുത്തു:

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല..." (അദ്ദാരിയാത്ത് 56).

"അപ്പോൾ നാം നിങ്ങളെ വൃഥാ സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ?"(23:115).

മുഹമ്മദ്(സ്വ) അന്തിമദൂതനാണ്. അദ്ദേഹത്തിനു മുമ്പ് ലോകത്തിന്റെ നാനാഭാഗങ്ങളിൽ അനേകം പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ട്. അവരെയെല്ലാം നിയോഗിച്ചത് ഏകദൈവാരാധനയിലേക്ക് ജനങ്ങളെ ക്ഷണിക്കുവാൻ വേണ്ടിയാണ്. ഇക്കാര്യം അല്ലാഹു മുഹമ്മദ് നബി(സ്വ) യുടെ പ്രബോധിതസമൂഹത്തെയും അറിയിച്ചു:

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണമെന്ന് (പ്രബോധം ചെയ്യുന്നതിനുവേണ്ടി)...." (16:36).

**സൃഷ്ടിക്കുന്നവനാണ് യഥാർഥ ആരാധ്യൻ**

റുബൂബിയ്യത്തിലെ തന്റെ ഏകത്വം ഉലൂഹിയ്യത്തിന് തെളിവായി അല്ലാഹു എടുത്തുപറയുന്നു:

"സൂര്യനും ചന്ദ്രനും നിങ്ങൾ സുജൂദ് ചെയ്യരുത്. അവയെ സൃഷ്ടിച്ച അല്ലാഹുവിന് നിങ്ങൾ സുജൂദ് ചെയ്യുക" (41:37).

"അപ്പോൾ, സൃഷ്ടിക്കുന്നവൻ സൃഷ്ടിക്കാത്തവരെപ്പോലെയാണോ? നിങ്ങളെന്താണ് ആലോചിച്ചു മനസ്സിലാക്കാത്തത്?"(16:17).

"അവന്ന് പുറമെ പല ദൈവങ്ങളെയും അവർ സ്വീകരിച്ചിരിക്കുന്നു. അവർ (ആരാധ്യർ) യാതൊന്നും സൃഷ്ടിക്കുന്നില്ല. അവർതന്നെയും സൃഷ്ടിക്കപ്പെടുകയാകുന്നു. തങ്ങൾക്ക് തന്നെ ഉപദ്രവമോ ഉപകാരമോ അവർ അധീനപ്പെടുത്തുന്നുമില്ല. മരണത്തെയോ ജീവിതത്തെയോ ഉയിർത്തെഴുന്നേൽപിനെയോ അവർ അധീനപ്പെടുത്തുന്നില്ല" (25:3).

**പരിപൂർണ ഗുണങ്ങളുള്ളവൻ**

അല്ലാഹു ഏകനും പരിപൂർണനുമാണ്. സർവശക്തനും സർവജ്ഞനുമാണ്. അവനെപ്പോലെ യാതൊന്നുമില്ല. ഈ ഗുണങ്ങളൊന്നും മുശ്‌രിക്കുകൾ ആരാധിക്കുന്ന ദൈവങ്ങൾക്കില്ല എന്നു ബോധ്യപ്പെടുത്തി:

"(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും" (112:1-4).

"നിങ്ങൾ അവരോട് പ്രാർഥി

ക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല" (35:14).

**ദൈവേതരർ അശക്തർ**

മുശ്‌രിക്കുകളുടെ ആരാധ്യവസ്തുക്കൾ (ഇലാഹുകൾ) അശക്തരാണ്. കാരണം അവർ ആരാധിക്കുന്നത് മൺമറഞ്ഞ പല മഹാന്മാരുടെയും പ്രതിമകളെയാണ്.

"(നബിയേ), പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ (ദൈവങ്ങളെന്ന്) വാദിച്ചുപോന്നവരെ നിങ്ങൾ വിളിച്ചുനോക്കൂ. നിങ്ങളിൽനിന്ന് ഉപദ്രവം നീക്കുവാനോ (നിങ്ങളുടെ സ്ഥിതിക്ക്) മാറ്റം വരുത്തുവാനോ ഉള്ള കഴിവ് അവരുടെ അധീനത്തിലില്ല" (17:56).

"ആകാശങ്ങളിൽനിന്നോ ഭൂമിയിൽനിന്നോ അവർക്കുവേണ്ടി യാതൊരു ഭക്ഷണവും അധീനപ്പെടുത്തിക്കൊടുക്കാത്തവരും (യാതൊന്നിനും) കഴിയാത്തവരുമായിട്ടുള്ളവരെയാണ് അല്ലാഹുവിനു പുറമെ അവർ ആരാധിക്കുന്നത്" (16:73).

"മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല; അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽനിന്ന് വല്ലതും

> **മുഹമ്മദ്(സ്വ) അന്തിമദൂതനാണ്. അദ്ദേഹത്തിനു മുമ്പ് ലോകത്തിന്റെ നാനാഭാഗങ്ങളിൽ അനേകം പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ട്. അവരെയെല്ലാം നിയോഗിച്ചത് ഏകദൈവാരാധനയിലേക്ക് ജനങ്ങളെ ക്ഷണിക്കുവാൻ വേണ്ടിയാണ്. ഇക്കാര്യം അല്ലാഹു മുഹമ്മദ് നബി(സ്വ)യുടെ പ്രബോധിതസമൂഹത്തെയും അറിയിച്ചു: "തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണമെന്ന് (പ്രബോധം ചെയ്യുന്നതിനുവേണ്ടി)...." (16:36).**

തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ" (22:73).

**അവർ വഴിപിഴച്ചവരാണ്**

അല്ലാഹുവല്ലാത്തവരെ ആരാധിക്കുന്നവർ അപഹാസ്യരും വഴിപിഴച്ചവരുമാണെന്ന് ക്വുർആൻ അറിയിക്കുന്നു:

"...അപ്പോൾ നിങ്ങൾക്ക് യാതൊരുപകാരമോ ഉപദ്രവമോ ചെയ്യാത്ത വസ്തുക്കളെ അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുകയാണോ? നിങ്ങളുടെയും അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നവരുടെയും കാര്യം അപഹാസ്യം തന്നെ. നിങ്ങൾ ചിന്തിക്കുന്നില്ലേ?" (21: 66,67).

"അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു"(46:5).

**ആരാധ്യന്മാർ ഒഴിഞ്ഞുമാറും**

അല്ലാഹുവിന്ന് പുറമെ മറ്റുള്ളവരെ ആരാധിക്കുന്നവർക്കുള്ള ശിക്ഷയും ആരാധ്യന്മാർ അവരിൽനിന്ന് ഒഴിഞ്ഞുമാറുന്നതും ക്വുർആൻ വിവരിക്കുന്നു: "അല്ലാഹുവിനു പുറമെയുള്ളവരെ അവന് സമന്മാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്‌നേഹിക്കുന്നതുപോലെ ഈ ആളുകൾ അവരെയും സ്‌നേഹിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്‌നേഹമുള്ളവരത്രെ. ഈ അക്രമികൾ പരലോകശിക്ഷ കൺമുമ്പിൽ കാണുന്ന സമയത്ത് ശക്തി മുഴുവൻ അല്ലാഹുവിനാണെന്നും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും അവർ കണ്ടറിഞ്ഞിരുന്നുവെങ്കിൽ (അതവർക്ക് എത്ര ഗുണകരമാകുമായിരുന്നു)" (2:165).

"നിങ്ങൾ അവരോട് പ്രാർഥിക്കുന്നപക്ഷം അവർ നിങ്ങളുടെ



**അല്ലാഹുവിനു പുറമെ ആരാധ്യരെ സ്വീകരിച്ചിരുന്ന മുശ്‌രിക്കുകൾ പറഞ്ഞിരുന്നത് ഈ ആരാധ്യർ അല്ലാഹുവിന്റെയടുക്കൽ ശുപാർശക്കാരാണ് എന്നും അല്ലാഹുവിലേക്ക് അടുപ്പിക്കുന്നവരാണ് എന്നുമാണ്. "അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. (നബിയേ,) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ലകാര്യവും നിങ്ങളവന്ന് അറിയിച്ചുകൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു''** (10:18). **ശഫാഅത്തിന്റെ ഉടമസ്ഥൻ അല്ലാഹുവായിരിക്കെ, അല്ലാഹുവിന്നും തങ്ങൾക്കുമിടയിൽ ഇടയാളന്മാരെ വെച്ചവർക്കുള്ള മറുപടി നൽകുകയാണ് അല്ലാഹു ഇതിലൂടെ.**

പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല" (35:14).


"അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും"(46: 5,6).

"അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക): മർയമിന്റെ മകനായ ഈസാ, 'അല്ലാഹുവിനു പുറമെ എന്നെയും എന്റെ മാതാവിനെയും ദൈവങ്ങളാക്കിക്കൊള്ളുവിൻ' എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും: നീയെത്ര പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊരവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ? ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീ അതറിഞ്ഞിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളത് നീ അറിയും. നിന്റെ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ" (5:116).

### ശുപാർശയുടെ ഉടമസ്ഥൻ അല്ലാഹു

അല്ലാഹുവിനു പുറമെ ആരാധ്യരെ സ്വീകരിച്ചിരുന്ന മുശ്‌രിക്കുകൾ പറഞ്ഞിരുന്നത് ഈ ആരാധ്യർ അല്ലാഹുവിന്റെയടുക്കൽ ശുപാർശക്കാരാണ് എന്നും അല്ലാഹുവിലേക്ക് അടുപ്പിക്കുന്നവരാണ് എന്നുമാണ്.

"അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. (നബിയേ,) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ലകാര്യവും നിങ്ങളവന്ന് അറിയിച്ചുകൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു" (10:18).



ശഫാഅത്തിന്റെ ഉടമസ്ഥൻ അല്ലാഹുവായിരിക്കെ, അല്ലാഹുവിന്നും തങ്ങൾക്കുമിടയിൽ ഇടയാളന്മാരെ വെച്ചവർക്കുള്ള മറുപടി നൽകുകയാണ് അല്ലാഹു ഇതിലൂടെ. ശഫാഅത്ത് അല്ലാഹുവോടല്ലാതെ ചോദിക്കാൻ പാടില്ല. അവന്റെ അനുമതികൂടാതെ ശുപാർശ നടത്തുന്ന ആരുമില്ല. ആർക്കുവേണ്ടിയാണോ ശുപാർശ നടത്തുന്നത് അവർക്കും അല്ലാഹുവിന്റെ തൃപ്തി ലഭിക്കണം:

"അതല്ല, അല്ലാഹുവിനു പുറമെ അവർ ശുപാർശക്കാരെ സ്വീകരിച്ചിരിക്കുകയാണോ. പറയുക അവർ (ശുപാർശക്കാർ) യാതൊന്നും അധീനപ്പെടുത്തുകയോ ചിന്തിച്ചു മനസ്സിലാക്കുകയോ ചെയ്യുന്നില്ലെങ്കിൽപോലും (അവരെ ശുപാർശക്കാരാക്കുകയോ?). പറയുക: അല്ലാഹുവിനാകുന്നു ശുപാർശ മുഴുവൻ. അവന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. പിന്നീട് അവങ്കലേക്ക് തന്നെയാകുന്നു നിങ്ങൾ മടക്കപ്പെടുന്നത്" (അസ്സുമർ 43,44).

"...അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്...?'' (2:255). "ആകാശങ്ങളിൽ എത്ര

മലക്കുകളാണുള്ളത്! അവരുടെ ശുപാർശ യാതൊരു പ്രയോജനവും ചെയ്യുകയില്ല; അല്ലാഹു അവൻ ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക് (ശുപാർശക്ക്) അനുവാദം നൽകിയതിന്റെ ശേഷമല്ലാതെ'' (53:26).

**പ്രാർഥിക്കുവാൻ വെല്ലുവിളി**

അല്ലാഹുവിന്ന് പുറമെ ആരാധിക്കപ്പെടുന്നവർ ഒരു നിലയ്ക്കും അവരെ ആരാധിച്ചവർക്ക് ഗുണം ചെയ്തുകൊടുക്കുകയില്ല. അവർ പ്രാർഥന കേൾക്കുകയുമില്ല. ഇതിനൊന്നുമുള്ള കഴിവ് അവർക്കില്ല.

"പറയുക. അല്ലാഹുവിനു പുറമെ നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്നവരോടെല്ലാം നിങ്ങൾ പ്രാർഥിച്ചുനോക്കുക. ആകാശത്തിലാകട്ടെ, ഭൂമിയിലാകട്ടെ ഒരണുത്തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരുടെ കൂട്ടത്തിൽ അവന്ന് സഹായിയായി ആരുമില്ല'' (34: 22).

"നിങ്ങൾ അവരോട് പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല'' (35:14).

**ശിർക്കിന്റെ അപകടങ്ങൾ**

അല്ലാഹുവിൽ പങ്കുചേർക്കുന്നതിലെ പൊള്ളത്തരങ്ങളും അപകടങ്ങളും കൃത്യമായി ക്വുർആൻ വിശദീകരിക്കുന്നു; ആർക്കും എളുപ്പത്തിൽ മനസ്സിലാകുന്ന ശൈലിയിൽ.

"വക്രതയില്ലാതെ (ഋജുമാനസരായി) അല്ലാഹുവിലേക്ക് തിരിഞ്ഞവരും അവനോട് യാതൊന്നും പങ്കുചേർക്കാത്തവരുമായിരിക്കണം (നിങ്ങൾ). അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം അവർ ആകാശത്തുനിന്ന് വീണതു

**"ആരെങ്കിലും ഒരു സന്മാർഗത്തിലേക്ക് ക്ഷണിച്ചാൽ അവനെ അനുഗമിക്കുന്നവരുടെയൊക്കെ പ്രതിഫലങ്ങൾക്ക് തുല്യമായത് അവന് കിട്ടും. അത് മറ്റുള്ളവരുടെ പ്രതിഫലത്തിൽ കുറവ് വരുത്തുകയുമില്ല. എന്നാൽ വല്ലവരും ഒരു വഴികേടിലേക്ക് ക്ഷണിക്കുന്നുവെങ്കിൽ അവനെ അനുഗമിക്കുന്നവരുടേതിന് തുല്യമായ പാപങ്ങളുണ്ടായിരിക്കുന്നതാണ്. അതാകട്ടെ അവരുടെ പാപങ്ങൾക്ക് കുറവ് വരുത്തുകയില്ല'' (മുസ്‌ലിം).**

പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടുപോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂര സ്ഥലത്തേക്ക് കൊണ്ടുപോയി തള്ളുന്നു'' (22:31).

"തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു'' (4:116).

തൗഹീദുൽ ഉലൂഹിയ്യത്തിലേക്ക് ക്ഷണിക്കാൻ ക്വുർആൻ സ്വീകരിച്ച ചില രീതികളാണ് നാം കണ്ടത്. ജീവിതത്തിൽ ശിർക്കിന്റെ അംശം കടന്നുവരാതിരിക്കാൻ വിശ്വാസികൾ ജാഗ്രത പാലിക്കേണ്ടതുണ്ട്.

**പ്രബോധനം എന്ന കടമ**

അല്ലാഹു മുസ്‌ലിംകളുടെ മേൽ വിവിധ ബാധ്യതകൾ ഏൽപിച്ചിട്ടുണ്ട്. അല്ലാഹുവിനെ മാത്രം ആരാധിച്ച് ജീവിക്കുക മാത്രമല്ല, മറ്റുള്ളവരെ അതിലേക്ക് ക്ഷണിക്കലും അവരുടെ കടമയാണ്.

മനസ്സിലാക്കിയ സത്യം മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിനെ ഇസ്‌ലാം വലിയ പുണ്യമായി കാണുന്നു. ക്വുർആൻ പറയുന്നു:

"അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും 'തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു' എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?'' (41:33).

"മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദക്കാർ വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമായിരുന്നു. അവരുടെ കൂട്ടത്തിൽ വിശ്വാസമുള്ളവരുണ്ട്. എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു'' (3:110).

അബൂമസ്ഊദ്(റ) പറയുന്നു; നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ഒരു നന്മ (മറ്റാർക്കെങ്കിലും) അറിയിച്ചുകൊടുത്താൽ അതനുസരിച്ച് പ്രവർത്തിക്കുന്നവന് ലഭിക്കുന്നതിന് സമാനമായ പ്രതിഫലം ആ നന്മ അറിയിച്ച ആൾക്കുമുണ്ട്'' (മുസ്‌ലിം).

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ഒരു സന്മാർഗത്തിലേക്ക് ക്ഷണിച്ചാൽ അവനെ അനുഗമിക്കുന്നവരുടെയൊക്കെ പ്രതിഫലങ്ങൾക്ക് തുല്യമായത് അവന് കിട്ടും. അത് മറ്റുള്ളവരുടെ പ്രതിഫലത്തിൽ കുറവ് വരുത്തുകയുമില്ല. എന്നാൽ വല്ലവരും ഒരു വഴികേടിലേക്ക് ക്ഷണിക്കുന്നുവെങ്കിൽ അവനെ അനുഗമിക്കുന്നവരുടേതിന് തുല്യമായ പാപങ്ങളുണ്ടായിരിക്കുന്നതാണ്. അതാകട്ടെ അവരുടെ പാപങ്ങൾക്ക് കുറവ് വരുത്തുകയില്ല'' (മുസ്‌ലിം).

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 42

# സൂറ: അശ്ശൂറാ
## (കൂടിയാലോചന)
(മക്കയിൽ അവതരിച്ചത്)

وَٱلَّذِينَ يُحَآجُّونَ فِى ٱللَّهِ مِنۢ بَعْدِ مَا ٱسْتُجِيبَ لَهُۥ حُجَّتُهُمْ دَاحِضَةٌ عِندَ رَبِّهِمْ وَعَلَيْهِمْ غَضَبٌ وَلَهُمْ عَذَابٌ شَدِيدٌ ﴿١٦﴾

ٱللَّهُ ٱلَّذِىٓ أَنزَلَ ٱلْكِتَٰبَ بِٱلْحَقِّ وَٱلْمِيزَانَ ۗ وَمَا يُدْرِيكَ لَعَلَّ ٱلسَّاعَةَ قَرِيبٌ ﴿١٧﴾

يَسْتَعْجِلُ بِهَا ٱلَّذِينَ لَا يُؤْمِنُونَ بِهَا ۖ وَٱلَّذِينَ ءَامَنُوا۟ مُشْفِقُونَ مِنْهَا وَيَعْلَمُونَ أَنَّهَا ٱلْحَقُّ ۗ أَلَآ إِنَّ ٱلَّذِينَ يُمَارُونَ فِى ٱلسَّاعَةِ لَفِى ضَلَٰلٍۭ بَعِيدٍ ﴿١٨﴾

16. അല്ലാഹുവിന്റെ ആഹ്വാനത്തിന് സ്വീകാര്യത ലഭിച്ചതിനുശേഷം അവന്റെ കാര്യത്തിൽ തർക്കിക്കുന്നവരാരോ, അവരുടെ തർക്കം അവരുടെ രക്ഷിതാവിങ്കൽ നിഷ്ഫലമാകുന്നു. അവരുടെ മേൽ കോപമുണ്ടായിരിക്കും. അവർക്കാണ് കഠിനമായ ശിക്ഷ.

17. അല്ലാഹുവാകുന്നു സത്യപ്രകാരം വേദഗ്രന്ഥവും (തെറ്റും ശരിയും തൂക്കിനോക്കാനുള്ള) തുലാസും ഇറക്കിത്തന്നവൻ. നിനക്ക് എന്തറിയാം? ആ അന്ത്യസമയം അടുത്തുതന്നെ ആയിരിക്കാം.

18. അതിൽ (അന്ത്യസമയത്തിൽ) വിശ്വസിക്കാത്തവർ അതിന്റെ കാര്യത്തിൽ ധൃതികൂട്ടിക്കൊണ്ടിരിക്കുന്നു. വിശ്വസിച്ചവരാകട്ടെ അതിനെപ്പറ്റി ഭയവിഹ്വലരാകുന്നു. അവർക്കറിയാം അത് സത്യമാണെന്ന്. ശ്രദ്ധിക്കുക: തീർച്ചയായും അന്ത്യസമയത്തിന്റെ കാര്യത്തിൽ തർക്കം നടത്തുന്നവർ വിദൂരമായ പിഴവിൽ തന്നെയാകുന്നു.

16). ഇവിടെ അല്ലാഹു പറയുന്നു: (അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിക്കുന്നവർ) വൈരുധ്യം നിറഞ്ഞ സംശയങ്ങളും തെറ്റായ തെളിവുകളും കൊണ്ട്. (അല്ലാഹുവിന്റെ ആഹ്വാനത്തിന് സ്വീകാര്യത ലഭിച്ചതിനുശേഷം) വ്യക്തമായ തെളിവുകളും ഖണ്ഡിതമായ വചനങ്ങളും മനസ്സിലായപ്പോൾ ബുദ്ധിയും ചിന്താശേഷിയും ഉള്ളവർ അല്ലാഹുവിന്റെ ആഹ്വാനത്തെ സ്വീകരിച്ചശേഷം. വ്യക്തമായി മനസ്സിലാക്കിയിട്ടും സത്യത്തോട് തർക്കിക്കുന്നവർ. (അവരുടെ തെളിവുകൾ നിഷ്ഫലമാകുന്നു)നിരർഥകവും തള്ളിക്കളയേണ്ടതുമാണ്. (അവരുടെ രക്ഷിതാവിങ്കൽ) സത്യത്തിന്റെ ഖണ്ഡനമാണ് അതിലുള്ളത്. സത്യത്തിന് എതിരായതെന്തും അസത്യമാണ്. (അവരുടെ മേൽ കോപമുണ്ടായിരിക്കും) അല്ലാഹുവിന്റെ വ്യക്തമായ പ്രമാണങ്ങളിൽനിന്നും തിരിഞ്ഞുകളയുകയും ധിക്കരിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നതിനാൽ. (അവർക്കാണ് കഠിനമായ ശിക്ഷ) അത് അല്ലാഹുവിന്റെ കോപത്തിന്റെ ഫലമാണ്. ഇതാണ് സത്യത്തോടും അസത്യവാദങ്ങളുമായി തർക്കിക്കുന്നവർക്കുമുള്ള ശിക്ഷ.

17) നന്മയുള്ളവർക്കെല്ലാം സ്വീകരിക്കത്തക്കവിധം വ്യക്തമാണ് അല്ലാഹുവിന്റെ തെളിവുകൾ എന്ന് പറഞ്ഞപ്പോൾ അതിന്റെ അടിസ്ഥാനങ്ങളും നിയമങ്ങളുംകൂടി പ്രതിപാദിക്കുന്നു; അല്ലാഹു തന്റെ ദാസന്മാർക്ക് നൽകിയ സർവ തെളിവുകളും. (അല്ലാഹുവാകുന്നു സത്യപ്രകാരം വേദഗ്രന്ഥവും തുലാസും ഇറക്കിത്തന്നവൻ) ഇവിടെ വേദഗ്രന്ഥം എന്നത് വിശുദ്ധ ഖുർആനാണ്. സത്യപ്രകാരം സത്യത്തെ ഉൾക്കൊള്ളുന്നതായി. സത്യവും ദൃഢവിശ്വാസവും സ്ഥാപിക്കുന്നതായി. അതിലുള്ള വചനങ്ങളെല്ലാം വ്യക്തതയുള്ളതാണ്. തെളിവുകളോടെ സുവ്യക്തവും ദൈവികമായ നിർദേശങ്ങളെല്ലാം അതുൾക്കൊള്ളുന്നു. മതപരമായ വിശ്വാസങ്ങളും ഏറ്റവും നല്ല നിയമനിർദേശങ്ങളും വ്യക്തതയുള്ള തെളിവുകളുമാണ് അതിലുള്ളത്.

എന്നാൽ തുലാസ് എന്നത് നീതിയും ശരി മനസ്സിലാക്കാനുള്ള മാനദണ്ഡവുമാണ്. എല്ലാ തെളിവുകളും ബുദ്ധിപരമാണ്. പ്രാപഞ്ചികവും ശാരീരികവുമായ ദൃഷ്ടാന്തങ്ങൾ ഇതിലുമുണ്ട്;മതപരമായ കാര്യങ്ങളും. ഓരോന്നിന്റെയും കാര്യകാരണങ്ങളും വിധികളും തത്ത്വങ്ങളും; ഇതെല്ലാം തുലാസിൽപെടും. അതിനെ അല്ലാഹു ഇറക്കി. തന്റെ ദാസന്മാർക്ക് നിശ്ചയിച്ചുകൊടുത്തു. അതുമൂലം ഏതുകാര്യത്തിലും സ്വീകരിക്കേണ്ടതും നിരാകരിക്കേണ്ടതും തുലനം ചെയ്ത് മനസ്സിലാക്കാൻ അവർക്ക് കഴിയും. അവർ അറിയിച്ചുതന്ന കാര്യങ്ങളിലെ ശരിയെ മനസ്സിലാക്കാനും പ്രവാചകന്മാർ കൊണ്ടുവന്നതിലെ സത്യങ്ങൾ അറിയാനും. വേദഗ്രന്ഥവും തുലാസുമല്ലാതെയുള്ള ചില തെളിവും പ്രമാണങ്ങളും, അല്ലെങ്കിൽ അതുപോലെയുള്ള ചില പ്രസ്താവനകൾ. അവയാകട്ടെ, അസത്യവും വൈരുധ്യവുമാണ്. അതിന്റെ അടിസ്ഥാനം തന്നെ പിഴച്ചതാണ്. അതിന്റെ വേരും ശാഖകളുമെല്ലാം തകരാറിലാണ്.


മുകളിൽ പറഞ്ഞ കാര്യം; ഓരോ വിഷയവും അതിന്റെ ഉത്ഭവസ്ഥാനത്തെക്കുറിച്ചുള്ള വിവരങ്ങളിൽനിന്ന് ഇത് മനസ്സിലാകും. സ്വീകരിക്കേണ്ടതും തള്ളിക്കളയേണ്ടതുമായ തെളിവുകളുടെ വ്യത്യാസത്തിൽനിന്നും അത് വ്യക്തമാണ്. എന്നാൽ ഇത്തരം അലങ്കാര നിർമിതമായ വാചകങ്ങളിലും സാങ്കൽപിക പദങ്ങളിലും വഞ്ചിതരാകുന്നവർ അതിന്റെ ഉദ്ദേശ്യാർഥങ്ങളിലേക്ക് സൂക്ഷ്മമായി കടന്നുചെല്ലുന്നില്ല. അവർക്കതിനുള്ള കഴിവുമില്ല. അവരാകട്ടെ ആ രംഗത്ത് പരിചയസമ്പന്നരുമല്ല. അതിനാൽ അവന്റെ യോജിപ്പും വിയോജിപ്പുമെല്ലാം ഒരുപോലെയാണ്.

തുടർന്ന് അന്ത്യസമയം എപ്പോഴാണെന്ന് ചോദിച്ച് ധൃതികൂട്ടുന്ന നിഷേധികളെ താക്കീത് ചെയ്ത് അല്ലാഹു പറയുന്നു: (നിനക്കെന്തറിയാം? ആ അന്ത്യസമയം അടുത്തുതന്നെ ആയിരിക്കാം). അതിലേക്കുള്ള ദൂരവും അതിന്റെ സമയവും അത് എപ്പോൾ നിലവിൽ വരും എ ന്നതും അജ്ഞാതമാണ്. അത് ഏതുസമയത്തും സംഭവിക്കാവുന്നതാണ്. അത് ഭയപ്പെടേണ്ടതും തന്നെയാണ്.

18) (അതിൽ വിശ്വസിക്കാത്തവർ അതിന്റെ കാര്യത്തിൽ ധൃതികൂട്ടിക്കൊണ്ടിരിക്കുന്നു) ധിക്കാരവും നിഷേധവും കാരണം, തങ്ങളുടെ രക്ഷിതാവിന്റെ കഴിവിനെ അംഗീകരിക്കാതെയും (വിശ്വസിച്ചവരാകട്ടെ അതിനെപ്പറ്റി ഭയവിഹ്വലരാകുന്നു) അതിലുള്ള വിശ്വാസത്താൽ അവർ ഭയന്ന് ജീവിക്കുന്നവരാണ്. അന്ന് പ്രവർത്തനങ്ങൾക്ക് പ്രതിഫലമുണ്ടെന്ന് മനസ്സിലാക്കിയിതനാലും, തങ്ങളുടെ രക്ഷിതാവിനെക്കുറിച്ച് അറിയുന്നതുകൊണ്ടും. അവരുടെ പ്രവർത്തന ങ്ങൾ അവരെ രക്ഷപ്പെടുത്തുകയില്ലെ എന്നതാണ് അവരുടെ ആശങ്ക. അതാണ് അല്ലാഹു പറഞ്ഞത് (അവർക്കറിയാം അത് സത്യമാണെന്ന്) അതിലവർക്ക് സംശയമില്ല. യാതൊരു ശ ങ്കയും അതില്ല. (ശ്രദ്ധിക്കുക. തീർച്ചയായും അന്ത്യസമയത്തിന്റെ കാര്യത്തിൽ തർക്കം നടത്തുന്നവർ) അതിൽ സംശയാലുക്കളായതിനുശേഷം, അവർ ദൂതന്മാരോടും അവരുടെ അനുയായികളോടും അന്ത്യദിനമുണ്ടോ എന്ന കാര്യത്തിൽ തർക്കിക്കുകയും സത്യത്തിൽ നിന്ന് അതിവിദൂരം അകന്ന് കക്ഷിമാത്സര്യം നടത്തുകയും ചെയ്യുന്നു.

യഥാർഥ ഭവനത്തെ നിഷേധിക്കുന്നതിനെക്കാൾ വലിയ നിഷേധമെന്താണ്? അതാവട്ടെ അങ്ങേയറ്റം യാഥാർഥ്യവും. ശാശ്വത ജീവിതത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട ഭവനം, അവിടെയാണ് എന്നുമെന്നും ജീവിക്കേണ്ടത്. അത് പ്രതിഫലത്തിന്റെ ഭവനമാണ്. നീതിയും ഔദാര്യവും അല്ലാഹു പ്രകടമാക്കുന്ന ലോകം. അവിടേക്കെത്താനുള്ളതാണ് ഈ ജീവിതം. ഒരു മരത്തണലിൽ വിശ്രമിക്കുന്ന യാത്രികനെപ്പോലെ. ആ തണൽവിട്ട് അവൻ യാത്രപോകും. ഈ ലോകം കടന്നുപോകാനുള്ള ഒരു നടപ്പാതയാണ്. സ്ഥിരവാസ സ്ഥലമല്ല.

അവരാകട്ടെ, കാണുകയും അനുഭവിക്കുകയും ചെയ്യുന്നു. നശ്വരലോകത്തെ അംഗീകരിക്കുന്നു. പാരത്രിക ലോകത്തെ നിഷേധിക്കുകയും ചെയ്യുന്നു. അതാവട്ടെ ദൈവിക ഗ്രന്ഥങ്ങളെല്ലാം അസത്യത്തിന് സാധ്യതയില്ലാത്ത വിധം റിപ്പോർട്ട് ചെയ്തതും പ്രവാചകന്മാരും അവരുടെ അനുയായികളും അറിയിച്ചതും. അവരാകട്ടെ സൃഷ്ടികളിൽ പൂർണരും ബുദ്ധിമാന്മാരുമാണുതാനും. അറിവിലും ഗ്രാഹ്യതയിലും മികച്ചവരും.



ഖാദിയാനി വേദപുസ്തകം
‘തദ്കിറ’യിലൂടെ ഒരു യാത്ര 2

# പലായനത്തിന്റെ മുറിപ്പാട്

**പി പി അബ്ദുർറഹ്മാൻ**
**കൊടിയത്തൂർ**
: 9447 701 741

ഇതിനിടക്ക് മറ്റൊരു പലായനം കൂടി സംഭവിക്കുന്നു. അത് ആദ്യത്തേതിനെക്കാൾ ഗുരുതരമായ മുറിപ്പാട് ആയിരുന്നു. ആദ്യത്തെ പലായനം അധികാരത്തിലേക്കും അഭിവൃദ്ധിയിലേക്കുമായിരുന്നു. ഖലീഫയുടെ പ്രതിനിധി സർ സഫറുല്ലാഖാൻ പാകിസ്ഥാനിലെ ആദ്യത്തെ വിദേശ മന്ത്രിയായി നിയമിതനായി. പാകിസ്ഥാനിലെ ജുഡീഷ്യറിയും ബ്യൂറോക്രസിയും സൈന്യവുമടക്കമുള്ള ഉന്നതസ്ഥാനങ്ങൾ തങ്ങളുടെ കൈപിടിയിലൊതുക്കാൻ അവർക്ക് സാധിച്ചു. വിദേശങ്ങളിലെ എംബസികളിലൂടെയും കോൺസുലേറ്റുകളിലൂടെയും ഖാദിയാനി പ്രബോധനത്തിനുള്ള വഴികൾ തുറന്നുകിട്ടി.

1953ലെ ഭരണഘടനാ പ്രക്ഷോഭം ഖാദിയാനീവിരുദ്ധ പ്രക്ഷോഭമായി മാറിയതോടെയാണ് അവരുടെ സുഖസുഷുപ്തി നഷ്ടപ്പെട്ടത്. 1973ൽ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കപ്പെട്ടപ്പോഴും പ്രായോഗികതലത്തിൽ അത് ‘ഏട്ടിലെ പശു’ ആയിരുന്നു. 1984ൽ ജനറൽ സിയാഹുൽ ഹഖ് പ്രസിഡൻഷ്യൽ ഓർഡിനൻസിലൂടെ ഖാദിയാനിസത്തിന് കൂച്ചുവിലങ്ങിട്ടപ്പോഴാണ് ഗത്യന്തരമില്ലാതെ ഖലീഫയുടെ രണ്ടാം പലായനം നടന്നത്. തങ്ങളുടെ സംരക്ഷകരും സഹായികളും സർവോപരി സ്രഷ്ടാ

**തങ്ങളുടെ സംരക്ഷകരും സഹായികളും സർവോപരി സ്രഷ്ടാക്കൾതന്നെയായ ബ്രിട്ടീഷുകാരുടെ സുരക്ഷാവലയത്തിലേക്കാണ് അദ്ദേഹം ചേക്കേറിയതെങ്കിലും ഇതായിരുന്നു പലായനത്തിന്റെ യഥാർഥ മുറിപ്പാട്. സ്വന്തം അനുയായികൾ ഏറ്റവും കൂടുതലുള്ള പാകിസ്ഥാനിൽ കാലുകുത്താൻ പിന്നീട് ഒരിക്കലും അദ്ദേഹത്തിന് സാധിച്ചില്ല. എന്നിട്ടും ഇത് ആ പ്രവചനത്തിന്റെ സാക്ഷാത്കാരമാണെന്ന് പറയാൻ ഖലീഫ തയ്യാറായില്ല. കാരണം ഇതൊരു ഹിജ്റയായി അദ്ദേഹം സ്വയം അംഗീകരിച്ചിരുന്നില്ല. ശരിയാണ്, ഇത് വ്യാജ പാസ്പോർട്ട് ഉപയോഗിച്ചുള്ള ഒരു ഒളിച്ചോട്ടമായിരുന്നു**

ക്കൾതന്നെയായ ബ്രിട്ടീഷുകാരുടെ സുരക്ഷാവലയത്തിലേക്കാണ് അദ്ദേഹം ചേക്കേറിയതെങ്കിലും ഇതായിരുന്നു പലായനത്തിന്റെ യഥാർഥ മുറിപ്പാട്. സ്വന്തം അനുയായികൾ ഏറ്റവും കൂടുതലുള്ള പാകിസ്ഥാനിൽ കാലുകുത്താൻ പിന്നീട് ഒരിക്കലും അദ്ദേഹത്തിന് സാധിച്ചില്ല. എന്നിട്ടും ഇത് ആ പ്രവചനത്തിന്റെ സാക്ഷാത്കാരമാണെന്ന് പറയാൻ ഖലീഫ തയ്യാറായില്ല. കാരണം ഇതൊരു ഹിജ്റയായി അദ്ദേഹം സ്വയം അംഗീകരിച്ചിരുന്നില്ല. ശരിയാണ്, ഇത് വ്യാജ പാസ്പോർട്ട് ഉപയോഗിച്ചുള്ള ഒരു ഒളിച്ചോട്ടമായിരുന്നു!




ഖാദിയാനി പ്രവാചകന്റെ വിലപ്പെട്ട വഹ്‌യുകൾ രണ്ടുവട്ടം കാണാതാവുക, അവ 'ളില്ലീ ഖുർആനിൽ' ചേർക്കാൻ സാധിക്കാതെ വരിക, വഹ്‌യുകൾക്ക് അത്രയൊക്കെയേ ഖാദിയാനികൾ വിലകൽപിക്കുന്നുള്ളൂ എന്നല്ലേ മനസ്സിലാക്കേണ്ടത്?

നിങ്ങൾ ഒരു കാര്യം ശ്രദ്ധിച്ചുവോ; ഈ നോട്ടുപുസ്തകത്തിലെ വഹ്‌യുകൾ മസീഹ് സ്വന്തം കൈപ്പടയിൽ എഴുതിയതാണെന്നും കൈയെഴുത്തു കണ്ടാലറിയുന്ന നൂറുകണക്കിന് സാക്ഷികൾ ജീവിച്ചിരിപ്പുണ്ടെന്നും ആവർത്തിച്ചു പറയുന്നത്? ഇത് മസീഹിന്റേത് തന്നെയാണ്, ആരും കൂട്ടിച്ചേർത്തതല്ല എന്ന് ബോധ്യപ്പെടുത്താൻ വേണ്ടിയാണിത്. എന്നാൽ 1938ൽ ആദ്യം കിട്ടിയപ്പോൾ 'ദാഗെ ഹിജ്റത്' എന്ന വഹ്‌യ് രണ്ടാം ഖലീഫ കണ്ടതേയില്ല. നാലാം ഖലീഫയാകട്ടെ 1982ൽ കൈയിൽ കിട്ടിയപ്പോൾ അതിൽ മറ്റു വഹ്‌യുകൾക്ക് പുറമെ 'ദാഗെ ഹിജ്റത്' സ്വന്തം കൈപ്പടയിൽ എഴുതിവെച്ചുവെന്ന് പ്രത്യേകം പറയുകയും ചെയ്തു. എവിടെയോ ഒരു തകരാറു പോലെ! യഥാർഥത്തിൽ ഇത് പിന്നീട് കൂട്ടിച്ചേർത്തതാണെന്നും അതല്ലെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താനുള്ള തത്രപ്പാടാണെന്നും ആർക്കെങ്കി

**ഏതെങ്കിലും ഒരു വചനം ആധുനിക മാനവ സമൂഹത്തിന് എന്തെങ്കിലും ഒരു പാഠം നൽകുന്നുവെന്ന് ഒരുപക്ഷേ, ഖാദിയാനികൾക്ക് പോലും വാദമുണ്ടെന്നു തോന്നുന്നില്ല. ഉണ്ടായിരുന്നെങ്കിൽ അതിന്റെ കോപ്പികൾ ആരു ചോദിച്ചാലും കൊടുക്കുമായിരുന്നല്ലോ. മുസ്‌ലിംകളുടെ പ്രവാചകന്റെ വഹ്‌യുകളുടെ സമാഹാരം എത്ര കോപ്പികൾ വേണമെങ്കിലും ആർക്കും ലഭ്യമാണ്. അതിന്റെ വിവർത്തനങ്ങളും വ്യാഖ്യാനങ്ങളും ലോകത്തിലെ എല്ലാ ഭാഷകളിലും ലഭിക്കും. പക്ഷേ, ഈ 'രണ്ടാം വാള്യ'ത്തിന്റെ കാര്യം ഏറെ പരിതാപകരം തന്നെ!**

ലും തോന്നിപ്പോയാൽ കുറ്റപ്പെടുത്താനാകില്ല.

**നമ്പറിട്ടതിന്റെ താൽപര്യം**

നടേ ഉദ്ധരിച്ച ദർശനത്തിന് മൗലവി മുഹമ്മദ് ഇസ്മയിൽ നൽകിയ വിശദീകരണം ഇങ്ങനെ വായിക്കാം: 'ഖായിദ യസ്സർനൽ ഖുർആന്റെ ഉപജ്ഞാതാവ്, പീർ മൻസൂർ മുഹമ്മദ് സാഹിബിന്റെ ഭാര്യയുടെ ബന്ധുവാണ് അമീർ ഖാൻ സാഹിബ്. മുഹമ്മദ് അക്ബർ ഖാന്റെ മകൾ അസ്ഗരീ ബീഗത്തെയാണ് അയാൾ വിവാഹം ചെയ്തത്. ഭർത്താവ് മരിച്ചശേഷം അവളെ മിയാൻ മദദ് ഖാൻ വിവാഹം ചെയ്തു. ഈ സുവാർത്തയനുസരിച്ച് അവർക്ക് ആറ് മക്കളുണ്ട്. അവരുടെ പേരുകൾ ഇപ്രകാരമാണ്...അക്കൂട്ടത്തിൽ മുഹമ്മദ് യാക്കൂബ് മാതാപിതാക്കളോടൊപ്പം മസീഹിന്റെ വീട്ടിൽ താമസിച്ചിരുന്നു. അവരുടെ മാതാവ് മസീഹിന്റെ പരിചാരികയായിരുന്നു' (പേജ് 746, അടിക്കുറിപ്പ്).

അസ്ഗരി ബീഗത്തിന്റെ നെറ്റിയിൽ ഉറക്കത്തിലോ ഉണർച്ചയിലോ അഞ്ചോ ആറോ ഏഴോ എന്നത് മായ്ച്ച് 6 എന്ന് എഴുതിയ ആൾക്ക് അത് സന്താനങ്ങളുടെ എണ്ണമാണെന്ന് മനസ്സിലായില്ല. അത്തരം നൂറുകണക്കിന് വഹ്‌യുകൾ വേറെയുമുണ്ട്. അതിൽ പുതുമയില്ല. പക്ഷേ, ഒരു സ്ത്രീയുടെ നെറ്റിയിൽ അവളുടെ ഭർത്താവ് മരിച്ച ദിവസം തന്നെ നമ്പർ ഇടുന്നതിലൂടെ, ആധുനിക കാലത്ത് നിയുക്തനായ പ്രവാചകൻ മാനവസമൂഹത്തിന് നൽകുന്ന സന്ദേശം എന്താണെന്ന് ആരെങ്കിലും പറഞ്ഞുതരുമോ?

**തലയും വാലും ചേർത്താലും...**

വാലും തലയും വെട്ടിമാറ്റി വിമർശിക്കുകയാണ് എന്നൊരു പഴയ മറുപടിയുണ്ട് ഇവർക്ക്. ഇത് പക്ഷേ, 5.1.1908ന് അവതരിച്ച 'ഒറ്റപ്പെട്ട വഹ്‌യ്' ആയതിനാൽ വാലോ തലയോ ചേർത്തുവെക്കാനാവില്ല. തൊട്ടുമുമ്പത്തേത് 2.1.1908ന് ഇറങ്ങിയ 7 സൂക്തങ്ങൾ ഉള്ള അറബി വഹ്‌യാണ്. 'ഇബ്‌റാഹീമേ, തീർച്ചയായും ഞാൻ നിന്റെ കൂടെയുണ്ട്' എന്നാണത്. അടുത്തത് 18.1.1908ൽ അവതരിച്ച ഉർദു വഹ്‌യാണ്. അതിന്റെ സാരം ഇങ്ങനെ: 'പ്രവചനത്തിന്റെ അവസാനത്തെ അതിർത്തിയാണിത്. ഈ വാഗ്ദാനം തെറ്റില്ല, നാലുവശത്തുകൂടി പുഴകൾ ഒഴുകിയാലും ശരി' (പേജ് 746). തലയും വാലും ചേർത്താലും പ്രത്യേകിച്ച് ഒന്നും മനസ്സിലാവില്ല എന്നർഥം.

തദ്കിറയിലെ എല്ലാ വഹ്‌യുകളും ഇങ്ങനെ വിശദീകരിക്കാൻ പറ്റില്ല, അതിന്റെ ആവശ്യവുമില്ല. ഏതെങ്കിലും ഒരു വചനം ആധുനിക മാനവ സമൂഹത്തിന് എന്തെങ്കിലും ഒരു പാഠം നൽകുന്നുവെന്ന് ഒരുപക്ഷേ, ഖാദിയാനികൾക്ക് പോലും വാദമുണ്ടെന്നു തോന്നുന്നില്ല. ഉണ്ടായിരുന്നെങ്കിൽ അതിന്റെ കോപ്പികൾ ആരു ചോദിച്ചാലും കൊടുക്കുമായിരുന്നല്ലോ. മുസ്‌ലിംകളുടെ പ്രവാചകന്റെ വഹ്‌യുകളുടെ സമാഹാരം എത്ര കോപ്പികൾ വേണമെങ്കിലും ആർക്കും ലഭ്യമാണ്. അതിന്റെ വിവർത്തനങ്ങളും വ്യാഖ്യാനങ്ങളും ലോകത്തിലെ എല്ലാ ഭാഷകളിലും ലഭിക്കും. പക്ഷേ, ഈ 'രണ്ടാം വാള്യ'ത്തിന്റെ കാര്യം ഏറെ പരിതാപകരം തന്നെ!

**'തദ്കിറ'യുടെ ഉള്ളടക്കം**

മിർസാ ഖാദിയാനിക്ക് ലഭിച്ചതെന്ന് അവകാശപ്പെടുന്ന വഹ്‌യുകളും കശ്ഫുകളും സ്വപ്നദർശനങ്ങളും അവതരണ കാലക്രമത്തിൽ ക്രോഡീകരിച്ചതാണ് 'തദ്കിറ.'



ആദ്യ പതിപ്പിൽ അവയുടെ എണ്ണം 1204 മാത്രമായിരുന്നു. 1956ൽ രണ്ടാം പതിപ്പിൽ 373 എണ്ണം കൂടി ചേർത്തു. അവയിൽ ചിലത് നേരത്തെ കണ്ടെത്തിയിട്ടില്ലാത്ത, ഡയറിക്കുറിപ്പുകളിലും നോട്ട് പുസ്തകങ്ങളിലും ചില വ്യക്തികൾ ക്കയച്ച കത്തുകളിലും പാകിസ്ഥാ നിലെ ഖിലാഫത്ത് ലൈബ്രറിയിൽ കൈയെഴുത്തു പ്രതി മാത്രമുള്ള 'തഅ്തീറുൽ അനാം' എന്ന കൃതിയിലും നിന്ന് എടുത്തുചേർ ത്തവയാണ്.

ഏറ്റവും പുതിയ പതിപ്പിൽ 694 പേജുകളിലായി 1597 വഹ്‌യുകളാ ണുള്ളത്. അവയിൽ ഒരു സൂക്തം മാത്രമുള്ളവയും നിരവധി സൂക്ത ങ്ങൾ ഉള്ളവയും കാണാം. 1901 ഫെബ്രുവരി മുതൽ ആഗസ്റ്റ് വരെയുള്ള ചില ദിവസങ്ങളിൽ ഓരോ സൂക്തമാണ് അവതരിച്ചിട്ടുള്ളത്. 1896ൽ തീയതി വെക്കാതെ ചേർത്ത വഹ് യിൽ 140 സൂക്തങ്ങളും 1906 ൽ 337 സൂക്തങ്ങളും ക്രമ നമ്പറിട്ട് ചേർത്തിട്ടുണ്ട്.

'തദ്കിറ'യിൽ അറബി, ഉർദു, പേർഷ്യൻ, ഇംഗ്ലീഷ് തുടങ്ങി വിവിധ ഭാഷകളിൽ വഹ്‌യുകളുണ്ട്. കൂട്ടത്തിൽ ചില അക്കങ്ങളും ചിഹ്നങ്ങളും അവതരിച്ചിട്ടുണ്ട്. ചിലത് 'അല്ലാഹുതന്നെ' ഉർദുവിൽ മൊഴി മാറ്റിയിട്ടുണ്ട്. ചിലത് മിർസ തന്നെ തർജമ ചെയ്തവയും മറ്റു ചിലത് ക്രോഡീകരിച്ചയാൾ വിവർത്തനം ചെയ്തവയുമാണ്. എന്നാൽ ഇതിനൊന്നും വഴങ്ങാത്തതും അവ്യക്തവും അപൂർണവുമായ വചനങ്ങളും ധാരാളമുണ്ട്. അവതരണ പശ്ചാത്തലവും മറ്റും വിശദീകരിച്ചവയും കാണാനാവും.

1935ൽ ആദ്യപതിപ്പായി 500 കോപ്പികളും 1956ൽ പാകിസ്ഥാനിൽനിന്ന് 700 കോപ്പികളും പ്രസിദ്ധീകരിച്ചു. പിന്നീട് പാകിസ്ഥാനിൽനിന്ന് രണ്ട് പതിപ്പുകൾ കൂടി പുറത്തിറക്കി. ഖാദിയാനി പ്രസ്ഥാനം 130 വർഷം പിന്നിടുമ്പോൾ പ്രവാചകന്റെ ദിവ്യഗ്രന്ഥത്തിന്റെ വളരെ കുറച്ച് കോപ്പികൾ മാത്രമാണ് വെളിച്ചം കണ്ടത്!

**'തദ്കിറ'യിൽ അറബി, ഉർദു, പേർഷ്യൻ, ഇംഗ്ലീഷ് തുടങ്ങി വിവിധ ഭാഷകളിൽ വഹ്‌യുകളുണ്ട്. കൂട്ടത്തിൽ ചില അക്കങ്ങളും ചിഹ്നങ്ങളും അവതരിച്ചിട്ടുണ്ട്. ചിലത് 'അല്ലാഹുതന്നെ' ഉർദുവിൽ മൊഴി മാറ്റിയിട്ടുണ്ട്. ചിലത് മിർസ തന്നെ തർജമ ചെയ്തവയും മറ്റു ചിലത് ക്രോഡീകരിച്ചയാൾ വിവർത്തനം ചെയ്തവയുമാണ്. എന്നാൽ ഇതിനൊന്നും വഴങ്ങാത്തതും അവ്യക്തവും അപൂർണവുമായ വചനങ്ങളും ധാരാളമുണ്ട്. അവതരണ പശ്ചാത്തലവും മറ്റും വിശദീകരിച്ചവയും കാണാനാവും. 1935ൽ ആദ്യപതിപ്പായി 500 കോപ്പികളും 1956ൽ പാകിസ്ഥാനിൽനിന്ന് 700 കോപ്പികളും പ്രസിദ്ധീകരിച്ചു. പിന്നീട് പാകിസ്ഥാനിൽനിന്ന് രണ്ട് പതിപ്പുകൾ കൂടി പുറത്തിറക്കി. ഖാദിയാനി പ്രസ്ഥാനം 130 വർഷം പിന്നിടുമ്പോൾ പ്രവാചകന്റെ ദിവ്യഗ്രന്ഥത്തിന്റെ വളരെ കുറച്ച് കോപ്പികൾ മാത്രമാണ് വെളിച്ചം കണ്ടത്!**

**ഇന്ത്യയിലെ രണ്ടാം പതിപ്പിന്റെ മുഖവുര**

"വാഗ്ദത്ത മസീഹിന്റെ വഹ്‌യുകളുടെയും സ്വപ്ന ജാഗ്രദ് ദർശനങ്ങളുടെയും സമാഹാരമായ 'തദ്കിറ' ആദ്യമായി പ്രസിദ്ധീകരിച്ചത് 1935 ലാണ്. അതിലൂടെ ഇന്ത്യയിലെ എല്ലാ അഹ്മദികളുടെയും ആവശ്യം പൂർത്തീകരിക്കാനായി. പിന്നീട് ഇന്ത്യയിൽ നിന്ന് ഇത് പ്രസിദ്ധീകരിക്കാൻ സാധിച്ചില്ല. തുടർന്നുള്ള മൂന്നു പതിപ്പുകളും പാകിസ്ഥാനിലെ റബ്‌വയിൽനിന്നാണ് പുറത്തിറക്കിയത്. അതിന്റെ അൽപം കോപ്പികൾ ഇന്ത്യയിൽ വരുമായിരുന്നു. എന്നും ജമാഅത്ത് സുഹൃത്തുക്കൾ ഇത് അന്വേഷിച്ചിരുന്നുവെങ്കിലും വിഭജനാനന്തരം പ്രസിദ്ധീകരിക്കാനായില്ല.

ഈ വർഷം ലണ്ടനിൽവച്ച് അഞ്ചാം ഖലീഫയെ കണ്ടപ്പോൾ അദ്ദേഹം 'തദ്കിറ'യെപ്പറ്റി അന്വേഷിച്ചു. റബ്‌വയിലെ പ്രസിദ്ധീകരണ വകുപ്പ് ചുമതലയുള്ള അബ്ദുൽ ഹയ്യ് സാഹിബുമായി സംസാരിച്ചപ്പോൾ പുതിയ പതിപ്പ് പ്രസിദ്ധീകരിച്ച ശേഷം ഖാദിയാനിലേക്ക് അയക്കാമെന്ന് പറഞ്ഞു. 2004ലെ സമ്മേളന സമയത്താണ് കോപ്പി ലഭിച്ചത്. അങ്ങനെ ഇപ്പോൾ 'തദ്കിറ' പ്രസിദ്ധീകരിക്കാൻ ഖാദിയാനിലെ പ്രസിദ്ധീകരണ വിഭാഗത്തിന് തൗഫീഖ് ലഭിച്ചു. അങ്ങനെ ഇന്ത്യയിലെ അഹ്മദികളുടെ പഴയ ആഗ്രഹം പൂർത്തീകരിക്കാനായി. അല്ലാഹു ഈ ഉദ്യമത്തെ അനുഗ്രഹിക്കട്ടെ."

ഡയറക്ടർ,
പ്രസിദ്ധീകരണ വിഭാഗം,
ഖാദിയാൻ.

1935ൽ ആകെ അച്ചടിച്ച 500 കോപ്പികൾ കൊണ്ട് അവിഭക്ത ഇന്ത്യയിൽ ളില്ലീക്വുർആന്റെ ആവശ്യം പൂർത്തിയായി എന്നത് കൗതുക വാർത്തയാണ്. രണ്ടു പതിറ്റാണ്ടുകൾ കഴിഞ്ഞാണ് പാകിസ്ഥാനിൽ രണ്ടാം പതിപ്പിന്റെ 700 കോപ്പികൾ പ്രസിദ്ധീക

**മസീഹിന്റെ കൃതികൾ ജീവിതത്തിലൊരിക്കലെങ്കിലും വായിക്കാത്തവരുടെ ഈമാനിനെക്കുറിച്ച് സംശയിക്കണമെന്ന് രണ്ടാം ഖലീഫയും പറഞ്ഞിട്ടുണ്ട്. അവയുടെ കോപ്പി സംസ്ഥാന കമ്മിറ്റി ഓഫീസിൽ റഫറൻസിനു പോലും ലഭ്യമല്ലെന്നിരിക്കെ ഇതെങ്ങനെ സാധിക്കാനാണ്? 'തദ്കിറ'യുടെ ആദ്യ പതിപ്പിൽ 1204 വഹ്‌യുകളാണ് ഉള്ളത്. രണ്ടാം പതിപ്പിൽ 'അൽബുശ്റ'യിൽ നിന്ന് പകർത്തിയതും ഇതേവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത ചില ഗ്രന്ഥങ്ങളിലും നോട്ടുപുസ്തകത്തിലും നിന്ന് എടുത്തതും കൂടി മൊത്തം 1577 വഹ്‌യുകളുണ്ട്. ഏറ്റവും ഒടുവിലെ പതിപ്പിൽ കുറച്ചുകൂടി ചേർത്തിട്ടുണ്ടെങ്കിലും ക്രമനമ്പർ ഒഴിവാക്കിയിട്ടുണ്ട്.**

രിച്ചത്. തുടർന്ന് പാകിസ്ഥാനിലെ രണ്ട് പതിപ്പുകളിലും ഇന്ത്യയിലെ രണ്ടാം പതിപ്പിലും കോപ്പികളുടെ എണ്ണം ചേർത്തിട്ടില്ല. വിശുദ്ധ ക്വുർആന്റെ ഈ രണ്ടാം വാല്യത്തിന് ആകെ നാലോ അഞ്ചോ ആയിരം കോപ്പികൾ അച്ചടിച്ചത് ആവശ്യം പൂർത്തീകരിക്കാൻ മതിയാവുമെങ്കിൽ ഈ 'ദൈവിക വചനങ്ങൾക്ക്' ഖാദിയാനി വിഭാഗം കൽപിക്കുന്ന വിലയെന്തെന്നും ഒപ്പം അവരുടെ അംഗസംഖ്യയും മനസ്സിലാക്കാം. ഈ പുസ്തകം കണ്ടിട്ടുള്ള എത്ര പേരുണ്ടാകും നമ്മുടെ കേരളത്തിൽ എന്ന അന്വേഷണവും കൗതുകം ജനിപ്പിക്കും.

### 'ദൈവിക വചനങ്ങളെ' തമസ്കരിക്കുന്നു

ഖാദിയാനി പ്രവാചകന്റെ തൊണ്ണൂറോളം ഗ്രന്ഥങ്ങൾ മൂലഭാഷയായ ഉർദുവിലോ അവയുടെ മൊഴിമാറ്റങ്ങളോ ലോകത്തെവിടെയും ലഭ്യമല്ലെന്നും അവയുടെ ഉള്ളടക്കം ജനങ്ങളിൽ എത്തിക്കുന്നതിൽ അഹ്മദികൾക്ക് താൽപര്യമില്ലെന്നുമുള്ള ആക്ഷേപത്തിന് പ്രസ്ഥാനത്തോളം തന്നെ പഴക്കമുണ്ട്. ഇതിനുള്ള മറുപടി എന്ന നിലക്ക് 1984ൽ ലണ്ടനിൽനിന്ന് 'റൂഹാനി ഖസാഇൻ' എന്ന പേരിൽ 23 വാല്യങ്ങളിലായി മിർസയുടെ രചനകളും 10 വാല്യങ്ങളിൽ അദ്ദേഹത്തിന്റെ 'മൽഫൂസാതും' മൂന്നു ഭാഗങ്ങളിൽ പരസ്യങ്ങളും രണ്ടാം ഖലീഫ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ ക്വുർആൻ വ്യാഖ്യാനം 10 വാല്യങ്ങളും ചേർത്ത് 46 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. എന്നാൽ അതിൽ വഹ്‌യുകളുടെയും കത്തുകളുടെയും സമാഹാരങ്ങൾ ഉൾപ്പെടുത്തിയില്ല. മാത്രവുമല്ല 'തഫ്സീർ കബീറി'ൽ സൂറഃ ആലുഇംറാൻ മുതൽ അത്തൗബ വരെയുള്ള എട്ടു വലിയ സൂറത്തുകൾ വിട്ടുകളയുകയും ചെയ്തു. വീണ്ടും മൂന്നര പതിറ്റാണ്ട് കഴിയുമ്പോൾ ഈ 'ദിവ്യഗ്രന്ഥങ്ങൾ' മഷിയിട്ടാൽ പോലും കാണാനാവില്ല എന്നതാണ് യാഥാർഥ്യം.

ഖാദിയാനി ഗ്രന്ഥങ്ങളുടെ വിവർത്തനങ്ങൾ പ്രസിദ്ധീകരിക്കുന്ന കാര്യത്തിലും ഈ 'സൂക്ഷ്മത' കാണാം. മലയാളത്തിൽ നൂറു കണക്കിന് പുസ്തകങ്ങളുടെ പല പതിപ്പുകൾ പ്രസിദ്ധീകരിക്കുന്നുണ്ടെങ്കിലും മിർസായുടെ വിരലിലെണ്ണാവുന്ന ലഘുകൃതികൾ മാത്രമാണ് മൊഴിമാറ്റി പ്രസിദ്ധീകരിച്ചിട്ടുള്ളത്. തന്റെ കൈകളാൽ അല്ലാഹു എഴുതിയതെന്നും മുഹമ്മദ് നബി(സ്വ) സർട്ടിഫൈ ചെയ്തത് എന്നും അവകാശപ്പെടുന്ന 'ബറാഹീനെ അഹ്മദിയ,' 'ആയീനയേ കമാലാതെ ഇസ്‌ലാം,' 'അൻജാമെ ആഥം,' 'നൂറുൽ ഹഖ്,' 'ഹഖീഖതുൽ വഹ്‌യ്' തുടങ്ങിയ ഗ്രന്ഥങ്ങളിൽ ഒന്നുപോലും മലയാളത്തിലോ മറ്റേതെങ്കിലും ഭാഷകളിലോ കാണാൻ സാധ്യമല്ല. അവയുടെ ഒറിജിനൽ കോപ്പികൾ റഫറൻസിന് പോലും ലഭ്യമല്ല എന്നത് ശ്രദ്ധേയമാണ്.

### മൂന്നു തവണയെങ്കിലും വായിക്കുക

'തന്റെ ഗ്രന്ഥങ്ങൾ കുറഞ്ഞത് മൂന്നു പ്രാവശ്യമെങ്കിലും വായിക്കാത്തവരിൽനിന്ന് അഹങ്കാരം നീങ്ങിപ്പോവില്ലെ'ന്ന് മസീഹ് ഒരിക്കൽ പറയുകയുണ്ടായി. ഹസ്രത്ത് അഹ്മദിന്റെ ഗ്രന്ഥങ്ങൾ വളരെ കുറച്ചുമാത്രമെ മലയാളത്തിൽ ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുള്ളൂ. ജമാഅത്തിലെ അംഗസംഖ്യ വർധിച്ചു കൊണ്ടിരിക്കുകയാണ്. ഒരാൾ അഹ്മദിയായിക്കഴിഞ്ഞാൽ അയാളുടെ ഒന്നാമത്തെ നിർബന്ധ കടമ ഗ്രന്ഥങ്ങളുമായി ആത്മബന്ധം പുലർത്തുക എന്നതാണ്. അതിലൂടെയാണ് ആത്മീയ അഭിവൃദ്ധി കരസ്ഥമാക്കാൻ സാധിക്കുക' ('ബദർ' മലയാളം വാരിക)

മലയാളികൾക്ക് പ്രവാചകന്റെ കൊച്ചുകൃതികൾ പോലും വായിക്കാൻ കിട്ടാത്തതിന്റെ പരിദേവനം ആണിത്. പ്രവാചകന്റെ വഹ്‌യുകളെ വായിക്കാൻ കഴിയാത്ത അവസ്ഥ എത്ര ശോചനീയമല്ല!

തന്റെ ഗ്രന്ഥങ്ങൾ വായിച്ച് സത്യം ഗ്രഹിക്കാത്തവർ ജാരസന്തതികളാണെന്നും മിർസാ ഖാദിയാനി 'ആയീനയേ കമാലാത്തെ ഇസ്‌ലാം' എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുണ്ട്. (പേജ് 547).

മസീഹിന്റെ കൃതികൾ ജീവിതത്തിലൊരിക്കലെങ്കിലും വായിക്കാത്തവരുടെ ഈമാനിനെക്കുറിച്ച് സംശയിക്കണമെന്ന് രണ്ടാം ഖലീഫയും പറഞ്ഞിട്ടുണ്ട്. അവയുടെ കോപ്പി സംസ്ഥാന കമ്മിറ്റി ഓഫീസിൽ റഫറൻസിനു പോലും ലഭ്യമല്ലെന്നിരിക്കെ ഇതെങ്ങനെ സാധിക്കാനാണ്?

'തദ്കിറ'യുടെ ആദ്യ പതിപ്പിൽ 1204 വഹ്‌യുകളാണ് ഉള്ളത്. രണ്ടാം പതിപ്പിൽ 'അൽബുശ്റ'യിൽ നിന്ന് പകർത്തിയതും ഇതേവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത ചില ഗ്രന്ഥങ്ങളിലും നോട്ടുപുസ്തകത്തിലും നിന്ന് എടുത്തതും

കൂടി മൊത്തം 1577 വഹ്‌യുകളുണ്ട്. ഏറ്റവും ഒടുവിലെ പതിപ്പിൽ കുറച്ചുകൂടി ചേർത്തിട്ടുണ്ടെങ്കിലും ക്രമനമ്പർ ഒഴിവാക്കിയിട്ടുണ്ട്.

ഇത്രയും പ്രാധാന്യമുള്ള ഒരു പുസ്തകമാണ് നാം പഠനവിധേയമാക്കുന്നത്. 400 ലധികം വെളിപാടുകൾ ഇതിൽ പരാമർശിക്കുന്നുണ്ട്. പുസ്തകത്തിന്റെ സമ്പൂർണ മൊഴിമാറ്റം അല്ലാത്തതുകൊണ്ടും അത് നമ്മുടെ കാര്യമല്ലാത്തതുകൊണ്ടും വിഷയാധിഷ്ഠിതമായി അധ്യായങ്ങളിൽ ഉദ്ധരിക്കുകയാണ് ചെയ്യുന്നത്. ചോറിന്റെ വേവറിയാൻ എല്ലാ വറ്റും പരിശോധിക്കേണ്ട കാര്യമില്ലല്ലോ.

### ‘നവയുഗ പ്രവാചകന്റെ’ അധ്യാപനങ്ങൾ

ഖാദിയാനി പ്രവാചകന്റെ എല്ലാ വഹ്‌യുകളും ‘തദ്കിറ’യിലുണ്ട്. എന്നാൽ ആധുനിക കാലത്ത് നിയുക്തനായ ഒരു പ്രവാചകനിൽ നിന്ന് നാം പ്രതീക്ഷിക്കുന്ന അധ്യാപനങ്ങൾ മഷിയിട്ടാൽ പോലും കാണാനാവില്ല. പതിമൂന്ന് നൂറ്റാണ്ട് പിന്നിട്ട ശേഷമാണ് ‘പുതിയ പ്രവാചക നിയോഗം’ എന്നതിനാൽ ചിലകാര്യങ്ങളിൽ അവസാനവാക്ക് പറയേണ്ട സാമാന്യ ഉത്തരവാദിത്തം ഈ പ്രവാചകനുണ്ടായിരുന്നു. ശേഷം ഉടലെടുത്ത ചില പ്രശ്നങ്ങളാണ് ഉദ്ദേശ്യം.

### ജാതിവ്യവസ്ഥ

ഈ ‘പ്രവാചകനെ’ നിയോഗിച്ച കാലഘട്ടത്തിൽ ലോകമെമ്പാടും ഇന്ത്യയിൽ വിശേഷിച്ചും നിലവിലുള്ള കൊടിയ തിന്മയാണ് ജാതി വ്യവസ്ഥയും വർണ വിവേചനവും. ഇന്ത്യയിൽ ജാതീയതയുടെ പേരിലുള്ള കൊടിയ ക്രൂരതയുടെ ഇരകളായിരുന്നു അരികുവത്കരിക്കപ്പെട്ട അവർണർ. ശുദ്രൻ എന്ന നാലാം വർണക്കാരനെക്കാൾ എന്നല്ല, നാൽക്കാലികളെക്കാളും നിന്ദിതരും മേൽജാതിക്കാരുടെ ശാരീരികവും മാനസികവുമായ കൊടിയ പീഡനങ്ങൾക്ക് ഇരകളുമായിരുന്നു അവർ. ഇന്നും വലിയ മാറ്റമില്ലാതെ തുടരുന്നു. ഭക്ഷണത്തിലും വസ്ത്രത്തിലും ആചാരങ്ങളിലും, എന്തിനധികം ഭാഷയിൽ പോലും കീഴാളന് അതിർത്തി നിർണയിച്ച് ജാതിമതിലുകൾ പൊക്കിക്കെട്ടിയിരുന്നു. ‘കാലത്തിന്റെ പരിഷ്കർത്താവ്’ കൂടിയായ പ്രവാചകൻ ഇക്കാര്യത്തെക്കുറിച്ച് മിണ്ടിയില്ലെന്ന് മാത്രമല്ല, അതിനെ പിന്തുണക്കുകയാണ് ചെയ്തത്.

**ഇന്ത്യയിൽ ജാതീയതയുടെ പേരിലുള്ള കൊടിയ ക്രൂരതയുടെ ഇരകളായിരുന്നു അരികുവത്കരിക്കപ്പെട്ട അവർണർ. ശുദ്രൻ എന്ന നാലാം വർണക്കാരനെക്കാൾ എന്നല്ല, നാൽക്കാലികളെക്കാളും നിന്ദിതരും മേൽജാതിക്കാരുടെ ശാരീരികവും മാനസികവുമായ കൊടിയ പീഡനങ്ങൾക്ക് ഇരകളുമായിരുന്നു അവർ. ഇന്നും വലിയ മാറ്റമില്ലാതെ തുടരുന്നു. ഭക്ഷണത്തിലും വസ്ത്രത്തിലും ആചാരങ്ങളിലും, എന്തിനധികം ഭാഷയിൽ പോലും കീഴാളന് അതിർത്തി നിർണയിച്ച് ജാതിമതിലുകൾ പൊക്കിക്കെട്ടിയിരുന്നു. ‘കാലത്തിന്റെ പരിഷ്കർത്താവ്’ കൂടിയായ പ്രവാചകൻ ഇക്കാര്യത്തെക്കുറിച്ച് മിണ്ടിയില്ലെന്ന് മാത്രമല്ല, അതിനെ പിന്തുണക്കുകയാണ് ചെയ്തത്.**

മുഹമ്മദീ ബീഗവുമായുള്ള പ്രണയം സഫലമാകാത്തതിന്റെ വേദനയിൽ അവരുടെ അമ്മായിയുടെ ഭർത്താവിനെഴുതിയ കത്തിൽ ഒരു ചോദ്യം ഉന്നയിക്കുന്നു: ‘പെണ്ണിനെ തരാതിരിക്കാൻ ഞാനെന്താ ചാമർ (ചെരിപ്പുകുത്തി) ജാതിയിൽ പെട്ട ആളാണോ?’ ഇതിനെക്കാൾ വലിയ ഒരു അവഹേളനം കീഴാളന് മറ്റൊരിടത്തുനിന്നും ലഭിക്കാനിടയില്ല.

### സാമ്പത്തിക രംഗം

മുഹമ്മദ് നബി(സ്വ)ക്ക് ശേഷം ഉണ്ടായ സാമ്പത്തിക രംഗത്തെ നൂതന സംരംഭങ്ങളാണ് ബാങ്കിംഗ്, ഇൻഷുറൻസ്, ഷെയർ മാർക്കറ്റിംഗ് തുടങ്ങിയവ. അവയുടെ ഇസ്‌ലാമികമാനവും ഹലാൽ, ഹറാം പരിധികളുമൊക്കെ പറഞ്ഞുതരേണ്ട ആളാണല്ലോ ദൈവദൂതൻ. അതൊന്നും ഇല്ലെന്നു മാത്രമല്ല, പുസ്തക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് കൊടിയ വിശ്വാസവഞ്ചന നടത്തിയ ആളാണ് ഇദ്ദേഹം എന്ന് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? പക്ഷേ, അതൊരു വസ്തുതയാണ്.

### രക്തദാനം മുതൽ...

ആരോഗ്യശാസ്ത്ര രംഗത്തുണ്ടായ കുതിച്ചുചാട്ടത്തിൽ ഉടലെടുത്ത പുതിയ പ്രശ്നങ്ങൾക്ക് ഒന്നിനും ഈ ദൂതന്റെ വശം ഒരു പരിഹാരവുമില്ല. ശസ്ത്രക്രിയ, രക്തദാനം, അവയവദാനം തുടങ്ങി ക്ലോണിങ് വരെ എത്തിനിൽക്കുന്ന ചികിത്സാ രംഗത്ത് ഇസ്‌ലാമിന്റെ നിലപാട് പറയേണ്ട ‘നബി’ ഒരക്ഷരം മിണ്ടിയില്ല. എന്നാൽ തികച്ചും അന്ധവിശ്വാസാധിഷ്ഠിതമായ ചികിത്സാരീതിയാണ് ‘ഇൽഹാമിയോപ്പതി’യിലൂടെ അയാൾ അവതരിപ്പിച്ചത്. പാരമ്പര്യമായി പഠിച്ച വൈദ്യശാസ്ത്രത്തിൽ ദൈവിക മരുന്നായി കറുപ്പും മറ്റും ചേർത്ത് ആളുകളെ പറ്റിക്കുകയായിരുന്നു അയാൾ.

**(തുടരും)**

# അദൃശ്യജ്ഞാനവും ഖലീഫമാരും ജിഫ്രി തങ്ങളുടെ ഹദീസ് ദുർവ്യാഖ്യാനവും

3

**മൂസ സ്വലാഹി കാര**
:97473 45768

മതത്തിന്റെ യഥാർഥ ആദർശത്തെ മറച്ചുവെച്ച് സ്വയംകൃത ആശയങ്ങളിൽ പ്രീതിപൂണ്ടവരായി കഴിയുകയാണ് സമസ്തയുടെ പുരോഹിതന്മാർ. പ്രമാണദുർവ്യാഖ്യാനങ്ങളിലൂടെയും കൃത്രിമ രേഖകൾ നിരത്തിയും അവരുടെ സങ്കൽപങ്ങളെ ജനങ്ങൾക്കിടയിൽ നട്ടുപിടിപ്പിക്കാൻ പരിശ്രമിക്കുകയാണ് ഇക്കൂട്ടർ. ശ്രേഷ്ഠരായ ഖലീഫമാരുടെ പേരിൽവരെ കളവു പറഞ്ഞ് അണികളെ കബളിപ്പിക്കുന്ന ഇവരുടെ കാപട്യം സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

മൂന്നാം ഖലീഫ ഉസ്മാൻ(റ) അദൃശ്യകാര്യം (ഗൈബ്) അറിഞ്ഞിരുന്നു എന്ന് തെളിയിക്കാൻ അദ്ദേഹം മറ്റു സ്വഹാബികളോട് 'നിങ്ങളിലൊരാൾ എന്റെയടുക്കൽ പ്രവേശിക്കും, അയാളുടെ രണ്ട് കണ്ണുകളിലും വ്യഭിചാരത്തിന്റെ അടയാളം പ്രകടമാകും' എന്ന് പറഞ്ഞതാണ് ജിഫ്രി തങ്ങൾ സമ്മേളനത്തിൽ വായിച്ചത്. ഇത് പല ഗ്രന്ഥങ്ങളിലും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ ബാക്കി ഭാഗം കൂടി ഇദ്ദേഹം വായിച്ചിരുന്നെങ്കിൽ ഇക്കൂട്ടരുടെ അനിസ്‌ലാമിക വാദങ്ങളെ ഉറപ്പിക്കാൻ ഉതകുന്ന വ്യക്തമായ ഒരു തെളിവ് പോലും എടുത്തുദ്ധരിക്കാനില്ലാത്തവിധം ഇവർ ഞെരുക്കത്തിലാണെന്ന് ആർക്കും മനസ്സിലാകും. ബാക്കി ഇപ്രകാരമാണുള്ളത്: സ്വഹാബിമാർക്കിടയിൽനിന്ന് ഒരാൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതന് ശേഷം വഹ്‌യ് അവതരിപ്പിക്കപ്പെടുകയോ?' അദ്ദഹം പറഞ്ഞു: 'അല്ല,

> **എല്ലാ കാര്യങ്ങളെയും മുൻകൂട്ടി അറിയാൻ ഉസ്മാൻ(റ)വിന് കഴിയുമായിരുന്നെങ്കിൽ അദ്ദേഹത്തെ ഖലീഫയായി തെരഞ്ഞെടുക്കുന്നതിൽ പ്രശ്നം ഉടലെടുക്കുമായിരുന്നില്ല. ശപിക്കപ്പെട്ട അബ്ദുല്ലാഹിബ്നു സബഅ് മൂലം വരാനുള്ള പരീക്ഷണത്തെ അദ്ദേഹത്തിന് മുമ്പേ വെളിവാക്കാമായിരുന്നല്ലോ! ബദ്ർ യുദ്ധത്തിലും ബൈഅത്തു രിദ്‌വാനിലും ന്യായമായ കാരണങ്ങൾ ഉള്ളതിനാൽ ഞാൻ പങ്കെടുക്കില്ലെന്ന് ആദ്യമെ പ്രഖ്യാപിക്കാമായിരുന്നു.**

ഇത് സത്യസന്ധമായ നിരീക്ഷണവും ബോധ്യവുമാണ്.'

ഇതിലെവിടെയാണ് അദ്ദേഹത്തിന് എല്ലാ അദൃശ്യങ്ങളും എപ്പോഴും അറിയാൻ കഴിയുമെന്നുള്ളത്? അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന സ്വഹാബികളിൽ ആരെങ്കിലും ഇത് കേട്ടപ്പോൾ ഇങ്ങനെ വിശ്വസിച്ചുവോ? ഇതിനെ വിശദീകരിച്ച അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ ഇത്തരമൊരു വാദം ഇതിൽനിന്ന് കണ്ടെത്തിയോ? സൂക്ഷ്മ നിരീക്ഷണങ്ങളിലൂടെ കാര്യങ്ങൾ പറഞ്ഞ ഒട്ടേറെ സംഭവങ്ങൾ നബി(സ്വ) യിലും മറ്റു സ്വഹാബികളിലും പൂർവകാല പണ്ഡിതന്മാരിലും ഉണ്ടായിട്ടുണ്ടല്ലോ! അതെല്ലാം എടുത്തുപറഞ്ഞ് ഗൈബറിയലാക്കി മാറ്റിയാൽ എന്തായിരിക്കും അവസ്ഥ! ലൂത്വ് നബി(അ) യുടെ ജനതക്ക് നൽകിയ ശിക്ഷയെ കുറിച്ച് പരാമർശിച്ചതിന് ശേഷം അല്ലാഹു പറയുന്നു: 'നിരീക്ഷിച്ച് മനസ്സിലാക്കുന്നവർക്ക് തീർച്ചയായും അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്' (ക്വുർആൻ15:75). ഇതിനെ അദൃശ്യമറിയലായി വ്യാഖ്യാനിക്കാമോ?

എല്ലാ കാര്യങ്ങളെയും മുൻകൂട്ടി അറിയാൻ ഉസ്മാൻ(റ)വിന് കഴിയുമായിരുന്നെങ്കിൽ അദ്ദേഹത്തെ



ഖലീഫയായി തെരഞ്ഞെടുക്കുന്നതിൽ പ്രശ്നം ഉടലെടുക്കുമായിരുന്നില്ല. ശപിക്കപ്പെട്ട അബ്ദുല്ലാഹിബ്നു സബഅ് മൂലം വരാനുള്ള പരീക്ഷണത്തെ അദ്ദേഹത്തിന് മുമ്പേ വെളിവാക്കാമായിരുന്നല്ലോ! ബദ്ർ യുദ്ധത്തിലും ബൈഅത്തുരിദ്‌വാനിലും ന്യായമായ കാരണങ്ങൾ ഉള്ളതിനാൽ ഞാൻ പങ്കെടുക്കില്ലെന്ന് ആദ്യമെ പ്രഖ്യാപിക്കാമായിരുന്നു.

അലി(റ)വിന് അദൃശ്യമറിയാൻ കഴിയുമെന്നതിന് മുസ്‌ലിയാർ പറഞ്ഞുവെച്ചത് ശിയാ ഗ്രന്ഥങ്ങളിൽ കാര്യമായ ഇരിപ്പിടം നൽകപ്പെട്ട തെളിവാണെന്ന് കാണാം. 'അലി(റ) ഹുസൈൻ(റ)വിന്റെ ക്വബ്റിടത്തിനരികിലൂടെ നടന്നപ്പോൾ 'ഇതാണ് അവരുടെ വാഹനങ്ങളുടെ ഭാഗം, ഇതാണ് അവരുടെ യാത്രയുടെ സ്ഥലം, ഇവിടെയാണ് അവരുടെ രക്തം ചൊരിയുക, ഈ യുദ്ധക്കളത്തിൽ വെച്ച് മുഹമ്മദിന്റെ കുടുംബത്തിലെ യുവാക്കൾ കൊല്ലപ്പെടുമെന്ന് പറഞ്ഞു.' ഇതാണ് ആ തെളിവ്!

ശിയാ നേതാക്കളായ മുഹമ്മദ് അലി അത്തുറൈഹിയുടെ ജവാഹിറുൽ മത്വാലിബ്, ആമിലിയുടെ അൽഫുസൂലുൽ മുഹിമ്മ, ജഅ്ഫർ ഇബ്നു മുഹമ്മദിന്റെ കാമിലുൽ സിയാറാത്ത്, മുഹമ്മദ് ബാഖിറിന്റെ ബിഹാറുൽ അൻവാർ, ശരീഫ് രിദയുടെ ക്വസായിസുൽ അഇമ്മ തുടങ്ങിയ കിതാബുകളിൽ അലി(റ) വിനെ പ്രതിയാക്കി അവരുടെ ആശയ പ്രചാരണം കൊഴുപ്പിക്കാൻ വേണ്ടി എഴുതിപ്പിടിപ്പിച്ചിട്ടുള്ളതാണിത്. ഇതുതന്നെയാണ് സമസ്തക്കാരുടെ തെളിവും! ഇനി, ആരാണ് ശിയാക്കൾ എന്ന് മുസ്‌ലിയാരുടെ വിഭാഗത്തിന്റെ ആധികാരിക പുസ്തകത്തിൽനിന്നുതന്നെ നമുക്ക് വായിക്കാം: "ശീഅത്തു അലി അഥവാ അലി(റ)വിന്റെ കക്ഷി എന്നാണ് ഇവർ അറിയപ്പെടുന്നത്. അബൂബക്കർ(റ), ഉമർ(റ) എന്നിവരടങ്ങുന്ന ബഹുഭൂരിഭാഗം സ്വഹാബത്തിനെയും ആക്ഷേപിക്കുകയും ശാപപ്രാർഥന നടത്തുകയും ചെയ്യുന്നവരാണിവർ. അലി(റ)വിന് ദിവ്യത്വം കൽപിച്ചുകൊണ്ടാണ് ഇവരുടെ രംഗപ്രവേശനം" (നമ്മുടെ പൈതൃകം/പേജ് 41).

മതവിരുദ്ധതയുടെ തനിസ്വരൂപമായ ശിയാക്കൾ ഇത്തരം പൊള്ളയായ വാക്കുകൾകൊണ്ട് പടച്ചുണ്ടാക്കുന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും കൂടെ കൊണ്ടുനടക്കുന്ന ഇവർ ഏത് ഇസ്‌ലാമിനെയാണ് പ്രതിനിധീകരിക്കുന്നത്? ഇവരുടെ കൈയിലുള്ളത് ഇസ്‌ലാമല്ലെന്നു ബോധ്യപ്പെടാൻ ഇതിൽ കൂടുതൽ തെളിവെന്തിന്? സ്വീകാര്യയോഗ്യമായ ഒരു പരമ്പരയിലൂടെയെങ്കിലും ഈ സംഭവം റിപ്പോർട്ടുചെയ്യപ്പെട്ടത് സമസ്തക്കാർക്ക് കാണിക്കാമോ? അഹ്‌ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതരിൽ ആരെങ്കിലുമൊരാൾ ഇതിന്റെ സ്വഹീഹായ റിപ്പോർട്ട് അവരുടെ ഗ്രന്ഥങ്ങളിൽ ചേർത്ത് ഇത്തരമൊരു വാദം സ്ഥാപിച്ചത് വായിക്കാമോ? അലി(റ)വിന് ഗൈബിയായ കാര്യങ്ങൾ അറിയാമായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ആ പ്രത്യേകത നബി(സ്വ) എന്തേ മുൻകൂട്ടി അറിഞ്ഞില്ല? വഴിയിൽ പതുങ്ങിയിരുന്ന തന്റെ ഘാതകനെ എന്തുകൊണ്ട് അദ്ദേഹത്തിന് കാണാൻ കഴിഞ്ഞില്ല? കപടന്മാർ തന്റെ ഭരണകാലത്ത് സ്വഹാബികൾക്കിടയിൽ വലിയ കുഴപ്പമുണ്ടാക്കുമെന്ന് ആദ്യമേ മനസ്സിലാക്കാൻ എന്തുകൊണ്ടായില്ല? കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുന്നവർക്ക് ഇങ്ങനെയൊന്നും ചിന്തിക്കാൻ കഴിയില്ല.

അല്ലാഹു പറയുന്നു: "അല്ല, അല്ലാഹുവെ തന്നെ നീ ആരാധിക്കുകയും നീ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക" (ക്വുർആൻ 39:66).

നബി(സ്വ)യോടുള്ള ഈ കൽപനയുടെ വിവക്ഷ 'നിങ്ങളും നിങ്ങളോടൊപ്പമുള്ളവരും നിങ്ങളെ സത്യപ്പെടുത്തിയവരും പിന്തുടർന്നവരും ആരാധനയെ അല്ലാഹുവിന് നിഷ്കളങ്കമാക്കുക, അവൻ ഏകനാണ്, അവന് പങ്കുകാരില്ല' എന്നാണെന്ന് ഇബ്നു കസീർ(റഹി) വിശദീകരിച്ചിട്ടുണ്ട്.

ഹിജ്റ ഇരുനൂറിൽ ജീവിച്ച അബൂറബീഅ് അൽസഹ്റാനി റാഫിദിയാക്കളെ സംബന്ധിച്ച് പറഞ്ഞ വാക്ക് ഏറെ ശ്രദ്ധേയമാണ്: 'റാഫിദുകൾ മൃഗങ്ങളുടെ കൂട്ടത്തിലാണെങ്കിൽ കഴുതകളും പക്ഷികളുടെ കൂട്ടത്തിലാണെങ്കിൽ കഴുകന്മാരുമായിരിക്കും.'

**(തുടരും)**





വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 13

# പൊതുപരിസരങ്ങളിലെ മതവേഷങ്ങളും യൂണിഫോമും

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

**ഇറാനിൽ ശിരോവസ്ത്രത്തിനെതിരെ ഒരു വിഭാഗം സ്ത്രീകൾ രംഗത്തുവന്നത് കർണാടക സർക്കാരിന്റെ ഹിജാബ് നിരോധനത്തെ ശരിവെക്കാൻ ഉപയോഗിക്കുന്നത് എത്രമാത്രം ദൗർഭാഗ്യകരമാണ്! ഏതെങ്കിലും രാജ്യങ്ങളിൽ നടക്കുന്ന സമരങ്ങളെയാണോ ഇന്ത്യയിൽ ഭരണഘടന അനുവദിച്ച മതസ്വാതന്ത്ര്യത്തെ ഇല്ലാതാക്കാൻ ഉപയോഗിക്കുന്നത്? ശബരിമലയിൽ സ്ത്രീകൾക്ക് പ്രവേശനം നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് ഒരു വിഭാഗം സമരം ചെയ്തതുകൊണ്ട് ശബരിമലയിലെ സ്ത്രീ പ്രവേശന നിരോധനം എന്ന അവരുടെ അടിസ്ഥാന നിയമം തെറ്റാണെന്ന് പറയാൻ സാധിക്കുമോ? ശബരിമലയിൽ സ്ത്രീ പ്രവേശനത്തിനായി സമരം ചെയ്തതും ഹിന്ദു സ്ത്രീകൾ തന്നെയായിരുന്നല്ലോ! ഏതൊരു മതത്തിന്റെയും അടിസ്ഥാന നിയമം അതിന്റെ പ്രമാണങ്ങൾ പറയുന്നത് പ്രകാരമാണ് എന്ന യാഥാർഥ്യത്തെ മൂടിവെച്ച് ഇറാനിലേക്ക് പോയിട്ട് കാര്യമുണ്ടോ?**

ശിരോവസ്ത്രം ഉപേക്ഷിച്ചതിന്റെ പേരിൽ ആരെയും മതത്തിൽനിന്ന് പുറത്താക്കിയിട്ടില്ല, അതുകൊണ്ടുതന്നെ അത് മതത്തിന്റെ അനിവാര്യ നിയമമല്ല തുടങ്ങിയ വാദങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് സംസാരിച്ച സോളിസിറ്റർ ജനറൽ യൂണിഫോം പൊതുനിയമമാണെന്നും അത് പാലിക്കൽ നിർബന്ധമാണെന്നും പറഞ്ഞുകൊണ്ടായിരുന്നു വാദം തുടർന്നത്. ഒരാൾക്കും അപകർഷത തോന്നാത്തവിധം വസ്ത്രം ധരിക്കുക എന്നതാണ് യൂണിഫോമിന്റെ ലക്ഷ്യമെന്നും ഏകത്വത്തിനും സമത്വത്തിനും വേണ്ടിയാണ് അത് നിർബന്ധമാക്കിയതെന്നും അത് അതിലംഘിക്കുന്നത് നിയമപരമായ പരിശോധനകൾക്ക് വിധേയമാകുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ വാദം. യൂണിഫോം ലംഘിക്കുകയും സർക്കാർ നിയമത്തിനെതിരെ കോടതിയിൽ പോവുകയും ചെയ്തതുകൊണ്ടാണ് ഇത് കോടതിയിൽ പരിശോധിക്കപ്പെടേണ്ടിവന്നതെന്നും തുഷാർ മേത്ത പറഞ്ഞു.

ഇറാൻ പോലെയുള്ള ഇസ്‌ലാ

മിക രാജ്യങ്ങളിലെ വനിതകൾ പോലും ഇന്ന് ഹിജാബിനെതിരെ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് വ്യക്തമാക്കുന്നത് ശിരോവസ്ത്രം നിർബന്ധമല്ല എന്ന കാര്യമാണ്. ഖുർആനിൽ ഒരു കാര്യം പരാമർശിക്കുന്നതുകൊണ്ട് മതത്തിൽ അത് നിർബന്ധമാണെന്ന് ശഠിക്കുന്നത് ശരിയല്ല. അത് മാതൃകാപരമായ കാര്യമാണെന്നോ അനുവദിക്കപ്പെട്ട കാര്യമാണെന്നോ മാത്രമെ പറയാൻ സാധിക്കൂ.

**വിശദീകരണം**

ഒട്ടും ബലമില്ലാത്ത പിടിവള്ളികളിലാണ് എസ്.ജി തൂങ്ങിനിൽക്കുന്നത്. ഇറാനിൽ ശിരോവസ്ത്രത്തിനെതിരെ ഒരു വിഭാഗം സ്ത്രീകൾ രംഗത്തുവന്നത് കർണാടക സർക്കാരിന്റെ ഹിജാബ് നിരോധനത്തെ ശരിവെക്കാൻ ഉപയോഗിക്കുന്നത് എത്രമാത്രം ദൗർഭാഗ്യകരമാണ്! ഏതെങ്കിലും രാജ്യങ്ങളിൽ നടക്കുന്ന സമരങ്ങളെയാണോ ഇന്ത്യയിൽ ഭരണഘടന അനുവദിച്ച മതസ്വാതന്ത്ര്യത്തെ ഇല്ലാതാക്കാൻ ഉപയോഗിക്കുന്നത്? ശബരിമലയിൽ സ്ത്രീകൾക്ക് പ്രവേശനം നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് ഒരു വിഭാഗം സമരം ചെയ്തതുകൊണ്ട് ശബരിമലയിലെ സ്ത്രീപ്രവേശന നിരോധനം എന്ന അവരുടെ അടിസ്ഥാന നിയമം തെറ്റാണെന്ന് പറയാൻ സാധിക്കുമോ? ശബരിമലയിൽ സ്ത്രീ പ്രവേശനത്തിനായി സമരം ചെയ്തതും ഹിന്ദു സ്ത്രീകൾ തന്നെയായിരുന്നല്ലോ! ഏതൊരു മതത്തിന്റെയും അടിസ്ഥാന നിയമം അതിന്റെ പ്രമാണങ്ങൾ പറയുന്നത് പ്രകാരമാണ് എന്ന യാഥാർഥ്യത്തെ മൂടിവെച്ച് ഇറാനിലേക്ക് പോയിട്ട് കാര്യമുണ്ടോ?

**അമേരിക്കയും ക്യാപും മുടിസ്വാതന്ത്ര്യവും!**


എസ്.ജി: 'അഭിപ്രായ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന ഭരണഘടനയുടെ 19 (1) അനുച്ഛേദം ശിരോവസ്ത്രത്തിന് അവകാശം

**ഒരു വിപ്ലവത്തിന്റെ ശൈലി ഉൾക്കൊള്ളുന്ന അടയാളങ്ങൾ നിയന്ത്രിക്കുന്നത് പോലെയാണോ നിത്യജീവിതത്തിൽ മതപരമായി ഒരാൾ ആചരിക്കുന്ന അടയാളങ്ങൾ? മാത്രമല്ല, അമേരിക്കയിലെ സ്കൂളുകളിൽ ഹിജാബ് അനുവദിച്ചുകൊണ്ട് അവിടെയുള്ള കോടതികൾ നൽകിയ ഉത്തരവുകൾ വാദങ്ങൾ സമർപ്പിക്കുന്ന വേളയിൽ വിദ്യാർഥിനികളുടെ അഭിഭാഷകർ ചൂണ്ടിക്കാട്ടിയിരുന്നു. അമേരിക്കൻ കോടതി ക്യാപിനെ വിമർശിച്ചു എന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽതന്നെയും അവിടെ ശിരോവസ്ത്രം അനുവദിച്ചിട്ടുണ്ട് എന്ന യാഥാർഥ്യത്തെ സോളിസിറ്റർ ജനറലിന് നിഷേധിക്കാൻ സാധിക്കുമോ?**

നൽകുന്നു എന്നാണ് ഇവിടെ പലരും വാദിച്ചത്. എന്നാൽ ഇഷ്ടമുള്ള വേഷം ഇഷ്ടമുള്ള സ്ഥലങ്ങളിൽ ധരിക്കുക എന്നത് അഭിപ്രായസ്വാതന്ത്ര്യത്തിന്റെ പരിധിയിൽ വരില്ല.' ഇതിനായി എസ്.ജി ഒരു അമേരിക്കൻ കോടതിവിധിയാണ് ഉദ്ധരിച്ചത്. അമേരിക്കയിലെ കോടതിയിൽ ഒരു അഭിഭാഷകൻ 'ഓപ്പറേഷൻ തണ്ടർസ്റ്റോമിന്റെ' വേഷമായ 'ക്യാപ്' ധരിച്ചു വരികയുണ്ടായി. 1975ൽ സൈഗോണിന്റെ പതനത്തെത്തുടർന്ന് ദക്ഷിണ വിയറ്റ്നാമിൽ നിന്ന് പലായനം ചെയ്ത അഭയാർഥികളെ പുനരധിവസിപ്പിക്കാൻ വേണ്ടി രൂപംകൊണ്ട സിംഗപ്പൂർ സായുധസേനയുടെ രഹസ്യനാമമാണ് ഓപ്പറേഷൻ തണ്ടർസ്റ്റോം. ക്യാപ് ധരിച്ചുവന്ന അഭിഭാഷകനെ കോടതി വിമർശിച്ചു. ഒരു നിയന്ത്രിത ഫോറത്തിൽ ഇത്തരത്തിലുള്ള വേഷങ്ങൾ അനുവദിക്കാൻ പാടില്ലെന്നായിരുന്നു കോടതിയുടെ നിലപാട്. അതിലെന്ത് തെറ്റാണുള്ളത് എന്നായിരുന്നു എസ്.ജിയുടെ ചോദ്യം. കോവിഡ് നിയന്ത്രണമുള്ള കാലത്ത് വീഡിയോ വഴി കോടതിക്ക് മുമ്പാകെ പ്രത്യക്ഷപ്പെട്ട ചില അഭിഭാഷകർ കാഷ്വൽ വസ്ത്രം ധരിച്ചുവന്നപ്പോൾ ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് ഒരു ലേഖനം താൻ തയ്യാറാക്കിയിരുന്നതായും എസ്.ജി അവകാശപ്പെട്ടു.

യു.എസ്. പോലീസ് സേനയിൽ മുടി വളർത്തുന്നതിന് നിയ





ന്ത്രണങ്ങൾ കൊണ്ടുവന്ന നിയമങ്ങളെ കുറിച്ചായിരുന്നു പിന്നീട് എസ്.ജി പരാമർശിച്ചത്. എന്നാൽ ഇത്തരം വിഷയങ്ങളിൽ ചില സമാന്തര നിയമങ്ങൾ ഉണ്ടെന്നായിരുന്നു ജസ്റ്റിസ് ഗുപതയുടെ മറുപടി. സായുധസേനയിലെ അംഗങ്ങൾക്കും വൈമാനികർക്കും ചില പ്രത്യേക നിയമങ്ങളുണ്ട്. സായുധസേനയിലെ അച്ചടക്കവും സാധാരണ സ്കൂളുകളിലെ വിദ്യാർഥികളിൽ നടപ്പാക്കുന്ന അച്ചടക്കവും തമ്മിൽ വൈരുധ്യമുണ്ട് എന്നായിരുന്നു ഗുപ്തയുടെ വിശദീകരണം. അച്ചടക്കത്തിന്റെ മാനദണ്ഡം വ്യക്തികൾക്കനുസരിച്ച് മാറുന്നത് ശരിയല്ല എന്നും നിയമം ആരെയും ഉപദ്രവിക്കാൻ വേണ്ടിയല്ല, മറിച്ച് എല്ലാവരെയും ഏകീകരിക്കുന്നതിന് വേണ്ടി മാത്രമാണെന്നുമായിരുന്നു സർക്കാർ വക്കീലിന്റെ മറുപടി.

**വിശദീകരണം**

തണ്ടർസ്റ്റോം പോലെയുള്ള വിപ്ലവവീര്യം വളർത്തുന്ന ഒരു സംവിധാനത്തിന്റെ ക്യാപ് ധരിച്ചുവന്നതിനെയാണ് അമേരിക്കൻ കോടതി വിമർശിച്ചത്. കേവലം ഒരു ക്യാപിന്റെ പേരിലല്ല. ഒരു വിപ്ലവത്തിന്റെ ശൈലി ഉൾക്കൊള്ളുന്ന അടയാളങ്ങൾ നിയന്ത്രിക്കുന്നത് പോലെയാണോ നിത്യജീവിതത്തിൽ മതപരമായി ഒരാൾ ആചരിക്കുന്ന അടയാളങ്ങൾ? മാത്രമല്ല, അമേരിക്കയിലെ സ്കൂളുകളിൽ ഹിജാബ് അനുവദിച്ചുകൊണ്ട് അവിടെയുള്ള കോടതികൾ നൽകിയ ഉത്തരവുകൾ വാദങ്ങൾ സമർപ്പിക്കുന്ന വേളയിൽ വിദ്യാർഥിനികളുടെ അഭിഭാഷകർ ചൂണ്ടിക്കാട്ടിയിരുന്നു. അമേരിക്കൻ കോടതി ക്യാപിനെ വിമർശിച്ചു എന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽതന്നെയും അവിടെ ശിരോവസ്ത്രം അനുവദിച്ചിട്ടുണ്ട് എന്ന യാഥാർഥ്യത്തെ സോളിസിറ്റർ ജനറലിന് നിഷേധിക്കാൻ സാധിക്കുമോ?

പട്ടാളത്തിൽ കഠിനമായ പല നിയന്ത്രണങ്ങളുമുണ്ട്. അത് പട്ടാളത്തിന്റെ പ്രവർത്തന സ്വഭാവമനുസരിച്ചാണ് നിശ്ചയിച്ചിട്ടുള്ളത്. അതുപോലെയാണോ വിദ്യാലയങ്ങൾ? വളരെ സാധാരണക്കാരായ ആളുകൾ അവരുടെ കുട്ടികളെ പഠിപ്പിക്കാൻ വിടുന്ന വിദ്യാലയങ്ങളെ പട്ടാളക്യാമ്പുമായി തുലനം ചെയ്യുന്നത് യുക്തിഹീനമാണ് എന്ന് പറയേണ്ടതില്ല.

**പട്ടാളത്തിൽ കഠിനമായ പല നിയന്ത്രണങ്ങളുമുണ്ട്. അത് പട്ടാളത്തിന്റെ പ്രവർത്തന സ്വഭാവമനുസരിച്ചാണ് നിശ്ചയിച്ചിട്ടുള്ളത്. അതുപോലെയാണോ വിദ്യാലയങ്ങൾ? വളരെ സാധാരണക്കാരായ ആളുകൾ അവരുടെ കുട്ടികളെ പഠിപ്പിക്കാൻ വിടുന്ന വിദ്യാലയങ്ങളെ പട്ടാളക്യാമ്പുമായി തുലനം ചെയ്യുന്നത് യുക്തിഹീനമാണ് എന്ന് പറയേണ്ടതില്ല.**

**എസ്.ജിയെ ജഡ്ജിമാർ പിടികൂടുന്നു**

കുട്ടികൾ യൂണിഫോം ധരിക്കില്ലെന്ന് പറഞ്ഞിട്ടില്ലെന്നും അവർ ഒരു 'മഫ്ളർ' കൂടി ധരിക്കുന്നു എന്നുമാത്രമല്ലേ പറഞ്ഞിട്ടുള്ളുവെന്നുമായിരുന്നു ജസ്റ്റിസ് ധൂലിയയുടെ ചോദ്യം. ഒരു മതേതര വിദ്യാഭ്യാസ കേന്ദ്രത്തിൽ മതസ്വത്വം കാണിക്കുന്ന വേഷം പാടില്ല. ബാർ കൗൺസിൽ ഓഫ് ഇന്ത്യ നാളെ തിലകം ഉപയോഗിക്കുന്നത് വിലക്കിയാൽ പിന്നീട് നമുക്കത് കോടതിയിൽ ഉപയോഗിക്കാനുള്ള അനുവാദമില്ല. കാരണം തിലകം എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റീസിന്റെ ഭാഗമല്ല. 'അപ്പോൾ യൂണിഫോം എന്നാൽ നിങ്ങൾ നിശ്ചയിക്കുന്നതിനപ്പുറം കൂട്ടിച്ചേർക്കാനോ കുറക്കാനോ പാടില്ല എന്നാണോ ഉദ്ദേശിക്കുന്നത്? ഒരു ബെൽറ്റ് ധരിക്കാനുള്ള സ്വാതന്ത്ര്യവും ഇല്ലേ?' ജസ്റ്റിസ് ഗുപ്ത ചോദിച്ചു. ബെൽറ്റില്ലാതെ ഒരു പാന്റ് ധരിക്കാൻ സാധിക്കില്ലെങ്കിൽ ഒരു പക്ഷേ അത് ഉപയോഗിക്കുന്നതിന് വിരോധമുണ്ടാവില്ല എന്ന തപ്പിപ്പിടിച്ച മറുപടിയാണ് എസ്.ജിക്ക് നല്കാനുണ്ടായിരുന്നത്.

**മഫ്ളർ പറ്റും; ശിരോവസ്ത്രം പറ്റില്ല!**

യൂണിഫോമിനപ്പുറം ഒന്നും പാടില്ല എന്നുപറയുമ്പോൾ കാഴ്ചക്കുറവുള്ള ഒരു കുട്ടി എങ്ങനെ കണ്ണട വെക്കുമെന്നായിരുന്നു ജസ്റ്റിസ് ധൂലിയയുടെ ചോദ്യം. കണ്ണട മതവേഷമല്ല എന്ന് എസ്.ജി പറഞ്ഞപ്പോൾ എങ്കിൽ ഒരു മതവേഷമല്ലാത്ത വിധത്തിൽ ഒരാൾ തല മറയുന്ന മഫ്ളർ ധരിച്ചാൽ അതിലെന്താണ് കുഴപ്പം എന്ന് ധൂലിയ വീണ്ടും ചോദിച്ചു. ഉത്തരം മുട്ടിയ എസ്.ജി മതവേഷമല്ലെങ്കിൽ ധരിക്കാമെന്നും എന്നാൽ തല മാത്രം മറയുന്ന ഒരു 'സ്കൾ ക്യാപ്' പറ്റില്ലെന്നും പറഞ്ഞു. ശൈത്യകാലത്ത് 'മഫ്ളർ' അനിവാര്യമാ

വുമെന്ന് ജസ്റ്റിസ് ഗുപ്ത ചൂണ്ടിക്കാട്ടിയപ്പോൾ കർണാടക അഡ്വക്കേറ്റ് ജനറൽ വിന്റർ ഡ്രസ്സ് അനുവദിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ഒരു മഫ്ളർ അനുവദിക്കാമെങ്കിൽ പിന്നെ തലമറയുന്ന ശിരോവസ്ത്രം അനുവദിക്കുന്നതിൽ നിങ്ങളുടെ പ്രശ്നമെന്താണ് എന്നായിരുന്നു ധൂലിയയുടെ മറുചോദ്യം. മഫ്ളർ ക്യാപ് ഐക്യത്തിന് എതിരാവുന്നില്ലെന്നും എന്നാൽ ഹിജാബ് ശിരോവസ്ത്രം ഐക്യത്തിന് എതിരാണെന്നുമായിരുന്നു എസ്.ജിയുടെ കണ്ടുപിടുത്തം. മഫ്ളർ ധരിക്കുന്നത് ആരോഗ്യപരമായ കാരണങ്ങളാണെന്നും ഹിജാബ് ധരിക്കുന്നത് പ്രസ്തുത കാരണത്താൽ അല്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ വിശദീകരണം. ആരോഗ്യപരമായ കാരണങ്ങളാൽ ഒരാൾ തല മറച്ചാൽ നിങ്ങൾക്ക് വിരോധമില്ല എന്നാണോ നിങ്ങൾ പറഞ്ഞുവരുന്നത് എന്ന് ധൂലിയ ചോദിച്ചപ്പോൾ കർണാടകയിൽ തല മറച്ചിരിക്കേണ്ട വിധത്തിലുള്ള കഠിനമായ കാലാവസ്ഥ ഇല്ലെന്നു പറഞ്ഞു രക്ഷപ്പെടുകയായിരുന്നു എസ്.ജി. ഫ്രാൻസിലെ ഒരു കോടതിവിധി ഉദ്ധരിക്കാൻ എസ്.ജി തുനിഞ്ഞപ്പോൾ ജസ്റ്റിസ് ധൂലിയ ഇടപെട്ടു. ഫ്രാൻസിൽ പൊതുയിടങ്ങളിൽ പോലും മതവേഷങ്ങൾ നിരോധിച്ചിട്ടുണ്ടെന്നും അതുകൊണ്ട് ഫ്രാൻസിലെ കാര്യങ്ങൾ ഇവിടെ കൊണ്ടുവരുന്നത് അർഥശൂന്യമാണെന്നായിരുന്നു ധൂലിയയുടെ നിലപാട്.

### എസ്.ജിയുടെ വാദങ്ങൾ ചുരുക്കത്തിൽ

എസ്.ജി തന്റെ വാദങ്ങൾ സംഗ്രഹിച്ചത് ഇങ്ങനെയായിരുന്നു: 1) യൂണിഫോം നിർദേശിക്കാൻ ബന്ധപ്പെട്ടവർക്ക് നിയമപരമായ അധികാരമുണ്ട്. 2) ചട്ടങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ സ്കൂളുകൾക്ക് നിർദേശം നൽകാൻ സർക്കാരിന് നിയമപരമായ അധികാരമുണ്ട്. 3) പ്രസ്തുത അധികാരങ്ങൾ ഉപയോഗിക്കാൻ ബുദ്ധിപരവും

**ഒരു മഫ്ളർ അനുവദിക്കാമെങ്കിൽ പിന്നെ തലമറയുന്ന ശിരോവസ്ത്രം അനുവദിക്കുന്നതിൽ നിങ്ങളുടെ പ്രശ്നമെന്താണ് എന്നായിരുന്നു ധൂലിയയുടെ മറുചോദ്യം. മഫ്ളർ ക്യാപ് ഐക്യത്തിന് എതിരാവുന്നില്ലെന്നും എന്നാൽ ഹിജാബ് ശിരോവസ്ത്രം ഐക്യത്തിന് എതിരാണെന്നുമായിരുന്നു എസ്.ജിയുടെ കണ്ടുപിടുത്തം. മഫ്ളർ ധരിക്കുന്നത് ആരോഗ്യപരമായ കാരണങ്ങളാണെന്നും ഹിജാബ് ധരിക്കുന്നത് പ്രസ്തുത കാരണത്താൽ അല്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ വിശദീകരണം. ആരോഗ്യപരമായ കാരണങ്ങളാൽ ഒരാൾ തല മറച്ചാൽ നിങ്ങൾക്ക് വിരോധമില്ല എന്നാണോ നിങ്ങൾ പറഞ്ഞുവരുന്നത് എന്ന് ധൂലിയ ചോദിച്ചപ്പോൾ കർണാടകയിൽ തല മറച്ചിരിക്കേണ്ട വിധത്തിലുള്ള കഠിനമായ കാലാവസ്ഥ ഇല്ലെന്നു പറഞ്ഞു രക്ഷപ്പെടുകയായിരുന്നു എസ്.ജി**

യുക്തിപരവുമായ ന്യായീകരണങ്ങളുണ്ട്. 4) സർക്കാർ നിയമം മതങ്ങളെ പൊതുയിടങ്ങളിൽ 'ന്യൂട്രൽ' ആക്കുന്ന സ്വേച്ഛാപരമല്ലാത്ത വിധത്തിലുള്ളതാണ്. 5) അവർ ഇതൊരു എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റിസ് ആണെന്ന് വാദിച്ചുകൊണ്ടാണ് കോടതിയെ സമീപിച്ചതെങ്കിലും അതവർക്ക് സമർഥിക്കാൻ സാധിച്ചില്ല.

### ദൈവത്തെ ഭയപ്പെടണോ, സ്നേഹിച്ചാൽ പോരേ?

ശിരോവസ്ത്രം എസെൻഷ്യൽ ആണെന്ന് തെളിയിക്കുന്ന വിശുദ്ധ ഖുർആൻ വചനങ്ങൾ കോടതിയിൽ അഭിഭാഷകർ ഉദ്ധരിച്ച കാര്യം ജസ്റ്റിസ് ഗുപ്ത ചൂണ്ടിക്കാണിച്ചപ്പോൾ അതെല്ലാം അനുവദനീയമായ കാര്യങ്ങൾ എന്ന നിലക്കുള്ള ഖുർആൻ വചനങ്ങൾ ആണെന്നായിരുന്നു എസ്.ജിയുടെ മറുപടി. എന്നാൽ ശിരോവസ്ത്രം ഉപേക്ഷിക്കുന്നത് മരണശേഷം വിചാരണ ചെയ്യപ്പെടുന്ന സന്ദർഭത്തിൽ കുറ്റകരമായി രേഖപ്പെടുത്തുമെന്ന് വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് അബ്ദുൽമജീദ് ധർ കോടതിയെ ധരിപ്പിച്ച കാര്യം ജസ്റ്റിസ് ഗുപ്ത എസ്.ജിയെ തെര്യപ്പെടുത്തി. ഇതിന് എസ്.ജി നൽകിയ മറുപടി ആശ്ചര്യപ്പെടുത്തുന്നതായിരുന്നു. അദ്ദേഹം പറഞ്ഞു: 'ഇവയെല്ലാം വിശ്വാസങ്ങൾ മാത്രമാണ്. എല്ലാ മതങ്ങൾക്കും ഈ തരത്തിലുള്ള വിശ്വാസങ്ങളുണ്ട്. അതുകൊണ്ട് അവ അനിവാര്യമായ ആചാരമായി മാറണമെന്നില്ല. ഹിന്ദുമതം, ക്രിസ്തുമതം, എല്ലാവർക്കും സ്വർഗനരകങ്ങളുമായി ബന്ധപ്പെട്ട വിശ്വാസമുണ്ട്. ദൈവഭയത്തെ കുറിച്ച് ആളുകൾ പറയുന്നു. എന്തിനാണ് നാം ദൈവത്തെ ഭയപ്പെടുന്നത്? ദൈവത്തെ സ്നേഹിച്ചാൽ പോരേ?'

### ഫർളും ഫർള് അല്ലാത്തതും

ഇതിനുള്ള മറുപടിയായി ജസ്റ്റിസ് ധൂലിയ പറഞ്ഞു: 'ഖുർആനിൽ വരുന്ന നിർദേശങ്ങളെല്ലാം പാലിക്കപ്പെടൽ നിർബന്ധം (ഫർദ്) ആണെന്നാണ് ഹർജിക്കാരുടെ വാദം. ഒരു കാര്യം ഫർദ് ആണോ അല്ലയോ എന്ന് നാം കോടതികൾ അല്ലല്ലോ തീരുമാനിക്കേണ്ടത്. ഹൈക്കോടതി എന്തിനാണ് അങ്ങനെയൊരു ദിശയിലേക്ക് പോയത്? അത് ശരിയല്ലല്ലോ!'

എസ്.ജി: 'വിശുദ്ധ ഗ്രന്ഥങ്ങളെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായം മാത്രം അടിസ്ഥാനമായി സ്വീകരിക്കാൻ കഴിയില്ല. അങ്ങനെ

ചെയ്യുന്നത് ചില സന്ദർഭങ്ങളിൽ കുറ്റകരമായി മാറിയേക്കാം. അതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ പരിശോധിക്കപ്പെടാനുള്ള അവസരങ്ങൾ കോടതികൾ ഒരുക്കുന്നത്. ചില രാജ്യങ്ങളിൽ സ്ത്രീകൾക്ക് വാഹനമോടിക്കാൻ അനുവാദമില്ല. ഞാൻ ഏതെങ്കിലും മതങ്ങളെ വിമർശിക്കാൻ വേണ്ടി പറയുന്നതല്ല. ഇറാനിലെ ഒരു വനിതാ പൈലറ്റിന് ജോലിസ്ഥലത്തേക്ക് പോകണമെങ്കിൽ വീട്ടിൽനിന്ന് അവളുടെ ഭർത്താവ് അവളെ കാറിൽ കൊണ്ടാക്കിക്കൊടുക്കണം.'

**ഇസ്‌ലാം കാര്യങ്ങളും ഹിജാബും**

ഇസ്‌ലാം കാര്യങ്ങളായി നേരത്തെ അഭിഭാഷകൻ പാഷ അഞ്ച് കാര്യങ്ങൾ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട് എന്ന് ജസ്റ്റിസ് ഗുപ്ത ചൂണ്ടിക്കാണിച്ചപ്പോൾ അവയിൽ ഹിജാബ് പെടില്ല എന്നായിരുന്നു എസ്.ജിയുടെ വാദം. ഈ സന്ദർഭത്തിൽ പാഷ കാര്യങ്ങൾ വിശദീകരിക്കാൻ ശ്രമിച്ചു. ഈമാൻ കാര്യങ്ങളും ഇസ്‌ലാം കാര്യങ്ങളും അദ്ദേഹം പറഞ്ഞുതുടങ്ങി. അതിനിടയിൽ ജസ്റ്റിസ് ഗുപ്ത ഇടപെട്ടുകൊണ്ട് പറഞ്ഞു: 'ഞാൻ ശിരോവസ്ത്ര വിഷയത്തിലെ കേരള ഹൈക്കോടതി വിധി വായിച്ചു. അതിൽ പറയുന്നത് ശിരോവസ്ത്രം ശരീഅത്ത് നിയമപ്രകാരം അനിവാര്യമായ ആചാരമാണ് എന്നാണ്. നാം ഇന്ത്യയിൽ കാര്യങ്ങൾ തീരുമാനിക്കുന്നത് ശരീഅത്ത് നിയമപ്രകാരമാണോ? എന്റെ റീഡിംഗ് ശരിയല്ലേ?' 'ചെയ്യുന്ന കാര്യങ്ങൾക്കെല്ലാം വിശ്വാസത്തിന്റെ അടിത്തറ ഉണ്ടാക്കാൻ സാധിച്ചേക്കാം. അങ്ങനെ വന്നാൽ നമ്മുടെ രാജ്യത്ത് എങ്ങനെ ഐക്യരൂപ്യമുണ്ടാക്കാൻ സാധിക്കും?' എസ്.ജി ചോദിച്ചു. അതിനു പ്രതികരണമായി പാഷ പറഞ്ഞത് ഇങ്ങനെയായിരുന്നു: 'ഇസ്‌ലാമിക കാര്യങ്ങൾ ക്ലിപ്തപ്പെടുത്തപ്പെടാതെ (മാഀ്ദുവീൗ)ചിതറിക്കിടക്കുകയാണ് എന്ന് കരുതരുത്. ഇസ്‌ലാമിൽ എല്ലാ കാര്യങ്ങളും കൃത്യമായി നിർവചിക്കപ്പെട്ടിട്ടുണ്ട്.'

**കൊലപാതകം എസൻഷ്യൽ ആകുമോ?**

കോടതിയുടെ സംശയങ്ങൾ ദൂരീകരിക്കത്തക്ക വിധമുള്ള ഒരു ഡോക്യുമെന്റ് താൻ തയ്യാറാക്കിയതായി അഡ്വ.ശംശാദ് ധരിപ്പിച്ചു. അവ കോടതിക്ക് കൈമാറാൻ ജസ്റ്റിസ് ഗുപ്ത ആവശ്യപ്പെടുകയും അത് നൽകുകയും ചെയ്തു. ഇവയെല്ലാം ക്വുർആനിന്റെ വ്യാഖ്യാനങ്ങൾ മാത്രമാണെന്നും അവയെ താൻ ബഹുമാനിക്കുന്നുണ്ടെങ്കിലും ഇതിനു പുറമെയും ക്വുർആനിന് വ്യാഖ്യാനങ്ങൾ ഉണ്ടെന്ന മറുപടിയാണ് എസ്.ജി നൽകിയത്. തുടർന്ന് എസ്.ജി ഒരു ഉദാഹരണം പറഞ്ഞു: 'ഒരാൾ എന്റെ സഹോദരനെ കൊലപ്പെടുത്തി എന്ന് കരുതുക. ഞാൻ പ്രതികാരം ചെയ്യാതെ എന്റെ സഹോദരന്റെ ആത്മാവിന് ശാന്തി ലഭിക്കില്ല എന്നതാണ് എന്റെ മതപരമായ വിശ്വാസം എന്ന് സങ്കൽപിക്കുക. ഈ സാഹചര്യത്തിൽ കൊലപാതകവും എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റിസ് ആവില്ലേ?'

> 'കോടതി ഇസ്‌ലാമിക പ്രമാണങ്ങളുടെ ഒറിജിനൽ ടെക്സ്റ്റിലേക്ക് പോകാതെ ഏതോ വിദ്യാർഥി എഴുതിവെച്ച ഗവേഷണ പ്രബന്ധത്തെയാണ് അടിസ്ഥാനമാക്കിയത്. ക്വുർആനിനെ ആധികാരികമായി വ്യാഖ്യാനിച്ച മറ്റുള്ളവർ നേരെ വിരുദ്ധമായ വിശദീകരണമാണ് നൽകിയിട്ടുള്ളത് എന്ന കാര്യം ഹൈക്കോടതി പരിശോധിച്ചില്ല.' കർണാടക ഹൈക്കോടതിയുടെ ക്വുർആൻ വ്യാഖ്യാന സമീപനം ഒഴിവാക്കാവുന്നതായിരുന്നുവെന്ന് സോളിസിറ്റർ ജനറൽ സമ്മതിച്ചു. മതപരമായ അവകാശത്തിനായി കോടതിയെ സമീപിക്കുമ്പോൾ കോടതി ഭരണഘടനാനുസൃതമായാണ് വിധി പറയേണ്ടതെന്ന് അദ്ദേഹം സമ്മതിച്ചു. എസ്.ജിയുടെ സമ്മതത്തെ കുറിച്ച് ഇതാണ് ഞാൻ മുഖവിലക്കെടുക്കുന്നത് എന്നായിരുന്നു ജസ്റ്റിസ് ധൂലിയയുടെ പ്രതികരണം.

**ഹൈക്കോടതിയുടെ നിരീക്ഷണം തെറ്റാണെന്ന് ധൂലിയ**

ഈ ചോദ്യത്തിന് മറുപടി പറയാതെ കർണാടക ഹൈക്കോടതിയുടെ ഇസ്‌ലാമിക പ്രമാണങ്ങളെ കൈകാര്യം ചെയ്ത രീതിയെ വിമർശിച്ചുകൊണ്ട് ജസ്റ്റിസ് ധൂലിയ പറഞ്ഞു: 'കോടതി ഇസ്‌ലാമിക പ്രമാണങ്ങളുടെ ഒറിജിനൽ ടെക്സ്റ്റിലേക്ക് പോകാതെ ഏതോ വിദ്യാർഥി എഴുതിവെച്ച ഗവേഷണ പ്രബന്ധത്തെയാണ് അടിസ്ഥാനമാക്കിയത്. ക്വുർആനിനെ ആധികാരികമായി വ്യാഖ്യാനിച്ച മറ്റുള്ളവർ നേരെ വിരുദ്ധമായ വിശദീകരണമാണ് നൽകിയിട്ടുള്ളത് എന്ന കാര്യം ഹൈക്കോടതി പരിശോധിച്ചില്ല.' കർണാടക ഹൈക്കോടതിയുടെ ക്വുർആൻ വ്യാഖ്യാന സമീപനം ഒഴിവാക്കാവുന്നതായിരുന്നുവെന്ന് സോളിസിറ്റർ ജനറൽ സമ്മതിച്ചു. മതപരമായ അവകാശത്തിനായി കോടതിയെ സമീപിക്കുമ്പോൾ കോടതി ഭരണഘടനാനുസൃതമായാണ് വിധി പറയേണ്ടതെന്ന് അദ്ദേഹം സമ്മതിച്ചു. എസ്.ജിയുടെ സമ്മതത്തെ കുറിച്ച് ഇതാണ് ഞാൻ മുഖവിലക്കെടുക്കുന്നത് എന്നായിരുന്നു ജസ്റ്റിസ് ധൂലിയയുടെ പ്രതികരണം. സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇതൊരു മതവിഷയമല്ല, മറിച്ച് ഇത് യൂണിഫോം വിഷയം മാത്രമാണ് എന്നുപറഞ്ഞുകൊണ്ടാണ് സോളിസിറ്റർ ജനറൽ സംസാരം അവസാനിപ്പിച്ചത്.

**അടുത്ത ലക്കത്തിൽ: കർണാടക അഡ്വക്കറ്റ് ജനറലിന്റെ വാദങ്ങൾ**

ലേഖനം



# ആകസ്മിക മരണങ്ങൾ അധികരിക്കുന്നത് എന്തുകൊണ്ട്?

ഡോ. ടി. കെ യൂസുഫ്
: 9349 798 262

ഹൃദയസ്തംഭനം കൊണ്ടും മസ്തിഷ്കാഘാതം കൊണ്ടും ആക്സമികമായി മരണം സംഭവിക്കുന്നവരുടെ എണ്ണം ഇപ്പോൾ നാൾക്കുനാൾ വർധിച്ചുവരികയാണ്. നബി(സ)യുടെ കാലത്ത് പെട്ടെന്നുള്ള മരണം അപൂർവ സംഭവമായിരുന്നു. രോഗലക്ഷണം പ്രകടമായി ഒരു മണിക്കൂറിനകം മരണപ്പെടുക എന്നതാണ് ആകസ്മിക മരണം എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ഹൃദയസ്തംഭനംകൊണ്ട് മരണപ്പെടുന്നവരിൽ അറുപത് ശതമാനം ആളുകളും മുമ്പ് രോഗലക്ഷണങ്ങളൊന്നും പ്രകടിപ്പിക്കാത്തവരാണ്. ഒരുപക്ഷേ, രോഗത്തിന്റെ ആദ്യലക്ഷണംതന്നെ മരണമാകുന്ന ഏക രോഗവും ഹൃദയാഘാതമായിരിക്കും.

നബി(സ) പറഞ്ഞു: "മരണം ആകസ്മികമായി സംഭവിക്കുന്നത് അന്ത്യദിനത്തിന്റെ അടയാളമാണ്" (ത്വബ്റാനി).

പലവിധ രോഗങ്ങൾകൊണ്ടും യുദ്ധം, അപകടം തുടങ്ങി മറ്റനേകം കാരണങ്ങൾ കൊണ്ടുമുള്ള മരണം പ്രവാചകന്റെ കാലത്തും ഉണ്ടായിരുന്നു. യുദ്ധത്തിൽ വെട്ടേറ്റ ഒരാൾ തൽസമയം മരിക്കാറുണ്ടെങ്കിലും അത് പെട്ടെന്നുള്ള മരണം എന്നതിന്റെ പട്ടികയിൽ പെടുകയില്ല. മറിച്ച്, കാഴ്ചയിൽ ആരോഗ്യമുള്ള ഒരു വ്യക്തി പെട്ടെന്ന് ഒരുദിവസം മരണപ്പെടുന്നതിനെയാണ് ആകസ്മിക മരണം എന്ന് പറയുന്നത്. എന്നാൽ ഇത്തരം ഒരു പ്രതിഭാസം പ്രവാചകന്റെ കാലത്ത് അസാധാരണമായിരുന്നു. ഒരു സ്വഹാബി പ്രവാചക സന്നിധിയിൽ വന്നിട്ട് പറഞ്ഞു: 'എന്റെ മാതാവ് വസ്വിയ്യത്ത് ചെയ്യാതെയാണ് മരിച്ചത്. ഞാൻ അവർക്കു വേണ്ടി ദാനം ചെയ്യട്ടെ?' അപ്പോൾ നബി(സ) പറഞ്ഞു: 'അതെ' (നസാഈ).

പ്രസ്തുത സ്വഹാബിയുടെ മാതാവ് ഒരുപക്ഷേ, പെട്ടെന്ന് മരിച്ചതായിരിക്കാം. അതുകൊണ്ടായിരിക്കാം വസ്വിയ്യത്ത് ചെയ്യാതിരുന്നത് എന്ന് നമുക്ക് അനുമാനിക്കാം. ഇതല്ലാതെ നബിയുടെ കാലത്തെ ആകസ്മിക മരണത്തെക്കുറിച്ച് ഹദീസുകളിൽ കൂടുതൽ പരാമർശങ്ങളൊന്നുമില്ല.

ആധുനിക വൈദ്യശാസ്ത്രം ഒരാളെ മരണത്തിലേക്ക് അടുപ്പിക്കുന്ന ഒട്ടേറെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ക്യാൻസർ മരണത്തിന് കാരണമാകുന്നുണ്ടെ

ങ്കിലും ദീർഘനാളത്തെ പീഡനങ്ങൾക്കൊടുവിലാണ് അത് ജീവൻ കവരുന്നത്. മുന്നറിയിപ്പില്ലാതെ പെട്ടെന്ന് സംഭവിക്കുന്ന മരണം ഒരുപക്ഷേ, ഹൃദയാഘാതത്തിന്റെ മാത്രം സവിശേഷതയായിരിക്കും. ഹൃദയാഘാതം കാരണം പ്രതിവർഷം മൂന്ന് ലക്ഷം പേർ അമേരിക്കയിൽ മാത്രം മരണപ്പെടുന്നുണ്ടെന്നാണ് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. സ്ത്രീകളെ അപേക്ഷിച്ച് മൂന്നിരട്ടിയിലധികം പുരുഷന്മാരുടെ ജീവൻ കവർന്നെടുക്കുന്ന ഈ രോഗത്തിന്റെ പിടിയിലകപ്പെടുന്നവരുടെ എണ്ണം ഇന്ന് ലോകവ്യാപകമായിത്തന്നെ വർധിച്ചുവരികയാണ്. ഹൃദ്രോഗ മരണനിരക്ക് കുറക്കുന്നതിനു വേണ്ടിയുള്ള ഗവേഷണങ്ങൾക്കായി അമേരിക്കയിലും മറ്റും മില്യൺ കണക്കിന് ഡോളറുകളാണ് ചെലവിടുന്നത്. എന്നിട്ടും ആകസ്മിക മരണത്തിന്റെ നിരക്ക് അധികമൊന്നും കുറക്കാൻ കഴിഞ്ഞിട്ടില്ല. പുകവലികാരണം ഹൃദ്രോഗസാധ്യത മൂന്നിരട്ടിവരെ വർധിക്കാനിടയുണ്ടെന്ന് വ്യാപകമായ ബോധവൽക്കരണമുണ്ടായിട്ടും ഈ ദുശ്ശീലം നിർമാർജനം ചെയ്യുന്നതിനോ അതുമൂലമുള്ള മരണനിരക്ക് കുറക്കാനോ കഴിഞ്ഞിട്ടില്ല. മാനസിക സമ്മർദവും പ്രമേഹവുമെല്ലാം പെട്ടെന്നുള്ള മരണത്തിന് നിമിത്തമാകുന്ന കാരണങ്ങൾ തന്നെയാണ്. അവയ്ക്കെല്ലാം ചികിത്സയുണ്ടെങ്കിലും അവമൂലം മരണപ്പെടുന്നവരുടെ എണ്ണവും വർധിച്ചുവരികതന്നെയാണ്.

ഒരാൾക്ക് ഒരിക്കൽ ഹൃദയാഘാതം സംഭവിച്ചതിനു ശേഷമായിരിക്കും ഡോക്ടർമാർ അയാൾക്ക് മുൻകരുതൽ മാർഗനിർദേശങ്ങൾ നൽകുക. ഹൃദ്രോഗിയോട് ഷുഗറും കൊളസ്ട്രോളും കുറക്കാൻ ആവശ്യപ്പെടാറുണ്ടെങ്കിലും പലർക്കും വീണ്ടും ആഘാതമുണ്ടാകുകയും അവർ അധികം താമസിയാതെ മരണപ്പെടുകയും ചെയ്യും. മുന്നറിയിപ്പില്ലാതെ വരുന്ന മരണത്തെ തടയാൻ

**ഹൃദ്രോഗ മരണനിരക്ക് കുറക്കുന്നതിനു വേണ്ടിയുള്ള ഗവേഷണങ്ങൾക്കായി അമേരിക്കയിലും മറ്റും മില്യൺ കണക്കിന് ഡോളറുകളാണ് ചെലവിടുന്നത്. എന്നിട്ടും ആകസ്മിക മരണത്തിന്റെ നിരക്ക് അധികമൊന്നും കുറക്കാൻ കഴിഞ്ഞിട്ടില്ല. പുകവലികാരണം ഹൃദ്രോഗസാധ്യത മൂന്നിരട്ടിവരെ വർധിക്കാനിടയുണ്ടെന്ന് വ്യാപകമായ ബോധവൽക്കരണമുണ്ടായിട്ടും ഈ ദുശ്ശീലം നിർമാർജനം ചെയ്യുന്നതിനോ അതുമൂലമുള്ള മരണനിരക്ക് കുറക്കാനോ കഴിഞ്ഞിട്ടില്ല. മാനസിക സമ്മർദവും പ്രമേഹവുമെല്ലാം പെട്ടെന്നുള്ള മരണത്തിന് നിമിത്തമാകുന്ന കാരണങ്ങൾ തന്നെയാണ്. അവയ്ക്കെല്ലാം ചികിത്സയുണ്ടെങ്കിലും അവ മൂലം മരണപ്പെടുന്നവരുടെ എണ്ണവും വർധിച്ചുവരികതന്നെയാണ്.**

വൈദ്യശാസ്ത്രത്തിൽ പ്രായോഗികമായ പ്രതിരോധമാർഗങ്ങളൊന്നുമില്ല. കഴിഞ്ഞ അമ്പതു വർഷത്തിനിടയിലാണ് ആകസ്മിക മരണത്തിന്റെ തോതിൽ ഗണ്യമായ വർധനവുണ്ടായത്. വൈദ്യശാസ്ത്രരംഗത്ത് അത്ഭുതകരമായ പുരോഗതി കൈവരിച്ച കഴിഞ്ഞ രണ്ട് ദശാബ്ദത്തിനിടയിലെ പഠന ഗവേഷണങ്ങൾ കൊണ്ടും കണ്ടുപിടുത്തങ്ങൾ കൊണ്ടും ഒട്ടേറെ രോഗങ്ങൾക്ക് തടയിടാനും പലതിനെയും പടിയിറക്കാനും കഴിഞ്ഞിട്ടുണ്ടെങ്കിലും ആകസ്മിക മരണനിരക്ക് കുറക്കാൻ കഴിഞ്ഞിട്ടില്ല. വരും കാലത്ത് ഇത് ഇനിയും അധികരിക്കാനാണ് സാധ്യത. പ്രവാചകന്റെ ഇതര പ്രവചനങ്ങൾ പോലെ ആകസ്മികമരണം അന്ത്യദിനത്തന്റെ അടയാളം എന്ന പ്രവചനവും സത്യമായി പുലർന്നുകൊണ്ടിരിക്കുകതന്നെയാണ്.

ആകസ്മിക മരണം ഖേദകരമാണ് എന്ന് സൂചിപ്പിക്കുന്ന ധാരാളം ഹദീസുകളുണ്ട്. ഒരിക്കൽ ആഇശ(റ) നബി(സ്വ)യോട് ആകസ്മിക മരണത്തെക്കുറിച്ച് ചോദിച്ചു. അപ്പോൾ നബി(സ്വ) പറഞ്ഞു: 'അത് വിശ്വാസിക്ക് വിശ്രമമാണ്. പാപിക്ക് സങ്കടകരവും' (അഹ്മദ്).

നബി(സ്വ) ആകസ്മിക മരണത്തിൽനിന്ന് രക്ഷതേടുകയും മരണത്തിനു മുമ്പ് രോഗം ബാധിക്കുന്നത് ഇഷ്ടപ്പെടുകയും ചെയ്തിരുന്നു എന്ന ഒരു ഹദീസുണ്ടെങ്കിലും അത് ദുർബലവും അടിസ്ഥാനരഹിതവുമാണ്. ആകസ്മിക മരണം അന്ത്യദിനത്തിന്റെ അടയാളമാണ് എന്ന് നിരവധി സ്വഹീഹായ ഹദീസുകളിൽ പ്രസ്താവിക്കുന്നുണ്ട്. അവയിൽ പരമ്പര അൽപം ദുർബലമായ ഒരു ഹദീസിൽ ആകസ്മിക മരണം സംഭവിക്കുന്നത് അന്ത്യദിനത്തിന്റെ അടയാളമാണ് എന്ന് പറയുന്നതിന് അനുബന്ധമായി പക്ഷാഘാതം വ്യാപകമായുണ്ടാകുന്നതും അന്ത്യദിനത്തിന്റെ അടയാളമാണ് എന്ന് പറയുന്നുണ്ട്. ആകസ്മികമരണം പോലെ മസ്തിഷ്ക്കാഘാതം ബാധിച്ച് ശരീരം കുഴയുന്ന അവസ്ഥയും ആധുനിക കാലത്ത് വർധികച്ചുവരികയാണ്. ആധുനിക വൈദ്യശാസത്രം ഒട്ടേറെ രോഗങ്ങൾക്ക് പ്രതിരോധ മാർഗങ്ങൾ കണ്ടെത്തിയിട്ടുണ്ടെങ്കിലും താരതമ്യേന ഭയാനകവും അപ്രതിരോധ്യവുമായിട്ടുള്ളത് ഹാർട്ട് അറ്റാക്ക്, ബ്രെയിൻ സ്ട്രോക്ക് എന്നീ രണ്ടു രോഗങ്ങൾ തന്നെയാണ്. ഈ രണ്ട് പ്രതിഭാസങ്ങളും അന്ത്യദിനത്തിന്റെ അടയാളമായി പ്രവാചകൻ എണ്ണിയ കാര്യവും ശ്രദ്ധേയമാണ്.

മനുഷ്യരിൽ ചിലർ അൽപകാലമോ അല്ലെങ്കിൽ അധികകാലമോ അസുഖമായി കിടന്നതിന്

ശേഷം സ്വാഭാവികമരണം വരിക്കുന്നു. മറ്റു ചിലർ രോഗലക്ഷണങ്ങളൊന്നും പ്രകടിപ്പിക്കാതെ ഒരുദിവസം പൊടുന്നനെ മരണമടയുന്നു. വേറെ ചിലരുടെ അന്ത്യം സംഭവിക്കുന്നത് അവിചാരിത അപകടങ്ങളിലൂടെയായിരിക്കും. എന്നാൽ സ്വാഭാവികമല്ലാത്ത മരണങ്ങളെ ഒരു വല്ലാത്ത സംഭവമായോ അല്ലെങ്കിൽ ദുർമരണമായിട്ടോ ആണ് പലരും വിലയിരുത്താറുള്ളത്.

ഒരാളുടെ മരണം എവിടെവെച്ച് സംഭവിക്കും എന്ന് അവന് അറിയില്ല എന്ന് ഖുർആൻ പറയുന്നുണ്ട്. ഏതെല്ലാം ആളുകളെ ഏതുരൂപത്തിലുള്ള മരണമാണ് പിടികൂടുക എന്നതിനെക്കുറിച്ച് വ്യക്തമായ പ്രതിപാദനമൊന്നുമില്ല. പാപികൾക്ക് സ്വാഭാവിക മരണവും പുണ്യവാന്മാർക്ക് അപകടമരണവും പ്രവാചകന്റെ കാലത്ത്പോലും സംഭവിച്ചിട്ടുണ്ട്. അൽപം സൂക്ഷ്മമായി വിലയിരുത്തുകയാണെങ്കിൽ സ്വാഭാവികമരണത്തെ അപേക്ഷിച്ച് ആകസ്മിക മരണത്തിനോ അല്ലെങ്കിൽ അപകടമരണത്തിനോ ആണ് കൂടുതൽ ശ്രേഷ്ഠത എന്ന്കാണാനാവും. നബി(സ്വ) പറഞ്ഞു: "ഒരു വിശ്വാസി നെറ്റിത്തടം വിയർത്തുകൊണ്ടല്ലാതെ മരിക്കുകയില്ല" (തുർമുദി).

ഈ ഹദീസിനെ പല രൂപത്തിൽ പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. ഒരു വിശ്വാസി മരണം വരെ കർമനിരതനായിരിക്കും എന്നതാണ് അതിലൊന്ന്. നെറ്റിയിലെ വിയർപ്പിനെ അധ്വാനത്തിന്റെ ഒരു ചിഹ്നമായിട്ടാണല്ലോ കാണുന്നത്. മരണത്തിന്റെ കാഠിന്യം കാരണം അവന്റെ നെറ്റിയിൽ വിയർപ്പ് പൊടിയും എന്നതാണ് മറ്റൊരു വ്യഖ്യാനം. രണ്ടാണെങ്കിലും ആകസ്മിക മരണത്തിനാണ് ഇത് ഊന്നൽ നൽകുന്നത്.


അപകടമരണത്തെ അപമൃത്യുവായി കാണുന്നവരും കുറവല്ല. ഹദീസുകൾ പരിശോധിക്കുകയാണെങ്കിൽ സ്വാഭാവിക മരണത്തെ അപേക്ഷിച്ച് അപകടമരണമാണ് കൂടുതൽ പുണ്യകരം എന്ന് കാണാനാവും. നബി(സ്വ) ചോദിച്ചു: 'നിങ്ങളിൽ ആരെയാണ് നിങ്ങൾ ശഹീദായി (രക്തസാക്ഷി) എണ്ണുന്നത്?' അവർ പറഞ്ഞു: 'ആരെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടാൽ അവൻ രക്തസാക്ഷിയാണ്.' അപ്പോൾ നബി (സ്വ) പറഞ്ഞു: 'എങ്കിൽ എന്റെ സമുദായത്തിൽ രക്തസാക്ഷികൾ കുറവായിരിക്കും.' അപ്പോൾ അവർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, അവർ ആരാണ്?' നബി(സ്വ) പറഞ്ഞു: 'ആരെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടാൽ അവൻ രക്തസാക്ഷിയാണ്. ആരെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ മരിച്ചാൽ അവൻ രക്തസാക്ഷിയാണ്. ആരെങ്കിലും ഉദരരോഗം കൊണ്ട് മരിച്ചാൽ അവൻ

**പ്രവാചകന്റെ കാലത്ത് സംഭവിക്കാനിടയുണ്ടായിരുന്ന അപകടമരണങ്ങളെല്ലാം രക്തസാക്ഷിത്വത്തിന്റെ പട്ടികയിൽ ഉൾപെട്ടതായാണ് ഹദീസുകൾ വ്യക്തമാക്കുന്നത്. കെട്ടിടം തകർന്നതിനടിയിൽപെട്ട് മരണമടഞ്ഞവനെയും വെള്ളത്തിൽ മുങ്ങിമരിച്ചവനെയും രക്തസാക്ഷിയുടെ കൂട്ടത്തിൽ പ്രവാചകൻ ഉൾപെടുത്തിയ സ്ഥിതിക്ക് ആധുനികകാലത്ത് വ്യാപകമായി സംഭവിച്ചുകൊണ്ടിരിക്കുന്ന വാഹനാപകടമരണം അതിൽ ഉൾപെട്ടേക്കാം- അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ. ഇനി ഇത്തരം അപകട മരണങ്ങൾക്ക് രക്തസാക്ഷിത്വത്തിന്റെ പ്രതിഫലം ലഭിച്ചില്ലെങ്കിലും, അപകട മരണങ്ങൾ ദുർമരണമാണ് എന്ന ധാരണക്ക് യാതൊരു അടിസ്ഥാനവുമില്ല.**

രക്തസാക്ഷിയാണ്. ആരെങ്കിലും മുങ്ങിമരിച്ചാൽ അവൻ രക്തസാക്ഷിയാണ്' (മുസ്‌ലിം).

മറ്റൊരു ഹദീസിൽ നബി(സ്വ) പറഞ്ഞു: '...രക്തസാക്ഷികൾ അഞ്ചാണ്: പ്ലേഗ് ബാധിച്ച് മരിച്ചവൻ, ഉദരരോഗംകൊണ്ട് മരിച്ചവൻ, മുങ്ങിമരിച്ചവൻ, കെട്ടിടം തകർന്ന് മരിച്ചവൻ, അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവൻ' (ബുഖാരി).

പ്രവാചകന്റെ കാലത്ത് സംഭവിക്കാനിടയുണ്ടായിരുന്ന അപകടമരണങ്ങളെല്ലാം രക്തസാക്ഷിത്വത്തിന്റെ പട്ടികയിൽ ഉൾപെട്ടതായാണ് ഹദീസുകൾ വ്യക്തമാക്കുന്നത്. കെട്ടിടം തകർന്നതിനടിയിൽപെട്ട് മരണമടഞ്ഞവനെയും വെള്ളത്തിൽ മുങ്ങിമരിച്ചവനെയും രക്തസാക്ഷിയുടെ കൂട്ടത്തിൽ പ്രവാചകൻ ഉൾപെടുത്തിയ സ്ഥിതിക്ക് ആധുനികകാലത്ത് വ്യാപകമായി സംഭവിച്ചുകൊണ്ടിരിക്കുന്ന വാഹനാപകടമരണം അതിൽ ഉൾപെട്ടേക്കാം- അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ. ഇനി ഇത്തരം അപകട മരണങ്ങൾക്ക് രക്തസാക്ഷിത്വത്തിന്റെ പ്രതിഫലം ലഭിച്ചില്ലെങ്കിലും, അപകട മരണങ്ങൾ ദുർമരണമാണ് എന്ന ധാരണക്ക് യാതൊരു അടിസ്ഥാനവുമില്ല. നല്ല ആളുകളുടെയും ചീത്ത ആളുകളുടെയും ആത്മാവുകളെ മലക്കുകൾ പിടിക്കുന്ന രൂപം ഹദീസുകൾ വ്യക്തമാക്കുന്നുണ്ട്. മരണപ്പെടുന്നവൻ അനുഭവിക്കുന്ന ആത്മനിർവൃതിയും ആത്മവേദനയും അവയിൽ വിവരിക്കുന്നതായി കാണാം. സജ്ജനങ്ങൾക്ക് മരണസമയത്ത് അല്ലാഹുവിന്റെ മലക്കുകളുടെ ആശീർവാദമുണ്ടാകുമെന്ന് ഖുർആനും പറയുന്നുണ്ട്. സ്വാഭാവിക മരണത്തിലും ആകസ്മിക മരണത്തിലും അപകട മരണത്തിലുമെല്ലാം ഇവ ലഭ്യമാകും. അതുപോലെ ദുർജനങ്ങൾക്ക് മലക്കുകളുടെ ദണ്ഡനവും സഹിക്കേണ്ടിവരും. ഇതെല്ലാം മരണപ്പെടുന്നവർക്ക് മാത്രം അനുവഭപ്പെടുന്നതായിരിക്കും. ■




നീണ്ടകഥ

# പൊഴിയുന്ന പുണ്യങ്ങൾ 3

ഷാസിയ നസ്‌ലി
വിവ: ഇബ്‌നു അലി എടത്തനാട്ടുകര

പിറ്റേന്ന് ഏറെ നേരത്തെ തിരച്ചിലിനൊടുവിൽ ഹാരിസ് തൻസാറിനെ കമ്പ്യൂട്ടർ മുറിയിൽ കണ്ടെത്തി. അവൻ ഇന്റർനെറ്റിന്റെ ലോകത്തിലായിരുന്നു.

“ഹലോ! അസ്സലാമു അലൈക്കും കമ്പ്യൂട്ടർ വൈറസേ...” ഹാരിസ് കളിയാക്കി.

“വഅലൈക്കുമുസ്സലാം. നീ എന്താ ഇവിടെ?”- തൻസാറിന്റെ ചോദ്യം.

“നിന്നെ തിരയുകയായിരുന്നു”-ഹാരിസ്.

“മൽസരത്തിനുള്ള പ്രൊജക്ട് വർക്ക് പൂർത്തിയാക്കാൻ നിനക്ക് ടെക്നോളജി റൂമിൽ പോയിക്കൂടേ?”- തൻസാർ.

“ഞാനത് പൂർത്തിയാക്കും. ധാരാളം സമയമുണ്ടല്ലോ. ഉച്ചഭക്ഷ നേരത്ത് അതിന് സമയം കളയാതെ സ്‌കൂളിന് ശേഷം സമയം കണ്ടെത്തണമെന്നേയുള്ളൂ”-ഹാരിസ് പറഞ്ഞു.

“നീയത് ആസ്വദിക്കുന്നുണ്ടെന്നും പുരോഗതിയുണ്ടെന്നുമാണ് ഞാൻ കരുതിയത്.”

“ഞാനത് ആസ്വദിക്കുന്നുണ്ട്. നന്നായി ചെയ്യുകയും ചെയ്യുന്നുണ്ട്”-ഹാരിസ്.

“പിന്നെയെന്താണ് മാറിയത്?”-കമ്പ്യൂട്ടർ സ്‌ക്രീനിൽനിന്ന് മിഴിയുയർത്താതെ തൻസാർ ചോദിച്ചു.

“നമസ്‌കാര സമയം...” ഹാരിസിന്റെ മറുപടി.

“നിനക്കെന്തുക്കൊണ്ട് പിന്നീട് ഒറ്റക്ക് നമസ്‌കരിച്ചുകൂടാ? അങ്ങനെയാണെങ്കിൽ നിന്റെ പ്രോജക്ടിന് അധികസമയം കണ്ടെത്താനാകും. നിനക്ക് ജയിക്കേണ്ടേ?”-തൻസാറിന്റെ ചോദ്യം.

“എനിക്ക് ജയിക്കണം. പക്ഷേ, യാതൊരു കാരണവശാലും ഞാൻ ഒറ്റക്ക് നമസ്‌കരിക്കില്ല. ജമാഅത്ത് നമസ്‌കാരത്തിന് ഏറെ പ്രതിഫലമുണ്ട്. അതിലുപരി ഞാനത് ആസ്വദിക്കുന്നു. സ്‌കൂൾ കഴിഞ്ഞ് ഒരുപാട് നേരം എനിക്ക് ലഭിക്കും. ഞാനൊരിക്കലുമൊന്നും നഷ്ടപ്പെടുത്തില്ല.”

തൻസാറിന്റെ വിരലുകൾ കമ്പ്യൂട്ടർ കീബോർഡിൽനിന്നുയർന്നു. ഹാരിസ് പറഞ്ഞതാണ് ശരി. പക്ഷേ, കമ്പ്യൂട്ടർ ഉപേക്ഷിച്ച് തൻസാർ ജമാഅത്തിന് പോകുമോ?

“ശരി ഞാൻ പോകട്ടെ. ഫഹദ് സാർ സ്‌പെഷ്യൽ അസംബ്ലി വിളിക്കുന്ന കാര്യം അറിഞ്ഞില്ലേ”- ഹാരിസ്.

“എന്തിനെക്കുറിച്ചാണ്?”

“ജമാഅത്ത് നമസ്‌കാരത്തെ കുറിച്ചാണെന്ന് തോന്നുന്നു.”

ഒരുപാടൊരുപാട് പ്രതിഫലം തൻസാറിന് നഷ്ടപ്പെടുന്നുവെന്ന് അവനറിയാഞ്ഞിട്ടല്ല. ഫുട്‌ബോളിനോടും കമ്പ്യൂട്ടറിനോടുമുള്ള അവന്റെ പ്രേമം അവനെ ആശയക്കുഴപ്പത്തിലാക്കി അവന്റെ പ്രതിഫലം നഷ്ടപ്പെടുത്തുന്നുവെന്നതാണ് സത്യം.

അന്ന് വൈകുന്നേരം ഹാളിൽ വിദ്യാർഥികളെ ഒരുമിച്ച് കൂട്ടി ഫഹദ് സാർ ജുമുഅ നമസ്‌കാരത്തെ കുറിച്ച് സംസാരിച്ചു: “ജുമുഅ നമസ്‌കാരത്തിൽ നിങ്ങൾ പങ്കെടുക്കുന്നതിൽ എനിക്ക് എന്തുമാത്രം സന്തോഷമുണ്ടെന്ന് അറിയിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കട്ടെ. എന്നാൽ ഇതിനായി നിങ്ങളിൽ ചിലർക്കെങ്കിലും ഇഷ്ടവിനോദങ്ങളും പ്രവർത്തനങ്ങളും ഉപയോഗിക്കേണ്ടി വരുന്നതിൽ വിഷമമുണ്ടെന്നും എനിക്കറിയാം. എന്നാൽ അല്ലാഹു ഉദ്ദേശിച്ചാൽ നിങ്ങളുടെ പ്രയത്‌നങ്ങൾക്കും കഠിന പരിശ്രമത്തിനും പ്രതിഫലം ലഭിക്കും. നന്നായി കുട്ടികളേ... ഈ സൽകർമം നിലനിർത്തുക.”

സന്ന സഹോദരനൊരു പുഞ്ചിരി സമ്മാനിച്ചു. തന്റെ അവഗണനയിൽ തൻസാറിന് കുറ്റബോധം തോന്നി. എന്നാൽ അവൻ ആശ്വസിച്ചു. താൻ നമസ്‌കാരം ഉപേക്ഷിക്കുന്നില്ല. വൈകിയാണെങ്കിലും ഒറ്റക്ക് നമസ്‌കരിക്കുന്നുണ്ടല്ലോ.

**(തുടരും)**




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
04 FEBRUARY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

